O32:xM7 H7;2

DALANGAL

THAMBURAN

O32:xM7
H7;2

032 ixM7 H7.2
THAMBURAN (P)
DALANGAL
221886
221886
MUL
221886
MADRAS-24.

**Madras University Librar**

DOCTRINA VIM PROMOVET INSITAM

Call Number 032:xM7 H7

Accession Number 221886

Available for loan from

This book should be returned on or
the date last marked below.

O. 61

# ദളങ്ങൾ

Dalangal

157

UNIVERSITY LIBRARY
26 NOV 1964
MADRAS

ഗ്രന്ഥകർത്താ

മഹാമഹിമശ്രീ പരീക്ഷിത്തു തമ്പുരാൻ

തിരുമനസ്സുകൊണ്ടു്

Pareekshath Thamburan Ed.

പ്രസാധകൻ

സാഹിത്യകുശലൻ ഏ. ഡി. ഹരിശർമ്മ

എം. ആർ. ഏ. എസ്സ്

NATIONAL BOOK STALL * BR. KOTTAYAM *
SPCS LTD.

A.D. Harisarma

Univ. Grants Commission

[വില 12 ണ.

Rs 0/75

ഒന്നാം പതിപ്പ്

THE DECCAN PRINTING HOUSE, ERNAKULAM.

221886

032:xM7
H7;2

1123 മിഥുനം

# മുഖവുര

"പരീക്ഷിത്തു തമ്പുരാൻ" എന്ന പേരിൽ സുപ്രസിദ്ധനായി ഇപ്പോൾ നാടുവാണരുളുന്ന മഹാമഹിമോന്നത ശ്രീ ശ്രീ രാമവൎമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു് പല അവസരങ്ങളിലായി ചില മാസികകളിൽ പ്രസിദ്ധീകരിച്ച ഏതാനും ഗദ്യപദ്യപ്രബന്ധങ്ങളാണു് ഇതിലെ ഉള്ളടക്കം. വിജ്ഞേയങ്ങളും വിശിഷ്ടങ്ങളുമായ ആ പ്രബന്ധങ്ങൾ മാസികകളുടെ ഏടുകളിൽക്കിടന്നു നാമാവശേഷമായിപ്പോകേണ്ടവയല്ലെന്നു തോന്നിയതിനാൽ, അവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി ഈ എളിയ സാഹിതീദാസൻ ഏകദേശം ഒരു കൊല്ലത്തിനു മുൻപു തിരുമനസ്സിനോടപേക്ഷിക്കയുണ്ടായി. നിൎബ്ബന്ധപൂൎവ്വമായ ആ അപേക്ഷ ഒടുവിൽ സകരുണം അനുവദിക്കപ്പെടുകയും ചെയ്തു. പ്രബന്ധങ്ങളടങ്ങിയ മാസികാലക്കങ്ങൾ തിരഞ്ഞു കണ്ടുപിടിക്കുന്നതിനു് ഏതാനും മാസത്തെ കാലതാമസം നേരിട്ടു. പുസ്തകത്തിൻെറ അച്ചടി തുടങ്ങീട്ടും അഞ്ചാറുമാസമായി. അപരിഹരണീയമായ ചില കാരണങ്ങളാൽ പുസ്തകം തയ്യാറാകുന്നതിനു് ഇത്രയും താമസം വേണ്ടിവന്നു. ഇതാണു് 'ദളങ്ങ'ളുടെ ആവിൎഭാവചരിത്രം.

കൊച്ചി രാജകുടുംബം ഭാഷാപോഷണ വിഷയത്തിൽ കാണിച്ചുവരുന്ന തൽപരത സുപ്രസിദ്ധമാണു്.

ഇവിടത്തെ പല മഹാരാജാക്കന്മാരും ഇക്കാൎയ്യത്തിൽ മാൎഗ്ഗദൎശികളുടെ നിലയിൽ പലതും പ്രവൎത്തിച്ചിട്ടുണ്ടെന്നു ചരിത്രം ഘോഷിക്കുന്നു. അക്കൂട്ടത്തിൽ, ഗ്രഹങ്ങളുടെ മദ്ധ്യേ ഭാസ്കരനെന്നപോലെയാണ് ഇന്നത്തെ മഹാരാജാവു തിരുമനസ്സിലെ നില. ഈ മുഖവുരയെത്തുടൎന്ന് പ്രസ്തുതപുസ്തകത്തിൽ ചേൎത്തിട്ടുള്ള രണ്ടു ലേഖനങ്ങൾ ആ പരമാൎത്ഥത്തെ നിസ്സംശയം തെളിയിക്കുന്നതാണ്.

സംക്ഷിപ്തമായ ഈ മുഖവുരയോടുകൂടി ‘ദളങ്ങൾ’ സഹൃദയന്മാരുടെ മുമ്പിൽ സാദരം സമൎപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ.

# കൊച്ചി മഹാരാജാക്കന്മാരും
# ഭാഷാപോഷണവും *

സാഹിത്യപ്രണയം രണ്ടുതരത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്: പ്രവൃത്തിരൂപത്തിലും പ്രോത്സാഹനരൂപത്തിലും. കൊച്ചിയിലെ മഹാരാജാക്കന്മാരിൽ പലരും ഈ രണ്ടു വിധത്തിലും ഭാഷയെ പോഷിപ്പിച്ചിട്ടുള്ളവരാണ്. ദേധാ പണ്ഡിതരാജന്മാരായ അനേകം മഹാന്മാർ ഈ വംശത്തിലുണ്ടായിട്ടുണ്ട്. പണ്ഡിതപ്രകാണ്ഡങ്ങളും പണ്ഡിതപാരിജാതങ്ങളും, കവികോകിലങ്ങളും കവിചകോരചന്ദ്രന്മാരും, അക്കൂട്ടത്തിലുണ്ടെന്നു സൂക്ഷിച്ചു നോക്കിയാൽ കാണാം. എല്ലാവരെപ്പററിയുമുള്ള വിശദവിവരണത്തിനല്ല; ഒരു ദിങ്മാത്രദർശനത്തിനാണ്, ഈ സംക്ഷിപ്തലേഖനം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

---

* ഉദ്ദേശം എട്ടുപത്തു കൊല്ലങ്ങൾക്കു മുൻപ് ഞാൻ 'നസ്രാണിദീപിക'യിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനമാണിത്. അതിനുശേഷം, 1121-ൽ തീപ്പെട്ട രവിവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു നടത്തിയ ബിരുദദാനത്തെപ്പററിയും മററും ലേഖനത്തിൽ ഒന്നും പറഞ്ഞു കാണാത്തതു് അതുകൊണ്ടാണ്.

പ്രസാധകൻ

740-മുതൽ 776 വരെ രാജ്യഭാരം ചെയ്ത രാമവർമ്മമഹാരാജാവ് — കാശിക്കെഴുന്നെള്ളിയ തമ്പുരാൻ — വിപുലമായ ഒരു വിദ്വത്സദസ്സിൻെറ അധിരാജത്വംകൂടി വഹിച്ചിരുന്നു. രാസക്രീഡ എന്ന മനോഹരമായ ഒരു മണിപ്രവാളകാവ്യം ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. തിരുവള്ളുവരുടെ തിരുക്കുറൾ മലയാളത്തിലേയ്ക്കു തർജ്ജമ ചെയ്യിച്ചതും ഈ മഹാരാജാവു തന്നെയാകുന്നു.

മൂക്കോല നീലകണ്ഠൻ നമ്പൂതിരി, മഴമംഗലത്തു നാരായണൻ നമ്പൂതിരി, മൂലാണ്ഡം ബാലകവി മുതലായ കവികോകിലങ്ങൾ പ്രസ്തുതമഹാരാജാവിൻെറ വിദ്വത്സദസ്സിനെ അലങ്കരിച്ചിരുന്ന പണ്ഡിതവരേണ്യന്മാരത്രെ. മഴമംഗലത്തു നമ്പൂതിരി ഈ രാമവർമ്മമഹാരാജാവിനെ നായകനാക്കിക്കല്പിച്ചുകൊണ്ടാണ് 'രാജരത്നാവലീയം' ചമ്പു നിർമ്മിച്ചിട്ടുള്ളതു്.

"സാമർത്ഥ്യാദയമാർന്നനാളിലതിവേലം വേദശാസ്ത്രാന്തര-
ശ്രീമല്ലക്ഷണ കാവ്യനാടകകലാ വിജ്ഞാനപാരീണധീഃ
ഓമൽപ്പൂമകൾതൻ വിലോചനകലാമാലാമണിഞ്ഞു ഴീതൻ-
ക്ഷേമത്തിന്നുദയൽപ്രഭാവമഹിമാ ശ്രീരാമവർമ്മാ ബഭൗ"

എന്നു തുടങ്ങിയ പദ്യങ്ങൾ ഈ നായകനെ വർണ്ണിക്കുന്നവയാണ്. മൂലാണ്ഡം ബാലകവി 'രത്നകേതൂദയം' 'രാമവർമ്മവിലാസം' എന്ന രണ്ടു നാടകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 'രത്നകേതൂദയ'ത്തിൽ കവി തൻെറ സ്വാമിയെ വർണ്ണിച്ചിട്ടുള്ളതു നോക്കുക:—

'തത്തൽപ്രത്യർത്ഥിപൃഥ്വീപതിദൃഢമകുടീനൂതനരത്നപ്രദീപ-
ശ്രേണീനീരാജനോജ്ജ്വലപാദവിദിതപ്രാജ്യസാമ്രാജ്യസാരഃ
സർവ്വാന്തർവ്വാണിചിന്താമണിരയമരണിർന്നിസ്തുലക്ഷത്രധാമ്നോ
ദിഷ്ട്യാ ദൃഷ്ടഃ പുരസ്താദ്രവികുലതിലകോ രാമവർമ്മക്ഷിതീന്ദ്രഃ'

"വിദ്യാകൈരവിണീശശാങ്ക! വിജയശ്രീകല്പവല്ലീനവാ-
രാമ! സ്വച്ഛയശച്ഛടാസുരനദീസ്രോതസ്തുഷാരാചല!
സൗന്ദര്യദ്രവിണൗഘകോശവസ്തേ! സൗജന്യരത്നാംബുധേ!
ധീരാഗ്രേസര! രാമവർമ്മനൃപതേ! ജീയാസ്സഹസ്രം സമാഃ"

പ്രസ്തുത നാടകം തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ ഉത്സവത്തിന് അഭിനയിക്കുവാനായി ഉണ്ടാക്കിയതാണെന്നാണ് അതിന്റെ പ്രസ്താവനയിൽനിന്നു മനസ്സിലാകുന്നതു്. നാടകനിർമ്മാണത്തിനു കഥാവസ്തു നിർദ്ദേശിച്ചുകൊടുത്തതും നാടകത്തിനു നാമനിർദ്ദേശം ചെയ്തതും രാമവർമ്മമഹാരാജാവുതന്നെയാണെന്നു കവി സമ്മതിച്ചു പറയുന്നുണ്ടു്. 'രാമവർമ്മവിലാസം' നിർമ്മിച്ചതു് വടക്കുന്നാഥക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തിന് അഭിനയിക്കുന്നതിനുവേണ്ടിയാണത്രെ. രാമവർമ്മമഹാരാജാവുതന്നെയാണ് അതിലെ നായകൻ. "ദിനകരകുലജന്മാ നായകോ രാമവർമ്മാ" എന്നു തുടങ്ങി മഹാരാജാവിനെ വർണ്ണിക്കുന്ന പല ഭാഗങ്ങളും ഈ നാടകത്തിലുണ്ടു്. ഈ രണ്ടു നാടകങ്ങളും ശ്രദ്ധിച്ചു പഠിക്കുന്നവർക്കു ബാലകവി തന്റെ സ്വാമിയായ രാമവർമ്മമഹാരാജാവിന്റെ പേരിൽ എത്രമാത്രം ഭക്തനും കൃതജ്ഞനുമായിരുന്നുവെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും.

ഈ മഹാരാജാവിനെത്തുടന്ന് 776-ൽ സിംഹാസനാരോഹണംചെയ്ത്, 790-വരെ നാടുവാണിരുന്ന വീരകേരളവമ്മമഹാരാജാവും ഒരു പണ്ഡിതപാരിജാതംതന്നെയായിരുന്നു. തെങ്കൈലനാഥോദയം, ചെല്ലൂർനാഥോദയം, നാരായണീയം എന്നീ ചമ്പൂപ്രബന്ധങ്ങളുടെ കത്താവായ നീലകണ്ഠകവി ഈ മഹാരാജാവിൻെറ ഒരാശ്രിതനായിരുന്നു. മഹാരാജാവിൻെറ കല്പനപ്രകാരമാണ് കവി തെങ്കൈലനാഥോദയം നിമ്മിച്ചതെന്ന് താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽനിന്നു വെളിവാകുന്നു:—

'വിദ്യാവല്ലഭ! നീലകണ്ഠസുകവേ! ചെല്ലൂരനാഥോദയം
ചിത്രം പണ്ടു കൃതം പുനശ്ച രചിതം നാരായണീയം ത്വയാ
അദ്യൈവാരഭതാം ഗിരാ മമ ഭവാൻ തെങ്കൈലനാഥോദയ-
പ്രത്യുഗ്രാഖ്യകലന്ന ബന്ധുരഗുണം ബന്ധും പ്രബന്ധോത്തമം'

പണ്ഡിതമൂദ്ധന്യനും കവികുലോത്തംസവുമായ മേൽപ്പുത്തൂർ നാരായണഭട്ടതിരിയും പ്രസ്തുത മഹാരാജാവിൻെറ പ്രീതിക്കു പാത്രമായിരുന്നു. ഭട്ടതിരിയുടെ 'മാടമഹാരാജപ്രശസ്തി'യിൽ ഈ വീരകേരളവമ്മ മഹാരാജാവിനെയാണ് വണ്ണിച്ചിട്ടുള്ളത്. ആ കവിശ്രേഷ്ഠൻെറ തൻെറ സ്വാമിയുടെ പേരിലുള്ള ഭക്തിബഹുമാനങ്ങരം നിസ്സീമങ്ങളായിരുന്നുവെന്നു പ്രസ്തുത 'പ്രശസ്തി'യിൽനിന്നു മനസ്സിലാക്കാം. കൊച്ചിയേയും തദധിപനായ വീരകേരളവമ്മ മഹാരാജാവിനേയും വണ്ണിച്ചുകൊണ്ട് കവി എഴുതിയിട്ടുള്ള ദീഘദീഘമായ 'ഗദ്യം' ഇങ്ങനെയാണ് അവസാനിക്കുന്നത്:—

"ക്ഷീരാംബുരാശിരിവ അനന്തഭോഗസുഖിതപുരുഷോത്തമനിഷേവിതഃ, യദുവംശ ഇവ ശൌര്യാലംബനോഗ്രസേനാശ്രിതഃ, ഹേഹയ ഇവ കൃതവീര്യസംഭവാർജ്ജുനയശോവിഭൂഷിതഃ, ദനുജസംഘ ഇവ കാവ്യദർശനോത്സുകഃ, സകലകുലഗിരിഫണിരാജദിഗന്തസിന്ധുരധുരന്ധരനിജഭുജസമ്പദുഢക്ഷിതിഭരോ മാടക്ഷിതിപവരോ വീരകേരളനാമാ വിജയതേ."

അതുപോലെതന്നെ,

'ദ്യാമാരോഹതി ഭൂപതേ തവ യശോജാലേ മൃണാളാവലീ–
ശങ്കാസങ്കുലിതാ വലന്തി പരിതോ ഗംഗാം മരാളാംഗനാഃ
ആലിമ്പന്തി കുചേ നിലിമ്പമഹിളാഃ കാശ്മീർ പടീരഭ്രമാ–
ദന്യാ ഹന്ത വഹന്തി കുന്തളഭരേ മന്ദാരമാലാധിയാ'

എന്നു തുടങ്ങിയുള്ള സുപ്രസിദ്ധപദ്യങ്ങളും പ്രസ്തുത മാടരാജപ്രശസ്തിയിലുള്ളവയത്രെ.

897–മുതൽ 906 വരെ രാജ്യഭാരം ചെയ്ത രവിവർമ്മമഹാരാജാവ് വേദാന്താചാര്യനെന്ന പണ്ഡിതപ്രവരൻെറ പുരസ്കർത്താവായിരുന്നു. ഈ മഹാരാജാവിൻെറ ആജ്ഞപ്രകാരമാണ് ആചാര്യർ കാവ്യപ്രകാശത്തിന് ഒരു വ്യാഖ്യാനം നിർമ്മിച്ചതു്. 'രവിരാജയശോഭൂഷണം' എന്ന പേരിൽ അറിയപ്പെടുന്ന ആ വ്യാഖ്യാനത്തിൽ രവിവർമ്മമഹാരാജാവിൻെറ അപദാനങ്ങളെ അധികരിച്ച് ഉദാഹരണരൂപത്തിൽ പല പദ്യങ്ങളും ആചാര്യൻ എഴുതിച്ചേർത്തിട്ടുണ്ടു്. ഒരു പദ്യം താഴെ ഉദ്ധരിക്കാം.

സാരോ ഭൂചക്രവാളേ സകലഹിതകരഃ കേരളോ നാമ ദേശഃ
തത്രാപ്യാദേശഭൃതാ വലരിപുനഗരസ്യേവ കൊച്ചീപുരീയം
തസ്യാം രാജന്യവംശോ രഘുയദുകുലയോസ്സാധുസബ്രഹ്മചാരീ
തസ്മിന്നാശ്ചര്യചര്യോ ജയതി രവിനൃപസ്തത്ര സൽപക്ഷപാതഃ

എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാര്യർ മുതലായ കവികുലോത്തംസങ്ങളും കൊച്ചി മഹാരാജാക്കന്മാരുടെ പ്രോത്സാഹനത്തിനു പാത്രീഭൂതരായിട്ടുണ്ടെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. 921-ൽ തീപ്പെട്ട മഹാരാജാവു തിരുമനസ്സുകൊണ്ടു് പറക്കംകൂത്തു കഴിപ്പിച്ച അവസരത്തിൽ ചരടുപിടിച്ചതു് കുഞ്ചൻനമ്പ്യാരാണെന്നാണ് പറയപ്പെടുന്നതു്. അന്നു കൊച്ചി വലിയമ്മത്തമ്പുരാൻ ആവശ്യപ്പെട്ടതനുസരിച്ചാണ് നമ്പ്യാർ 'രുഗ്മിണീസ്വയംവരം പത്തുവൃത്തം' ഉണ്ടാക്കിയതെന്നു ചിലർ പറയുന്നുണ്ടു്. തൃപ്പൂണിത്തുറയപ്പൻ, പഴയന്നൂർ ഭഗവതി, വടക്കുന്നാഥൻ മുതലായ പരദൈവങ്ങളെ പ്രാർത്ഥിച്ചുകൊണ്ടു് ഉണ്ണായിവാര്യർ എഴുതിയിട്ടുള്ള ചില പദ്യങ്ങൾ തൃപ്പൂണിത്തുറ ഈടുവെപ്പിലുള്ള ഒരു നളചരിതം ഗ്രന്ഥത്തിൽ കാണുന്നതുകൊണ്ടു്, ആ കവി അന്നത്തെ കൊച്ചിമഹാരാജാവിന്റെ പ്രീതിക്കു പാത്രമായിരുന്നു എന്നു് ഊഹിക്കുന്നതിൽ അബദ്ധമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല.

936-മുതൽ 951-വരെ രാജ്യം ഭരിച്ചിരുന്ന വീരകേരളവർമ്മ മഹാരാജാവിന്റെ നിർദ്ദേശപ്രകാരമാണ് കലക്കത്തു രാഘവൻനമ്പ്യാർ ശാകുന്തളം ആട്ടക്കഥ

നിൎമ്മിച്ചിട്ടുള്ളതെന്നു തെളിയിക്കുന്നതിനു വേണ്ട രേഖകൾ ഇപ്പോൾ ലഭിച്ചു കഴിഞ്ഞിട്ടുണ്ടു്. 984-ൽ വെള്ളാരപ്പിള്ളിയിൽവെച്ചു തീപ്പെട്ട രാമവൎമ്മ മഹാരാജാവു സുന്ദരകാണ്ഡംവരെയുള്ള രാമായണം പാന, കൃഷ്ണാവതാരം, എന്നിത്യാദി ചില കാവ്യങ്ങളും അഹല്യാമോക്ഷം, വ്യാസാവതാരം, വാമനമാഹാത്മ്യം മുതലായ ചില ആട്ടക്കഥകളും എഴുതി ഭാഷയെ അനുഗ്രഹിച്ച ഒരു സഹൃദയാഗ്രണിയായിരുന്നു.

'സത്യവതീതനയൻ ജഗന്നാഥൻ
സത്യമൂൎത്തി മുനികുലശേഖരൻ
തൃപ്പൂണിത്തുറ മേവുന്ന മാധവ-
നെപ്പൊഴും മമ ചിത്തേ വിളങ്ങണം'

എന്നാരംഭിക്കുന്ന രാമായണം പാന അതിമനോഹരമായ ഒരു കാവ്യമാകുന്നു. യുദ്ധകാണ്ഡംകൂടി പാനയായിട്ടെഴുതി ഈ കൃതിയെ പൂരിപ്പിച്ച ഇക്കു എന്ന സുഭദ്രയമ്മത്തമ്പുരാൻ, കൊച്ചി രാജവംശത്തിൽ പുരുഷന്മാർ മാത്രമല്ല സ്ത്രീകളുംകൂടി ഭാഷയെ പോഷിപ്പിച്ചിട്ടുണ്ടെന്നുള്ളതിനു് ഉത്തമോദാഹരണമാണു്. യുദ്ധകാണ്ഡംപാനയ്ക്കുപുറമേ സൗഭദ്രസ്തവം, പൂൎണ്ണത്രയീശകേശാദിപാദവൎണ്ണന, അഷ്ടമിരോഹിണീമാഹാത്മ്യം, കംസവധം തുള്ളൽ, പൂതനാമോക്ഷം കൈകൊട്ടിക്കളിപ്പാട്ടു് എന്നുതുടങ്ങി സംസ്കൃതത്തിലും മലയാളത്തിലുമായി പത്തുപതിനഞ്ചു കൃതികൾ ഈ വിദുഷീരത്നത്തിന്റെ വകയായി വേറെയുമുണ്ടു്.

984-മുതൽ 1003-വരെ രാജ്യം ഭരിച്ച വീര കേരളവൎമ്മ മഹാരാജാവു തന്റെ പൂൎവ്വഗാമികളെ യെല്ലാം അതിശയിക്കത്തക്ക വിധത്തിൽ സാഹിത്യ പ്രണയം പ്രത്യക്ഷപ്പെടുത്തിയ ഒരു സരസ്വതീദാസ നായിരുന്നു. വ്യാകരണത്തിലും കാവ്യനാടകാലങ്കാ രാദികളിലും അവിടുത്തേയ്ക്കുണ്ടായിരുന്ന അവഗാഹം അന്യാദൃശമെന്നുമാത്രമേ പറയുവാൻ നിവൃത്തിയുള്ളു. ഭാഷയിൽ അദ്ദേഹം പല കൃതികളും നിൎമ്മിച്ചിട്ടുണ്ടു്. ആട്ടക്കഥകളാണു് ധാരാളമായി എഴുതിയിട്ടുള്ളതു്. പത്തുന്തറോളം ആട്ടക്കഥകൾ ആ തിരുമേനി നിൎമ്മി ച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. തൃപ്പൂണിത്തുറ ഈട്ടു വെയ്പിൽ അവിടുത്തെ വകയായി കണ്ടുകിട്ടിയിട്ടുള്ള നാലുതെട്ടു ആട്ടക്കഥകൾ ഇപ്പോഴം സൂക്ഷിച്ചു വരു ന്നുണ്ടു്. സമൎത്ഥരായ വേഷക്കാരെ കൂട്ടിച്ചേൎത്തു്, ഒരു ഒന്നാംതരം കഥകളിസംഘം ആ തിരുമേനി കോ വിലകത്തു് ഏൎപ്പെടുത്തിയിരുന്നുവത്രെ. താനുണ്ടാ ക്കുന്ന ആട്ടക്കഥകളെല്ലാം ആ സംഘക്കാരെക്കൊണ്ടു് അദ്ദേഹം ആടിക്കുകയും ചെയ്തിരുന്നു. പൂൎണ്ണത്രയീശ ശതകം, ശ്രീരാമാവതാരം, ഭാൎഗ്ഗവാവതാരം തുടങ്ങി വേറെയും ചില കൃതികൾ അവിടുത്തെ വകയായി കണ്ടു കിട്ടിയിട്ടുണ്ടു്. വിദ്വാൻ ആശ്രൂർ അടിതിരി, കല്ലൂർ നമ്പൂതിരിപ്പാടു്, കല്ലേക്കുളങ്ങര രാഘവപ്പി ഷാരടി, എടവട്ടിക്കാട്ടു നമ്പൂതിരി, ചേരാനെല്ലൂർ കൃഷ്ണൻകൎത്താവു് എന്നു തുടങ്ങിയ പ്രസിദ്ധ വിദ്വാ ന്മാർ ഈ മഹാരാജാവു തിരുമനസ്സിലെ വിദ്വൽ സദസ്യന്മാരായിരുന്നു.

1070-മുതൽ 1090-വരെ രാജ്യഭാരംചെയ്തു് സ്ഥാനത്യാഗംചെയ്ത 'രാജർഷി' മലയാളത്തിലും സംസ്കൃതത്തിലും ഒരുപോലെ പാണ്ഡിത്യം സമ്പാദിക്കുകയും ആ പാണ്ഡിത്യം പരോപകാരപ്രദമായ വിധത്തിൽ വിനിയോഗിക്കുകയുംചെയ്ത ഒരു മഹാനായിരുന്നു. ആ രണ്ടു ഭാഷകളിലും അവിടുന്നു ഗ്രന്ഥനിർമ്മാണം ചെയ്തിട്ടുണ്ടു്. ('വേദാന്തപരിഭാഷാസംഗ്രഹം' എന്ന സംസ്കൃതകൃതിയും 'ബാലബോധനം' എന്ന ഭാഷാകൃതിയും മാത്രമേ അക്കൂട്ടത്തിൽ അച്ചടിച്ചു കണ്ടിട്ടുള്ളു.) അനവധി പണ്ഡിതന്മാർ ആ കല്പവൃക്ഷത്തിന്റെ തണലിൽ സ്വൈരവിഹാരം ചെയ്തിരുന്നു. കൈരളിയുടേയും ഗൈർവ്വാണിയുടേയും പോഷണത്തിനായി ആ തിരുമേനി ചെയ്തിട്ടുള്ള പരിശ്രമം ബഹുമുഖമത്രെ. തൃപ്പൂണിത്തുറ സംസ്കൃതകോളേജും കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററിയും ആ രാജർഷിയുടെ ഭാഷാപ്രണയത്തിന്റെ സജീവസ്മാരകങ്ങളെന്നനിലയിൽ ഇന്നും പരിലസിച്ചുകൊണ്ടിരിക്കുന്നു. ദക്ഷിണഭാരതത്തിൽ മാത്രമല്ല, ഉത്തരഭാരതത്തിൽപ്പോലും പാണ്ഡിത്യപരിമളം പരത്തിയ ഈ തിരുമേനിയാണു് കൊച്ചിരാജവംശത്തിന്റെ കീർത്തി ഇദംപ്രഥമമായി വിശ്വവ്യാപകമാക്കിത്തീർത്തതു്. വടക്കേ ഇൻഡ്യയിലെ പണ്ഡിതചക്രവർത്തികളിൽ പലരും പ്രസ്തുത രാജർഷിയുടെ വിദ്വത്തയെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായിട്ടുണ്ടു്.

1107-ൽ മദ്രാസിൽ വെച്ചു തീപ്പെട്ട അത്തംതിരുനാറം രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു്

സ്ഥാനമാനദാനംകൊണ്ടും മററും സാഹിതീ പ്രണയി കളെ പ്രോത്സാഹിപ്പിച്ചിരുന്ന കഥ സുപ്രസിദ്ധമാണ ല്ലൊ. ഇപ്പോൾ നാടുവാണരുളുന്ന പുണ്യശ്ലോകനായ ശ്രീമൂലം തിരുനാൾ രാമവമ്മ മഹാരാജാവു തിരുമന സ്സുകൊണ്ടും പണ്ഡിതന്മാക്ക ഛായാപ്രദാനംചെയ്തു കൊണ്ടാണിരിക്കുന്നതു്. ഭാഷയുടെ അമൂല്യസ്വത്തായ പഴയ പാട്ടുകളിൽ പലതും തിരുമനസ്സുകൊണ്ടു ശേഖ രിച്ചു സൂക്ഷിച്ചുവരുന്നുണ്ടു്. അവയിൽ പലതും പല വാല്യങ്ങളായി അവിടുന്നു് അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തിട്ടുമുണ്ടു്. കീത്തിയിലുള്ള വിമുഖതകൊണ്ടു തിരു മേനി ഈ വക കൃത്യങ്ങളൊക്കെ നിശ്ശബ്ദമായി നിവ്വ ഹിക്കുന്നു എന്നേയുള്ളു.

രാജകുടുംബത്തിലുള്ള മററു പല അംഗങ്ങളും ഭാഷാപോഷണത്തിൽ ബദ്ധശ്രദ്ധരായിത്തന്നെയാണി രിക്കുന്നതു്. സാഹിത്യ സാവ്വഭൗമനായ അപ്പൻതമ്പു രാൻ തിരുമനസ്സിലേയും പണ്ഡിതാഖണ്ഡലനായ പരീ ക്ഷിത്തു തമ്പുരാൻ തിരുമനസ്സിലേയും കഥ സുപ്രസിദ്ധ മാണല്ലൊ. അമ്മാമൻ തമ്പുരാൻ ഉജ്വലമായ ഒരു ജ്യോതിഗ്ഗോളമായി സാഹിത്യാന്തരീക്ഷത്തിൽ ഉയന്നു വരവേയാണല്ലോ പെട്ടെന്നു് അന്തദ്ധാനം ചെയ്തതു്. 'ജയദേവൻ' മുതലായ കൃതികളുടെ കത്താവായ രവി യപ്പൻതമ്പുരാൻ ബി. ഏ. തിരുമനസ്സുകൊണ്ടു്, 'അച്ഛന' എന്ന ഖണ്ഡകാവ്യ സമുച്ചയത്തിൻെറ ക ത്താവായ കേരളവമ്മ കുഞ്ഞപ്പൻതമ്പുരാൻ എം. എ.

തിരുമനസ്സുകൊണ്ടു് എന്നു തുടങ്ങി പലരും സാഹിത്യാന്തരീക്ഷത്തിൽ ഉയൎന്നു വരുന്ന തേജഃപുഞ്ജങ്ങളാകുന്നു.

ഇങ്ങനെ, അന്നുമുതൽ ഇന്നുവരെയുള്ള ചരിത്രം പരിശോധിച്ചുനോക്കിയാൽ കൊച്ചി രാജകുടുംബം ഭാഷാപോഷണവിഷയത്തിൽ അതിപ്രധാനമായ ഒരു സ്ഥാനത്തെയാണ് വഹിച്ചിട്ടുള്ളതെന്നു കാണാൻ പ്രയാസമില്ല.

---

ഗ്രന്ഥകൎത്താവിൻെറ

# ജീവചരിത്രസംക്ഷേപം

പാണ്ഡിത്യത്തിനു പണ്ടുമുതല്ക്കുതന്നെ പേരുപെററ കൊച്ചി രാജകുടുംബത്തിൽ 1052 ചിങ്ങം 1-ാംനു-യാണ് ചരിത്രനായകൻ തിരുവവതാരം ചെയ്തതു്. മാതാവ് 'മങ്കു' എന്ന ഓമനപ്പേരിൽ വിദിതയായ 'അംബത്തമ്പുരാട്ടി'യും പിതാവ് ഓട്ടൂർമനയ്ക്കൽ രാമൻ നമ്പൂരിപ്പാടുമായിരുന്നു. ഉത്തരാദേവി സാക്ഷാൽ പരീക്ഷിത്തിനെയെന്നപോലെ മങ്കുത്തമ്പുരാട്ടി അവിടുത്തെ പ്രസവിക്കുന്ന അവസരത്തിൽ വളരെ കായക്ലേശം അനുഭവിക്കേണ്ടിവന്നതിനാൽ, അന്നു നാട്ടു

വാണിരുന്ന വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ശിശുവിനെ 'പരീക്ഷി'ത്തെന്നു കല്പിച്ചു വിളിക്കയുണ്ടായത്രെ. ആ വഴിക്കാണ് 'പരീക്ഷിത്തു തമ്പുരാൻ' എന്ന പേരു കാലക്രമത്തിൽ പ്രസിദ്ധമായിത്തീൎന്നതു്. സംസ്കാരസിദ്ധമായ നാമധേയം 'രാമവൎമ്മ' എന്നാകുന്നു. 'കുഞ്ഞുണ്ണി' എന്ന വാത്സല്യദ്യോതകമായ ഒരു പേരുംകൂടി തിരുമനസ്സിലേക്കുണ്ടു്.

രാജകുടുംബത്തിലെ പതിവനുസരിച്ചു് അഞ്ചാമത്തെ വയസ്സിൽത്തന്നെ തിരുമനസ്സിലെ വിദ്യാരംഭം നടന്നു. എഴുത്തിനു വെച്ചതു് വിദ്വാനായ എടപ്പലത്തു് നമ്പൂതിരിപ്പാടായിരുന്നുവെങ്കിലും, അക്ഷരാഭ്യാസം മുതല്ക്കുള്ള ബാലപാഠങ്ങൾ മുഴുവൻ നടന്നതു് സംഗീതസാഹിത്യങ്ങളിൽ ഒരുപോലെ വൈദഗ്ദ്ധ്യമുണ്ടായിരുന്ന മാതാവിൻെറ അടുക്കൽതന്നെയായിരുന്നു. അതുകഴിഞ്ഞു് തോന്നക്കൽ കൊച്ചുകുഞ്ഞൻ നമ്പ്യാരുടെ അടുക്കൽ ശ്രീകൃഷ്ണവിലാസം പഠിക്കാൻതുടങ്ങിയ അവസരത്തിലാണ്, 1060-ൽ, രാജകുമാരന്മാരെ ഉദ്ദേശിച്ചു് തൃപ്പൂണിത്തുറ ശ്രീ ശേഷാചാൎയ്യ പാഠശാല സ്ഥാപിക്കപ്പെട്ടതു്. അന്നു് ആ പാഠശാലയിലെ ഒരദ്ധ്യാപകനായിരുന്ന ഇക്കണ്ടത്തു കുഞ്ഞൻ വാരിയരുടെ അടുക്കൽ തിരുമേനി ഉപരികാവ്യങ്ങളും, കുവലയാനന്ദവും, തൎക്കശാസ്ത്രത്തിൽ തൎക്കസംഗ്രഹം തുടങ്ങിയ ചില പ്രാഥമികഗ്രന്ഥങ്ങളും അഭ്യസിച്ചു. തൎക്കശാസ്ത്രസംബന്ധമായ ഉപരിഗ്രന്ഥങ്ങൾ പഠിച്ചതു് സ്ഥാനത്യാഗംചെയ്ത 'രാജൎഷി'തിരുമനസ്സിലെ അടുക്കലാണ്. ചരിത്രനായകൻെറ മാതുലനായ ആ രാജൎഷിഭാഗിനേ

യന്റെ വിദ്യാഭ്യാസവിഷയത്തിൽ ആദ്യവസാനം വളരെ ശ്രദ്ധപതിപ്പിച്ചിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു.

1066-ൽ തിരുമനസ്സിലെ ഉപനയനം കഴിഞ്ഞു. ഗായത്രിമന്ത്രം ഉപദേശിച്ചതു തിരുമനസ്സിലെ പിതാവു തന്നെയാണ്. അധികം താമസിയാതെ സമാവൎത്തവും നടന്നു. വംശപാരമ്പൎയ്യമനുസരിച്ച ശ്രീപൂൎണ്ണത്രയീശക്ഷേത്രത്തിൽ ഒരു കൊല്ലത്തെ പള്ളിബ്ഭജനം നടന്നതു് ആയിടയ്ക്കാണ്. ഭജനകാലത്തു ശാസ്ത്രപഠനം മുറയ്ക്കു നടന്നുകൊണ്ടിരുന്നു. വാഴ്ചയൊഴിഞ്ഞ രാജൎഷിതിരുമനസ്സിലെ അഭിപ്രായമനുസരിച്ച്, അന്നു നാടുവാണിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു് ചരിത്രനായകന്റെ ഉപരിവിദ്യാഭ്യാസത്തിനായി ന്യായശാസ്ത്രപാരാവാരപാരീണനായ ശ്രീ ശംകോപാചാൎയ്യരെ തൃപ്പൂണിത്തുറയ്ക്കു ക്ഷണിച്ചുവരുത്തി. ആ പണ്ഡിതപ്രവരന്റെ അടുക്കലാണു് തിരുമേനി തൎക്കശാസ്ത്രത്തിലെ ഉപരിഗ്രന്ഥങ്ങളായ ഗദാധരീയം മുതലായവ അഭ്യസിച്ചതു്. കൊച്ചമ്മാമൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു്, എടമന നമ്പൂതിരിപ്പാടു്, അങ്ങാടിപ്പുറം സുബ്രഹ്മണ്യശാസ്ത്രികൾ, ശാബ്ദികതിലകൻ അയ്യാശാസ്ത്രി മുതലായവർ അന്നു തിരുമനസ്സിലെ സഹപാഠികളായിരുന്നു. പ്രധാനമായി പഠിച്ചതു് തൎക്കശാസ്ത്രമാണെങ്കിലും, വ്യാകരണം വേദാന്തം മുതലായ വിഷയങ്ങളിലും പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിക്കുന്നതിന്നു് തിരുമനസ്സിലേക്കു് എളുപ്പത്തിൽ സാധിച്ചു.

അദ്ധ്യയനം അവസാനിക്കുന്നതിനു മുൻപുതന്നെ തിരുമനസ്സുകൊണ്ടു് അദ്ധ്യാപനവൃത്തിയിൽ ഏൎപ്പെട്ടു കഴിഞ്ഞിരുന്നു. 'അധീതി ബോധാചരണപ്രചാരണ'ങ്ങളെക്കൊണ്ടാണല്ലോ വിദ്യ 'ചതുരംഗ'മായിത്തീരുന്നതു്. പ്രത്യേകിച്ചു 'ബോധ'ത്തിനു് അദ്ധ്യാപനം പോലെ പററിയ ഒരു മാൎഗ്ഗം വേറെയില്ലതാനും. ഇതിനെല്ലാററിനുംപുറമേ, സകലയജ്ഞങ്ങളിലും മീതെയുള്ളതാണല്ലോ ജ്ഞാനയജ്ഞം. ഈ വക രഹസ്യങ്ങൾ വേണ്ടപോലെ ഗ്രഹിച്ചിരുന്നതിനാലാണു് തിരുമേനി അദ്ധ്യയനകാലത്തുതന്നെ അദ്ധ്യാപനവും തുടങ്ങിയതു്. എറണാകുളം മഹാരാജ കലാശാലയിൽ സംസ്കൃതപണ്ഡിതരായിരുന്ന കെ. ആർ. സുബ്രഹ്മണ്യശാസ്ത്രി, കൊടുങ്ങല്ലൂർ രാമസ്വാമി ശാസ്ത്രി, ഇടപ്പിള്ളി നാരായണൻ നമ്പ്യാർ മുതലായവർ തിരുമനസ്സിലെ അന്നത്തെ ശിഷ്യവൎഗ്ഗത്തിൽപെട്ടവരത്രെ.

1069-ൽ തിരുമനസ്സുകൊണ്ടു് കളിക്കോട്ട സ്കൂളിൽ ചേൎന്നു് ഇംഗ്ലീഷു പഠിച്ചു തുടങ്ങി. 1074-ൽ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി. തുടൎന്നു് എറണാകുളം മഹാരാജ കലാശാലയിൽ ചേൎന്നു് അദ്ധ്യയനം ആരംഭിക്കുകയും 1076-ൽ എഫ്. ഏ. പരീക്ഷയിൽ ഒന്നാമനായി വിജയം നേടുകയും ചെയ്തു. അക്കൊല്ലത്തെ 'സീലിമെമ്മോറിയൽ മെഡൽ' തിരുമനസ്സിലേക്കാണു് ലഭിച്ചതു്. ബി. ഏ. യ്ക്കു പഠിച്ചതു് മദ്രാസ് പ്രസിഡൻസി കോളേജിലായിരുന്നു. 1080-ൽ ആ പരീക്ഷയിലും വിജയംനേടി. ഒരു കൊല്ലം ശരീരാസ്വാസ്ഥ്യത്താലും ഒരു കൊല്ലം മാതുലനായ രാജൎഷി

യൊന്നിച്ച വടക്കെ ഇൻഡ്യൻ സൎക്കീട്ടിൽ ഏൎപ്പെട്ടതിനാലുമാണ് ബി. ഏ. പരീക്ഷ പാസ്സാകാൻ രണ്ടു കൊല്ലത്തെ താമസം നേരിട്ടതു്.

ഇംഗ്ലീഷു വിദ്യാഭ്യാസം കഴിഞ്ഞ് തൃപ്പൂണിത്തുറയിൽ മടങ്ങിയെത്തിയ തിരുമേനി വീണ്ടും ശാസ്ത്രാദ്ധ്യാപനത്തിൽ ഏൎപ്പെട്ടു. ശാസ്ത്രഗ്രന്ഥങ്ങൾ പഠിപ്പിക്ക, ശാസ്ത്രീയമായ വാദപ്രതിവാദത്തിലേൎപ്പെടുക, പണ്ഡിതസദസ്സുകളെ നിയന്ത്രിക്ക മുതലായവ തിരുമനസ്സിലേയ്ക്കു് അത്യന്തം പ്രിയതരങ്ങളായ കൃത്യങ്ങളാണ്. പൊൽപ്പാക്കര മനയ്ക്കൽ ദാമോദരൻ നമ്പൂതിരിപ്പാട്, കിരാങ്ങാട്ടു മനയ്ക്കൽ ചെറിയ നാരായണൻ നമ്പൂതിരിപ്പാട്, സുപ്രസിദ്ധ പൌരാണികനായ വാഴക്കുന്നം, തിരുവനന്തപുരം സംസ്കൃതകോളേജിൽ തൎക്കപണ്ഡിതനായ പത്മനാഭാചാൎയ്യർ, കൈമുക്കു വൈദികൻ നാരായണൻ നമ്പൂതിരി മുതലായ വിദ്വാന്മാർ അക്കാലത്തു് തിരുമനസ്സിലെ അടുക്കൽ പഠിച്ച പാണ്ഡിത്യം നേടിയവരാകുന്നു. ഈ അടുത്ത കാലംവരെ ശാസ്ത്രാദ്ധ്യാപനം തിരുമനസ്സിലെ ദിനകൃത്യങ്ങളിൽ അതിപ്രധാനമായ ഒന്നായിരുന്നു.

"രാജൎഷി തിരുമനസ്സുകൊണ്ടു് 1089-ൽ തൃപ്പൂണിത്തുറയിൽ സ്ഥാപിച്ച സംസ്കൃത മഹാപാഠശാലയെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുങ്ങുമല്ലോ. പ്രസ്തുത വിദ്യാലയത്തിൻെറ സകല ശ്രേയസ്സുകൾക്കും കാരണഭൂതനായി ആരംഭംമുതൽ ഇന്നുവരെ അതിൻെറ മേൽനോട്ടം വഹിക്കുന്നതു് തിരുമനസ്സു കൊണ്ടാകുന്നു. അവിടുത്തെ വാത്സല്യപൂൎവ്വമായുള്ള പരിലാളനത്തിൽ

ആ സരസ്വതീമന്ദിരം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുവരുന്നു. വാക്യാൎത്ഥ സദസ്സുകളിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ചുകൊണ്ടു് കാൎയ്യപരിപാടിയെ നിയന്ത്രിക്കുന്നതു് കാണേണ്ട ഒരു കാഴ്ചയാകുന്നു. തൎക്കം, വേദാന്തം, ഈ രണ്ടു ശാസ്ത്രങ്ങളിലും അവിടുത്തെപ്പോലെ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള മഹാനുഭാവനെ ഈ കേരളത്തിലെന്നല്ല, ദക്ഷിണാപഥത്തിലെ ഇതരഭാഗങ്ങളിൽപ്പോലും വളരെ വളരെ വിരളമായി മാത്രമേ നമുക്കു കാണ്മാൻ സാധിക്കുകയുള്ളു. ഉപനയനത്തിനു മുൻപുതന്നെ അവിടുത്തേയ്ക്കു് വാക്യാൎത്ഥ പ്രവചനത്തിൽ പ്രാഗത്ഭ്യമുണ്ടായിരുന്നതായി അഭിജ്ഞന്മാരിൽനിന്നു് അറിവാൻ ഇടയായിട്ടുണ്ടു്. അന്നു കേവലം അങ്കുരപ്രായമായിരുന്ന വൃക്ഷം ഇന്നു് സഹസ്രശാഖോപശാഖമായി അനവധി ജീവികൾക്കു് ആശ്രയസ്ഥാനമായി പരിലസിക്കുന്നു.'' *

മദ്രാസ്സ്, അണ്ണാമല മുതലായ സൎവ്വകലാശാലകൾ തിരുമനസ്സിലെ പാണ്ഡിത്യത്തെ വളരെക്കാലം മുൻപുമുതല്ക്കുതന്നെ അംഗീകരിക്കയുണ്ടായിട്ടുണ്ടു്. വളരെക്കാലമായി തിരുമേനി മദ്രാസ്സ സൎവ്വകലാശാലവക ശിരോമണി പരീക്ഷയുടെ ഒരു പരിക്ഷകനത്രെ. മേൽപറഞ്ഞ രണ്ടു സൎവ്വകലാശാലകളിൽ വേറെയും ചില ഉയൎന്ന പരീക്ഷകൾക്കു് അവിടുന്നു് ഒന്നിലധികം തവണ തുടൎന്നു പരിക്ഷകനായിരുന്നിട്ടുണ്ടു്. ബോൎഡ്

* ത്രൈമാസികത്തിൽ മഹാകവി ഉള്ളൂർ. (1112 തുലാം ലക്കം)

ആഫ് സ്റ്റഡീസ്സിലെ അംഗമെന്നുള്ള നിലയിലും മററും അനവധികാലം ഇരുന്ന് ആവക പരീക്ഷകളെ പരിഷ്കൃതരീതിയിലാക്കിത്തീക്കാൻ തിരുമേനി അശ്രാന്തമായി പരിശ്രമിച്ചിട്ടുണ്ടെന്നുള്ള കഥ ഇന്നും അധികംപേർ മനസ്സിലാക്കീട്ടുണ്ടെന്നു തോന്നുന്നില്ല.

തിരുമനസ്സിലെ കീർത്തിധാവള്യം, പണ്ഡിതസമ്മതി, സ്വഭാവവൈശിഷ്ട്യം, സാഹിത്യാഭിരുചി എന്നിവയെപ്പററി ഞാൻ ഇവിടെ എന്തെങ്കിലും പറയുന്നതു് ഒരുപക്ഷേ അനുചിതമായേക്കാം. അതിനാൽ അക്കാര്യത്തിൽ സ്വയം ഒന്നുംതന്നെ പറയണമെന്നു ഞാനുദ്ദേശിക്കുന്നില്ല. തിരുമനസ്സിലെ ഷഷ്ടിപൂർത്തി കൊണ്ടാടിയ അവസരത്തിൽ, പതിനൊന്നു കൊല്ലം മുൻപ്, മഹാകവി ഉള്ളൂർ 'പരിഷൽ ത്രൈമാസിക'ത്തിലെഴുതിയിരുന്ന ഒരു ലേഖനത്തിലെ ഒന്നുരണ്ടു ഖണ്ഡികകൾ ഇവിടെ ഉദ്ധരിച്ചേക്കാം:—

"തിരുമേനിയെപ്പോലെ യശഃകാംക്ഷയില്ലാത്ത ഒരു വിദ്വദ്വരേണ്യനെ ഇക്കാലത്തു കണ്ടുകിട്ടാൻ പ്രയാസമാണു്; എങ്കിലും,

വാർത്താ ച കൗതുകവതീ വിമലാ ച വിദ്യാ
ലോകോത്തരഃ പരിമളശ്ച കുരംഗനാഭേഃ
തൈലസ്യ ബിന്ദുരിവ വാരിണി, ദുർന്നിവാര-
മേതത്ത്രയം പ്രസരതി സ്വയമേവ ഭൂമൗ

എന്നു പ്രസന്നരാഘവകാരനായ ജയദേവ മഹാകവി പ്രസ്താവിച്ചിട്ടുള്ള മാതിരിയിൽ അവിടുത്തെ യശസ്സ് ഭാരതവർഷം മുഴുവൻ തന്നത്താൻ പ്രസരിക്കുന്നു. തന്റെ ശ്വശുരനോടൊന്നിച്ച് കാശിയിലും

കല്ക്കുട്ടയിലും മററും തിരുമനസ്സുകൊണ്ടു് എഴുന്നള്ളി യിരുന്ന അവസരത്തിൽ തത്രത്യന്മാരായ ശാസ്ത്രപണ്ഡി തന്മാരെ അവിടുന്നു് ബഹുമുഖമായ വൈദുഷ്യം കൊണ്ടു് വിസ്മയിപ്പിച്ചിട്ടുണ്ടു്. കൊല്ലംതോറും തൃപ്പൂണിത്തുറ സംസ്കൃതമഹാപാഠശാലയിലെ വാഷിക ദിനാഘോഷത്തിൽ ഭാഗഭാക്കുകളാവാൻ ഭാരതത്തി ൻെറ നാനാഭാഗങ്ങളിൽനിന്നു് സമാഗതരാകുന്ന പണ്ഡിതോത്തമന്മാർ അവിടുത്തെ പ്രതിഭയേയും പ്രജ്ഞയേയും പ്രശംസിക്കുന്നതു് സർവ്വസാധാരണമാ കുന്നു. വിദ്യാവാനെ ഈ ലോകത്തിൽ വിനീതനായി ക്കാണുവാൻ വളരെ പ്രയാസമാണു്. തിരുമേനിയുടെ കാര്യത്തിൽ അവിടുന്നു് വിദ്യകൊണ്ടോ, വിനയം കൊണ്ടോ, അധീതികൊണ്ടോ, ബോധംകൊണ്ടോ, ആചരണംകൊണ്ടോ, പ്രചരണംകൊണ്ടോ, അധികം പ്രശോഭിക്കുന്നതു് എന്നു പരിച്ഛേദിച്ചു പറവാനാണു് പ്രയാസം. പരഗുണഗ്രാഹിത്വം, പരോൽക്കർഷപ്രീതി മുതലായ സൽഗുണങ്ങൾ അവിടുത്തേക്കു് സഹജങ്ങ ളാണു്; മാത്സര്യം, അസൂയ, വിദ്വേഷം, അഹങ്കാരം മുതലായ ദുർഗ്ഗുണങ്ങൾക്കു് അവിടുത്തെ ഹൃദയത്തിൽ പ്രവേശിക്കുവാൻ പഴുതു് ലവലേശം ഉണ്ടായിട്ടില്ല.

സാഹിത്യരസാസ്വാദകന്മാരിൽ അദ്വിതീയ നായ തിരുമേനിക്കു് ശ്രീഹർഷൻെറ നൈഷധീയ ചരിതത്തിൽ അനല്പമായ അഭിരുചിയുണ്ടു്. ആ മഹാ കാവ്യത്തിൻെറ മാഹാത്മ്യത്തെപ്പററി ഒരു മനോഹര മായ ഉപന്യാസം, തിരുവനന്തപുരം അനന്തശയന ഗ്രന്ഥാവലിയുടെ രജതജൂബിലിസ്മാരകമായി മുദ്രിത

മായ പുസ്തകത്തിൽ അവിടുന്നു പ്രസിദ്ധപ്പെടുത്തുകയു ണ്ടായിട്ടുണ്ടു്. ശാസ്ത്രജ്ഞന്മാക്കു് സാഹിത്യത്തോടു പ്രായേണ പുച്ഛമാണു് തോന്നാറുള്ളതു്. എങ്കിലും, തിരുമനസ്സുകൊണ്ടു് ആ വിഷയത്തിൽ വ്യത്യസ്തമായ ഒരു ജീവിതമത്രെ നയിക്കുന്നതു്. സാഹിത്യകാരന്മാ രേയും ശാസ്ത്രകാരന്മാരേയും അവിടുന്നു് ഒരു പോലെ അഭിനന്ദിക്കുന്നു. ഒരു കവിയെന്നു താൻ സ്വയം അഭി മാനിക്കാറില്ലെങ്കിലും, അപൂൎവ്വം ചില വിശ്രമാവസര ങ്ങളിൽ ആ കാൎയ്യാന്തരശതപ്രസക്തൻ കവിതാ ദേ വിയേയും പ്രേമപൂൎവ്വം കടാക്ഷിക്കാറുണ്ടു്. അതിന്റെ ഫലമായി അവിടുന്നു് പ്രഹ്ലാദചരിതം, അംബരീഷച രിതം, സുകന്യാചരിതം, രാധാമാധവം എന്നിങ്ങനെ ചില ചമ്പൂപ്രബന്ധങ്ങളും അനവധി സ്തോത്രങ്ങളും സംസ്കൃതത്തിൽ രചിച്ചിട്ടുണ്ടു്...........''

തിരുമേനിയും സഹൃദയതിലകൻ രാമപ്പിഷാര ടിയും കൂടി നിൎമ്മിച്ച 'സാരാൎത്ഥദീപിക' എന്ന ശാകു ന്തള വ്യാഖ്യാനം സുപ്രസിദ്ധമാണല്ലോ. അതു കൂടാ തെ, ഇടവെട്ടിക്കാട്ടു നമ്പൂതിരിയുടെ 'രുഗ്മിണീ പരി ണയം ചമ്പു' വിനു തിരുമനസ്സുകൊണ്ടു് 'ഭാവദീ പിക' എന്ന പേരിൽ വിസ്തൃതവും വിശദവുമായ ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ടു്. ചാക്യാർകൂത്തും പാഠ കവുമായിട്ടുള്ള സുദൃഢമായ സമ്പൎക്കം പ്രസ്തുത ചമ്പു വ്യാഖ്യാനിക്കുന്ന വിഷയത്തിൽ തിരുമനസ്സിലേക്കു മാൎഗ്ഗദൎശകമായിത്തീൎന്നിട്ടുണ്ടെന്നുള്ളതു നിൎവ്വിവാദമാ ണു്. അതു കൊണ്ടുതന്നെയാണു് പ്രസ്തുത വ്യാഖ്യാന ത്തിൽ പദപ്രയോജനം, സന്ദൎഭൗചിത്യം മുതലായ

വയെ ചൂണ്ടിക്കാണിക്കുന്നതിന്നു തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളതു്. ചുരുക്കിപ്പറഞ്ഞാൽ 'ഭാവദീപിക' അന്വത്ഥസംജ്ഞമായ ഒരു വ്യാഖ്യാനംതന്നെയാണു്.

തിരുമനസ്സിലെ വ്യാഖ്യാനിമ്മാണകൗതുകം കാവ്യഗ്രന്ഥങ്ങളെ മാത്രമല്ല ശാസ്ത്രഗ്രന്ഥങ്ങളേയും സ്പശിച്ചിട്ടുണ്ട്. ഭാഷാപരിച്ഛേദം, മുക്താവലി, ദിനകരീയം, തരംഗിണി എന്ന ക്രമത്തിൽ മൂലമൂലീഭാവമുള്ള നാലു ഗ്രന്ഥങ്ങൾ ന്യായപണ്ഡിതന്മാരുടെ ഇടയിൽ പ്രസിദ്ധമത്രെ. ഇവയിൽ സാധാരണന്മാക്കു സംശയംനേരിടുന്ന തത്തൽ ഭാഗങ്ങൾക്കു 'ടിപ്പണി' എന്ന വിശദമായ ഒരു വ്യാഖ്യാനം തിരുമനസ്സുകൊണ്ടെഴുതീട്ടുണ്ട്.

നത്വാ പൂണ്ണത്രയീനാഥം ദേവദേവം ശ്രിയഃ പതിം
ഗുരുംശ്ച കരുണാസിന്ധൂൻ പരിഭാവ്യ ച തൽഗിരഃ
ഭാഷാപരിച്ഛേദമുഖ ഗ്രന്ഥരത്നേഷു ടിപ്പണീ
പരീക്ഷിദപരാഖ്യേന രച്യതേ രാമവമ്മണാ

എന്നിങ്ങനെയാണു് അതിൻെറ ആരംഭം. ന്യായശാസ്ത്രവിപഠിഷുക്കൾക്കു ഈ ടിപ്പണി അത്യന്തം പ്രയോജനകരമായിരിക്കുമെന്നുള്ളതു തീച്ചയാണു്.

സംസ്കൃതം പോലെതന്നെ മലയാളവും തിരുമനസ്സിലേക്കു സ്വാധീനമാണെന്നു കാണിക്കുന്നവയാണു് 'ദളങ്ങ'ളും 'ഭഗവന്നാമകൗമുദി'യും. 'ദളങ്ങ'ളിൽ ചേത്തിട്ടുള്ള 'ഉത്തരരാമചരിതത്തിലെ രസം' എന്ന ഉപന്യാസം, വിഷയം യുക്തിയുക്തമായി പ്രതിപാദിച്ചു് ഉപപാദനത്തിലെത്തിച്ചേരുന്നതിന്നു തിരുമനസ്സിലേക്കുള്ള അസാധാരണ പാടവത്തിനു് ഒരു ഉത്തമോദാഹരണമാകുന്നു. അഗാധമായ പാണ്ഡിത്യവും അപാരമായ തക്കശാസ്ത്രപ്രാവീണ്യവുമാണു് ഒരനുവാചകനു്

ആ പ്രതിപാദനത്തിൻെറ പിന്നിൽ കാണാൻ കഴിയു ന്നതു്. പെട്ടെന്നുള്ള അന്വേഷണത്തിൽ കണ്ടുകിട്ടി യിടത്തോളം ലേഖനങ്ങളും കവിതകളും മാത്രമേ 'ദള ങ്ങ'ളിൽ ചേൎത്തിട്ടുള്ളു. പുസ്തകം അച്ചടിച്ചു കഴിഞ്ഞ തിനുശേഷം കിട്ടിയതും ഭക്തിദ്യോതകവും ആയ ഒരു ഒന്നാം തരം ശ്ലോകം ഇവിടെ ഉദ്ധരിക്കാതിരിക്കാൻ തോന്നുന്നില്ല.

കത്തിക്കാളുന്ന കാലാന്തകനുടെ നിടില-
കണ്ണിൽനിന്നാത്തരോഷം
തത്തിച്ചാടിപ്പുറപ്പെട്ടതിഭയദകരോ-
രാട്ടഹാസം മുഴക്കി
ദൈത്യക്കൂട്ടത്തിലത്തിത്തരമൊട്ടു രുധിര-
ത്തിങ്കലുള്ളാൎത്തി പോക്കി-
ക്കൂത്താട്ടം കാളിയമ്മേ! കനിയുകടിയനെ-
ക്കൂടി നീ കാത്തുകൊൾക.

ശബ്ദവും അൎത്ഥവും ഒരുപോലെ ഒത്തിണങ്ങിക്കളി യാടുന്ന ഇത്തരം പ്രാൎത്ഥനാപദ്യങ്ങൾ ഭാഷയിൽ അത്ര അധികമുണ്ടെന്നു തോന്നുന്നില്ല.

മീമാംസക കേസരിയായ ശ്രീ ലക്ഷ്മീധര പണ്ഡി തൻ സംസ്കൃതഭാഷയിലെഴുതീട്ടുള്ള ഒരു വിശിഷ്ട ഗ്രന്ഥ മാണു് 'ശ്രീഭഗവന്നാമകൗമുദി'. ഈശ്വരനാമങ്ങളുടെ ലോകോത്തരമായ മഹിമാതിശയത്തെ ശ്രുതിസ്മൃതി പുരാണാദി പ്രമാണവാക്യങ്ങളുദ്ധരിച്ചു സ്ഥാപിക്കയാ ണു് അതിൽ ചെയ്തിട്ടുള്ളതു്. വാദജടിലമായ അതിലെ പ്രതിപാദനരീതി മീമാംസാവിശാരദന്മാരായ പണ്ഡി തവരേണ്യന്മാൎക്കുമാത്രം അഭിഗമ്യമായവിധം അത്രമാ ത്രം ദുൎഗ്രഹമാകുന്നു. ആ ഗ്രന്ഥത്തിൻെറ ഒരു സംക്ഷിപ്ത പരിഭാഷയത്രെ 'ഭഗവന്നാമകൗമുദി'. മൂലത്തിലെ വി

ഷമങ്ങളായ 'ഗ്രന്ഥഗ്രന്ഥി'കളെ അഴിച്ചുമാററി വിഷയം സാധാരണന്മാക്കുപോലും സുഗ്രഹമാകത്തക്കവിധം ലളിതമായ ഭാഷയിൽ സ്ഫുടികസ്ഫുടമായി പ്രതിപാദിക്കുന്നതിന്ന തിരുമനസ്സുകൊണ്ടു പ്രദശിപ്പിച്ചിട്ടുള്ള പാടവം അന്യാദൃശമെന്നുതന്നെപറയണം.

തിരുമനസ്സിലെ ഇപ്പറഞ്ഞ കൃതികളിൽ 'സാരാൎത്ഥദീപിക' എന്ന ശാകുന്തള വ്യാഖ്യാനം 1913-ൽ തൃശ്ശൂർ മംഗളോദയം കമ്പനിക്കാർ ദേവനാഗരലിപിയിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഭാവദീപിക' മൂലത്തോടും അതിന്ന മലയാളത്തിലെഴുതിയ സംക്ഷിപ്തമായ സാരാൎത്ഥത്തോടുംകൂടി പെരുമനം രാമൻ നമ്പ്യാരവർകൾ 1107-ൽ ഭാരതവിലാസം അച്ചുകൂടത്തിൽ മലയാള ലിപിയിൽ അച്ചടിപ്പിക്കയുണ്ടായി. ശ്രീകൃഷ്ണലീലാസ്തവം, ശ്രീപൂൎണ്ണത്രയീശ സ്തോത്രം, വിഷ്ണുവിഭൂതിലേശസ്തവം, പ്രാൎത്ഥനാപഞ്ചകം, ദേവീപാദസ്തുതി, ശിവസ്തോത്രം, സ്കന്ദപഞ്ചകം എന്നിങ്ങനെ ഏഴു സംസ്കൃതകൃതികൾ 'പരീക്ഷിദപരാഖ്യേന രാമവൎമ്മണാ കൃതാനി സ്തോത്രാണി' എന്നപേരിൽ തിരുമനസ്സിലെ ശിഷ്യന്മാരിൽ ഒരാളായ കിരാങ്ങാട്ടുമനസ്ക്കൽ ചെറിയ നാരായണൻ നമ്പൂതിരിപ്പാടവർകൾ 1106-ൽ വിദ്യാവിനോദിനി പ്രസ്സിൽ മലയാളലിപിയിൽ സംസ്കൃതവ്യാഖ്യാനത്തോടുകൂടി അച്ചടിപ്പിച്ചിട്ടുണ്ട്. സുകന്യാചരിത സംഗ്രഹം, അംബരീഷചരിതം, രാധാമാധവം എന്ന മൂന്നു ചമ്പൂപ്രബന്ധങ്ങൾ 'പ്രബന്ധത്രയം' എന്ന പേരിൽ വിദ്യാവിനോദിനി പ്രസ്സുകാർ ദേവനാഗര ലിപിയിൽ അച്ചടിച്ചു പ്രസി

ദ്ധീകരിച്ചതു് ഈ അടുത്തകാലത്തു മാത്രമാണു്. ശ്രീഭഗവന്നാമകൗമുദി, ദളങ്ങൾ എന്നീ രണ്ടു മലയാളകൃതികൾ ഇതാ, ഇപ്പോൾ പുസ്തകാകൃതി കൈക്കൊള്ളുന്നു. തിരുമനസ്സിലെ അനഘങ്ങളായ മററു കൃതികളും താമസിയാതെ പുസ്തകരൂപത്തിൽ പുറത്തുവരുമെന്നു നമുക്കു പ്രതീക്ഷിക്കാം.

1082 മിഥുനമാസത്തിലാണു് തിരുമനസ്സുകൊണ്ടു് ഗൃഹസ്ഥാശ്രമം സ്വീകരിച്ചതു്. ശ്രീമതി ഇട്ട്യാണത്തു പാറുക്കുട്ടി നേത്ര്യാരമ്മ അവർകളുടെ പ്രഥമപുത്രിയായ ശ്രീമതി മാധവിക്കുട്ടി അമ്മയാണു് അവിടുത്തെ ധർമ്മപത്നി. 'അമ്മുക്കുട്ടി' എന്ന ഓമനപ്പേരിലാണു് ആ സാധ്വി അറിയപ്പെടുന്നതു്. 'രാജർഷി' തിരുമനസ്സിലെ നിഷ്കൃഷ്ടമായ മേൽനോട്ടത്തിലും അഭ്യസനത്തിലും വളൎന്നുവന്ന ആ മഹതി സംഗീതത്തിലും സാഹിത്യത്തിലും നല്ല നൈപുണ്യം സമ്പാദിച്ചിട്ടുണ്ടു്. ഈശ്വരഭക്തി, സദാചാരനിഷ്ഠ, വിനയം, സൗശീല്യം, ഔചിത്യബോധം മുതലായവ പ്രസ്തുത സ്ത്രീരത്നത്തിൻെറ സഹജങ്ങളായ സൽഗ്ഗുണങ്ങളിൽ ചിലതു മാത്രമാകുന്നു. സൽഗ്ഗുണസമ്പന്നയായ ഈ നേത്ര്യാരമ്മയുടെ സാന്നിദ്ധ്യം തിരുമനസ്സിലെ ദാമ്പത്യജീവിതത്തെ ധന്യമാക്കിത്തീൎത്തിരിക്കുന്നു.

മാതുലപാദരൊന്നിച്ചുണ്ടായ ദേശസഞ്ചാരം തിരുമനസ്സിലേക്കു പലതരത്തിലും പ്രയോജനപ്പെടുകയുണ്ടായി. ഭക്തോത്തംസമായ ചരിത്രനായകനു് പല പുണ്യക്ഷേത്രങ്ങളും സന്ദൎശിക്കാൻ അവസരം ലഭിച്ചതു് അതിരററ ചാരിതാൎത്ഥ്യത്തിനു കാരണമായിത്തീൎന്നു. ഉത്തരേൻഡ്യയിലേയും ദക്ഷിണേൻഡ്യയിലേയും

മിക്ക പുണ്യതീത്ഥങ്ങളും പുണ്യക്ഷേത്രങ്ങളും ആ യാത്രയിൽ തിരുമനസ്സുകൊണ്ടു സന്ദശിക്കയുണ്ടായി. ആ സഞ്ചാരത്തിനിടയ്ക്കു കൽക്കത്തയിൽവെച്ചു നടന്ന ഒരു ശാസ്ത്രസദസ്സിൽ സംബന്ധിക്കുന്നതിനും, അവിടെ വെച്ചു തിരുമനസ്സുകൊണ്ടു പ്രകടിപ്പിച്ച അഗാധമായ പാണ്ഡിത്യം മഹാമഹോപാദ്ധ്യായ അനന്തകൃഷ്ണ ശാസ്ത്രി, പണ്ഡിതപ്രവരനായ ദാസീദാസ് ഗുപ്താ മുതലായവരുടെ അനുമോദനാഭിനന്ദനങ്ങൾക്കു പാത്രമാകുന്നതിനും, ഇടയായി എന്നുള്ളതാണ് പ്രസ്തുത ദേശപയ്യടനംകൊണ്ടുണ്ടായ മറെറാരു പ്രയോജനം. ബറോഡാ, കാശ്മീർ, മൈസൂർ മുതലായ ദിക്കുകളിലെ മഹാരാജാക്കന്മാരുമായി പരിചയപ്പെടുന്നതിനും അനുസാധിച്ചിട്ടുണ്ടു്.

ഇങ്ങനെ, എന്തുകൊണ്ടു നോക്കിയാലും ആരാദ്ധ്യചരിതനായ പരീക്ഷിത്തു തമ്പുരാൻതിരുമനസ്സുകൊണ്ടു് 1123 മിഥുനം 25-ന്നു-യാണ് തിരുമൂപ്പെറവ് കൊച്ചിയിലെ മഹാരാജാവായിത്തീന്നതു്. പുണ്യശ്ലോകനായ ഈ തിരുമേനി കേരളത്തിൻെറ കെടാവിളക്കായി, മലയാളക്കരയുടെ മായാത്ത തിലകമായി, ആയുരാരോഗ്യൈശ്വയ്യസമൃദ്ധിയോടുകൂടി സവ്വോൽകഷേണ വത്തിക്കുമാറാകട്ടെ എന്നുള്ള പ്രാത്ഥനാമാലികയെ പൂണ്ണത്രയീശൻെറ പാദാരവിന്ദങ്ങളിൽ ഭക്ത്യാദരസമന്വിതം സമപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ



മഹാമഹിമശ്രീ പരീക്ഷിത്തു തമ്പുരാൻ

തിരുമനസ്സുകൊണ്ട്

UNIVERSITY LIBRARY
26 NOV 1964
MADRAS

UNIVERSITY LIBRARY
26 NOV 1964
MADRAS

# ദളങ്ങൾ

## സ്തോത്രനക്ഷത്രമാല

(നതോന്നത)

പൂർണ്ണവേദാലയംതന്നിൽ
പൂർണ്ണമോദം വാണരുളും
പൂർണ്ണചന്ദ്രാനനൻ ദേവൻ
പുണ്ഡരീകാക്ഷൻ,
സുന്ദരിമാർമണിയാളാ_
മിന്ദിരാദേവിയും പിന്നെ
സാന്ദ്രാനന്ദസ്വരൂപിണി
ഭൂമിയുമായി
സർപ്പരാജതല്പംതന്നി-
ലപ്രമേയൻ വാണിരുന്നു
സുപ്രസന്നൻ ജഗത്തൊക്കെ-
ക്കാത്തരുളുന്നു.
കലിമലമകലുവാൻ
ബലിമദമഥനന്റെ
പലതരം ലീലകളിൽ
ചിലതു് ചൊല്ലാം.

നാലുമുഖമുള്ളവനെ-
ച്ചാലവേ ചതിച്ചു കഷ്ടം!
നാലുവേദങ്ങളും കട്ടു
സമുദ്രം പുക്കോൻ
ഹീനനായ ഹയഗ്രീവ
ദാനവനെക്കൊല്ലുവാനായ്
മീനരൂപം ധരിച്ചല്ലോ
മംഗളമൂർത്തി.
ദുർവ്വാരമാം കോപമാളും
ദുർവ്വാസാവിൻശാപം നീക്കാൻ
സർവ്വാസികൾ ദുഗ്ദ്ധസിന്ധു
കടയുന്നേരം,
കാമരൂപൻ ഭീമമായോ-
രാമതന്റെ വേഷമായി-
ക്കാമമാഴിതന്നിൽ മുങ്ങും
മന്ദരം പൊക്കി,
ആവലാതിപറഞ്ഞൊരു
ദേവകൾക്കമൃതു നല്കി-
യാവിലങ്ങളുള്ളതൊക്കെ
നീക്കി രക്ഷിച്ചു.
ആയതിന്നായ് ധന്വന്തരി-
യായി ദേവനാദ്യം, പിന്നെ
മായകൊണ്ടൊരായതാക്ഷീ
രൂപനുമായി.
പണ്ടു പണ്ടേ ഹിരണ്യാക്ഷ
കണ്ടകനെക്കൊന്നു ഭൂമീ-

മണ്ഡലത്തെപ്പൊക്കി നിൎത്തി
പന്നിയായ് പിന്നെ.
നാരസിംഹാകൃതി പൂണ്ടു
നാരായണൻ നഖംകൊണ്ടു
മാറകീറി ഹിരണ്യനെ-
യന്തകന്നേകി.
തത്സുതനാം പ്രഹ്ലാദനു
നൽസുഖങ്ങൾ വരുവാനായ്
ചിത്സുഖസ്വരൂപൻനന്നാ-
യനുഗ്രഹിച്ചു.
ഭക്തനാകും ശക്രനായി-
ശ്ശക്തനായ ബലിയോടും
ത്യക്തദൈന്യം വടുവായി-
ച്ചെന്നു യാചിച്ചു
മൂന്നടിബ്ഭൂമിയെ മോദാ
ലന്നവനും ദത്തം ചെയ്തു
മൂന്നുലോകം രണ്ടടിയാ-
ലളന്നു ദേവൻ
മൂന്നാമത്തെയടി ബലി
മൂൎദ്ധാവിലും വെച്ചവൻെറ-
മൂൎത്തിയേയും പൂതമാക്കി
മുക്തിയും നല്കി.
ജാമദഗ്ന്യനായ്പിറന്നു
വാമദേവശിഷ്യനായി-
ക്കാമചാരി നൃപന്മാരെ-
ക്കാലനുക്കാക്കി.

രാമചന്ദ്രനായിത്തൻെറ
രാമയാം സീതയെക്കട്ടെ
രാവണനെക്കൊന്നു ശിഷ്ട
പാലനം ചെയ്തു.
കാമദായകമായോരു
രാമായണം കഥയിന്നും
സോമശേഖരാദികളും
ഗാനംചെയ്യുന്നു.
സോമവംശത്തിങ്കൽ ബല
രാമനായും, കൃഷ്ണനായും,
സീമയററ ലീല ചെയ്ത-
തെന്തു ചൊല്ലേണ്ടു?
കൃഷ്ണരൂപാമൃതത്തേയും,
കൃഷ്ണലീലാമൃതത്തേയും,
തൃഷ്ണയോടേ ധന്യരെന്നും
പാനംചെയ്യുന്നു.
കലിദോഷം മുഴക്കുമ്പോൾ
കല്ക്കിയായവതരിച്ചു
കലുഷങ്ങൾ തീൎത്തു ധൎമ്മ-
സ്ഥാപനം ചെയ്യും.
വിഷ്ടപേശനേവം ലോക
പുഷ്ടി നന്നായ് വരുത്തുവാൻ
ദുഷ്ടശിക്ഷ ശിഷ്ടരക്ഷ
ചെയ്തരുളുന്നു.
ഇത്രയും കരുണയോടേ-
യിത്രിലോകം കാത്തുവാഴും

പത്രിവാഹനൻെറ പാദ
സേവചെയ്യുന്നേൻ.
പന്നഗേന്ദ്രാസനൻ സുര
കിന്നരാദി സംസേവിതൻ
ഖിന്നനാമടിയനേയും
കടാക്ഷിക്കേണം.
വൎണ്ണനീയഗുണാകാര!
കൎണ്ണവൈരിസഖ! പൂൎണ്ണ!
പൂൎണ്ണത്രയീനാഥ! കൃഷ്ണ!
നമോ നമസ്തേ.
പരമപൂരുഷൻതൻെറ
തിരുവടികളിലിതു
പരിചോടേ പരീക്ഷിത്തു
സമൎപ്പിക്കുന്നു.

# 2 രാമായണകഥ

(നതോന്നത)

സീമാതീതഗുണമെഴും
        രാമായണംകഥയിപ്പോ-
ളാമോദം വളരുവാനായ്
        ചുരുക്കിച്ചൊല്ലാം.
ദുഷ്ടനാം രാവണൻ പത്മ
        വിഷ്ടരവരത്താൽ മത്തൻ
വിഷ്ടപങ്ങളൊക്കെയിട്ടു
        കൊട്ടയാട്ടുമ്പോൾ
കഷ്ടതകളൊഴിവാൻ ത്രി-
        വിഷ്ടപവാസികൾ ചെന്നു
വിഷ്ടരശ്രവസ്സിനോടു
        സങ്കടം ചൊല്ലി.
ലോകരക്ഷ ചെയ്യാനപ്പോൾ
        ലോകസാക്ഷികുലത്തിങ്കൽ
ലോകനാഥൻ രാമനായി-
        ട്ടവതരിച്ചു.
ഭരതനും, ലക്ഷ്മണനും,
        വീരനായ ശത്രുഘ്നനും,
ഹരിയ്ക്കന്നു സോദരന്മാർ
        മൂവരുണ്ടായി.
ബാലചന്ദ്രനെന്നപോലെ
        ബാലരാമവർ വളർന്നു,

ചാലവേ വിദ്യകളേയു-
മൊക്കെ ഗ്രഹിച്ചു.
ചിന്മയന്മാരാകുമവ-
രമ്മമാക്കും ജനകന്നും
സമ്മോദം വളൎത്തി മറവ
മാനവന്മാൎക്കും.
യാഗമൊന്നു വിശ്വാമിത്ര
യോഗിവയ്യനാരംഭിച്ചു
യാതുധാനന്മാരും വന്നു
മുടക്കി വേഗാൽ.
മാമുനീന്ദ്രനപ്പോൾ ചെന്നു
ഭൂമണാളനേയുണൎത്തി
രാമലക്ഷ്മണന്മാരേയും
കൊണ്ടു ഗമിച്ചു.
നാടുവിട്ടവരും സ്വൈരം
കാടകം പുക്കോരുനേരം
താടകയാം രാക്ഷസിയു-
മോടിയടുത്തു.
താപസൻെറ നിയോഗത്താൽ
താടകയെക്കൊലചെയ്തു
താപത്തിന്നു കുറവേകി
ലോകത്തിനീശൻ.
പ്രാതലേവം കഴിഞ്ഞപ്പോൾ
യാതുധാനമാംസത്തിങ്കൽ
പ്രീതി രാമബാണങ്ങൾക്കു
മേല്ക്കുമേലേറി.

ബദ്ധമോദം ബാലരൊത്തു
സിദ്ധാശ്രമം പുക്കടനെ-
യദ്ധ്വരവുമാരംഭിച്ചു
മാമുനിശ്രേഷ്ഠൻ
അടുത്തുവന്നരക്കരും
മുടക്കാനായ്തുടന്നപ്പോഠം
തടുത്തു വേഗത്തിൽ കൊച്ചു
മിടുക്കന്മാരും.
പിതൃപതിക്കുളുകാലം
ക്രതുഭാഗം മാത്രമല്ല,
യാതുധാനപ്രേതങ്ങളും
കുറെ ലഭിച്ചു.
മാരീചനെ മാത്രമെന്തോ
കരുതി ശ്രീരാമചന്ദ്രൻ
ദൂരദൂരെപ്പറപ്പിച്ചു
മരിപ്പിക്കാതെ.
രാക്ഷസന്മാരുടെ ശല്യം
കാൽക്ഷണംകൊണ്ടേവം നീക്കി
ശിക്ഷയായി വിശ്വാമിത്ര
സത്രം രക്ഷിച്ചു.
മോദമോടേ മുനി പിന്നെ
വൈദേഹൻതൻ ക്ഷണമേററ
സാദരം ബാലന്മാരൊത്തു
പോകുംവഴിയിൽ
കല്ലായിട്ടു ഭവിച്ചോര-
ഹല്യയെ ശ്രീരാമചന്ദ്രൻ

നല്ല തൃക്കാൽകൊണ്ടു തൊട്ടു
        പെണ്മണിയാക്കി.
കാമകോമളാംഗൻ ഭീമ
        കാമവൈരിവില്ലൊടിച്ചു
കാമവൈജയന്തികയാം
        സീതയേ വേട്ടു.
മേദുരഗുണന്മാർ രാമ
        സോദരന്മാർ മൂന്നുപേരു-
മാദരവോടന്നു ദാര
        സംഗ്രഹംചെയ്തു.
ജനകനും രാമഭദ്ര
        ജനകനും ഗാധിതന്റെ
തനയനുമതിയായ
        മോദമുളവായ്.
മുനിവരപദം കൂപ്പി-
        യനുഗ്രഹം വാങ്ങി രാമൻ
ജനകാദികളുമൊത്തു
        യാത്രതുടങ്ങി.
ഭർഗ്ഗചാപഭംഗം കേട്ടി-
        ട്ടുഗ്രകോപം പൂണ്ടെതിർത്ത
ഭാർഗ്ഗവന്റെ ഗർവ്വശേഷ-
        മസ്തമിപ്പിച്ചു.
പത്തനത്തിലെത്തി പിന്നെ-
        യുത്തമയാം സീതയൊത്തു
ചിത്തമോദം വരുമാറു
        ലീലകൾചെയ്തു.

രാമാഭിഷേകത്തിനായി-
ക്കാമിക്കുന്ന ഭൂമീശനെ
കേമിയായ കൈകേയിയും
മുടക്കി കഷ്ടം!
താതന്റെ വാക്കാൽ ദേവൻ
സീതാലക്ഷ്മണന്മാരോടും
വീതഖേദം കാട്ടുപുക്ക
ധർമ്മങ്ങൾ നേടാൻ.
ആശു ഗംഗാതടേ ചെന്നു
ദാശരഥി മോദമോടെ
ദാശരാജൻ ഗുഹൻ ചെയ്ത
സൽക്കാരമേററു.
സുരനദി കടന്നുടൻ
ഭരദ്വാജമുനിയുടെ
ചരണങ്ങളുരുഭക്ത്യാ
വണങ്ങിപ്പിന്നെ
ചിത്രകൂടമെന്നു ലോക
വിശ്രുതമാം പർവ്വതത്തിൽ
മിത്രവംശതിലകന്മാർ
വസിക്കുംകാലം
മന്നവനാം ഭരതനും
ഖിന്നമാരാമമ്മമാരു-
മന്യപൗരന്മാരും ചെന്നു
കണ്ടു സുഖിച്ചു.
ഭരതന്റെ പരിതാപം
പരിചോടേ കളയുവാൻ

പുരുമോദം പാദുകകൾ
നല്കിയയച്ചു.
ദണ്ഡമെന്ന്യേയവർ പിന്നെ
ദണ്ഡകാരണ്യവനം പുക്ക;
പൊണ്ണനൊരു രാക്ഷസൻ വ-
ന്നുപദ്രവിച്ചു.
ഘോരനാകും വിരാധനെ
വീരരാകും സോദരന്മാർ
വൈരോചനിപുരത്തിന്നൊ-
രതിഥിയാക്കി.
അഴലേശാതവർ പിന്നെ
യഴകേറും വനങ്ങളും
പുഴകളും ഗിരികളും
കണ്ടു രസിച്ചു.
ഉദിച്ചീടുന്നതിൻമുൻപേ
നദികളിൽക്കളിക്കയും,
മുദിതരായ് പരബ്രഹ്മ
ധ്യാനം ചെയ്കയും,
കനികളെബ് ഭുജിച്ചുകൊ-
ണ്ടനവധി തപംചെയ്യും
കനിവേറും മുനികളെ
നമിക്കുകയും,
സംഭരിതസുകൃതന്മാർ
ശംഭുവോടു തുല്യനാകും
കുംഭജന്മമുനിയേയും
കണ്ടു വണങ്ങി.

മുനിയുടെയരുളപ്പാ-
ടനുസരിച്ചതുകാലം
ജനസ്ഥാനസമീപത്തിൽ
താമസമാക്കി.
ഭീമയാകും ശൂൎപ്പണഖ
രാമനെക്കാമിച്ചു വന്നു;
കാമത്തിന്നു കണ്ണില്ലെന്നു
കഥിപ്പൂ കവ്യർ.
അപ്പോഴെ ലക്ഷ്മണൻ ഘോര
സൎപ്പതുല്യമസികൊണ്ടു
ശൂൎപ്പണഖതൻെറ കാതും
മൂക്കുമറുത്തു.
അതുകേട്ടു ഖരാദികൾ
ളതികോപം പൂണ്ടണഞ്ഞാ-
രവരെയേകനായ്തന്നെ
രാമനും കൊന്നു.
തരമിന്നു ചതിയെന്നു
കരുതി രാവണനപ്പോൾ
മാരീചനെയൊരു പൊൻമാ-
നാക്കിയയച്ചു.
അരിയൊരു സോദരന്മാ-
രിരുവരുമകന്നപ്പോ-
ളുരുവയർമണിയാളെ-
ക്കശ്മലൻ കട്ടു.
അടുത്തു വന്നുടൻ തന്നെ-
ത്തടുത്തൊരു ജടായുവെ-

കട്ടുത്ത വാൾകൊണ്ടു വെട്ടി
മരിപ്പാറാക്കി.
ശരിയെന്തെന്നറിയാതെ-
യരിയായിക്കരയുന്ന
സതിയാം സീതയെയവൻ
ലങ്കയിലാക്കി.
ദേവിയെക്കാണാഞ്ഞവരും
വേവുന്ന മാനസത്തോടെ-
യാ വിപിനങ്ങളിലെല്ലാം
തിരഞ്ഞുനോക്കി.
വൃത്താന്തങ്ങളുരചെയ്തു
ചത്ത പത്രരഥവര്യ-
ന്നുത്തമഗതിയെ നല്കി
സത്തമവന്ദ്യൻ.
താപമോടേ നടക്കുമ്പോൾ
ശാപമോക്ഷം കബന്ധനും
ഭൂപതീന്ദ്രൻ മുക്തി ശബ-
രിക്കുമരുളി.
ചമ്പകാംഗിയെത്തിരഞ്ഞു
പമ്പയുടെ തീരത്തെത്തി
വമ്പനാകും മാരുതിയും
വന്നു വണങ്ങി.
ഹനുമാൻമൊരുമിച്ചാ
രഘുകുലതിലകന്മാർ
ദിനമണിസുതൻ വാഴ-
മചലം പുക്കു.

വ്യഗ്രനായി വാണീടുന്ന
സുഗ്രീവനായ് സഖ്യംചെയ്ത-
ങ്ങുഗ്രനാം ബാലിയെക്കൊന്നു
രാജ്യവും നല്കി.
ജാനകിയെത്തിരയുവാൻ
നാനാകപിവൃന്ദങ്ങളെ
വാനരേശൻ നാലുപാടും
യാത്രയാക്കിനാൻ.
വാരിധി ലംഘനം ചെയ്തു
മാരുതി സീതയെക്കണ്ടു
പാരാതേ മോതിരം നല്കി
വാൎത്തയുമോതി,
ഉദ്യോഗമോടഥ നല്ലോ-
രുദ്യാനത്തെബ് ഭഞ്ജിച്ചുട-
നദ്യതായുധന്മാരാമ-
രക്കരെക്കൊന്നു;
രാവണനെക്കണ്ടു, ലങ്കാ
രാജധാനി ചുട്ടെരിച്ചു
രാമദൂതൻ വേഗം സ്വാമി
സന്നിധി ചേൎന്നു.
നല്ല ചൂഡാമണി കണ്ടു
പല്ലവാംഗിയെ നിനച്ചു
കല്ലലിയുമ്മാറ രാമ-
നൊട്ടു കരഞ്ഞു;
ധീരധീരൻ മാലടക്കി
വീരരൊത്തു പുറപ്പെട്ടു

വാരിരാശിതീരത്തിങ്കൽ
വസിക്കുന്നേരം,
രക്ഷിക്കേണമെന്നു ചൊല്ലും
രാക്ഷസേശസഹജനെ
തൽക്ഷണംതാൻ സ്വീകരിച്ചു
ഭക്തവത്സലൻ.
കടകണ്ണു ചുവന്നപ്പോൾ
കടലൊട്ടു ഭയം കൈക്കൊ-
ണ്ടുടൻ ചിറ കെട്ടാനുള്ള
വഴികൊടുത്തു.
പെരുങ്ങാതക്കരെച്ചെന്നു
കുരങ്ങന്മാരരക്കരെ-
ത്തെരുതെരെക്കൊന്നു മോദം
രാമനുണ്ടാക്കി.
അണ്ണുവഗംഭീരൻ കുംഭ-
കണ്ണനെ വധിച്ചു രാമൻ
പൂണ്ണമായ സന്തോഷത്തെ-
ജ്ജഗത്തിന്നേകി.
രാഘവൻെറയാജ്ഞകൊണ്ടു
മേഘനാദനെ ഹനിക്കെ
ശ്ലാഘയേറ്റൊരെപ്പാത്രമായി
സുമിത്രാപുത്രൻ.
രാമചന്ദ്രൻ പിന്നെത്തൻെറ
രാമയാം സീതയെക്കൂട്ടെ
രാവണനെക്കൊന്നു ലോക
പാലനംചെയ്തു.

പാവനയാം ജാനകിയും
 പാവകങ്കൽ പ്രവേശിച്ചു
ദേവകൾക്കമത്ഭുതത്തെ-
 യുത്ഭവിപ്പിച്ചു.
തൽക്ഷണം വിഭീഷണനെ
 രാക്ഷസൎക്കു രാജാവാക്കി
ശിക്ഷയായഭിഷേകത്തെ-
 ച്ചെയ്യിച്ചു രാമൻ
ജാനകീലക്ഷ്മണന്മാരും
 വാനരാദികളുമൊത്തു
യാനത്തിന്നായാരംഭിച്ചു
 പുഷ്പകമേറി.
പരമപൂരുഷൻ പിന്നെ-
 ബ് ഭരതനുമൊരുമിച്ചു
പുരംതന്നിൽ ചെന്നു മാതൃ
 ചരണം കുപ്പി.
ജനകനന്ദിനിയൊത്തു
 മനുവംശമണിക്കന്നു
മുനിവൎയ്യരഭിഷേകം
 വിധിവൽ ചെയ്തു.
രാജീവലോചനനായ
 രാമചന്ദ്രൻ വഴിപോലെ
രാജ്യഭാരം ചെയ്തു ചിരം
 സുഖിച്ചു വാണു.

ഹരിതൻെറ ചരിതത്തിലൊരുഭാഗമൊരുവിധം
**പരീക്ഷിത്തു** ചമച്ചിതു് സമൎപ്പിക്കുന്നു.

# 3. വാർദ്ധക്യം.

(മഞ്ജരി)

ആരങ്ങു? കണ്ടു പരിചയം തോന്നുന്നു
വാരുററ വാർദ്ധക്യമല്ലേ ഭവാൻ?
ഇല്ലില്ല സംശയം, കാണുവാനുണ്ടല്ലോ
ചൊല്ലാന്ന് ലക്ഷണം സ്പഷ്ടമായി.
കൂരിരുൾ മൗലിയിൽ കാണുന്നില്ലെന്നല്ല
ചാരു വെൺചാമരം ശോഭിക്കുന്നു.
ശ്മശ്രുക്കൾ കാണുമ്പോളാനനചന്ദ്രന്റെ
രശ്മിപ്രസരങ്ങളെന്നോ തോന്നൂ.
അല്പം കവിളൊന്നു ചുങ്ങുവാൻ കാരണം
ദർപ്പം മനസ്സിൽ കുറകയല്ലീ?
മെയ്യിൽ ചുളിവും കുറഞ്ഞൊന്നു കാണുന്നു
കയ്യിലോ നല്ല വടിയും കാണ്മൂ.
മണ്ടി നടപ്പിന്റെ വേഗമെന്നാകിലും
ഭംഗിക്കശേഷം കുറവില്ലല്ലോ.
ശാന്തമെന്നോതും രസമൊരു വിഗ്രഹ-
മേന്തി വരികയാണെന്നു തോന്നും.

സ്വാഗതം വാർദ്ധക! സൗഖ്യമല്ലോ ഭവാ-
നാഗതനാകയാൽ പ്രീതനായേൻ.
നിന്നുടേ മാഹാത്മ്യമോതുവാനിന്നോർത്താൽ
മാന്യകവികൾക്കും ത്രാണിയുണ്ടോ?
അങ്ങയ്ക്കു ചങ്ങാതിമാരുണ്ടനവധി-
യങ്ങെങ്ങു ഭൂമിയിൽ ചെല്ലാത്തുള്ളൂ?

ദുർവ്വാസശ്ശാപമെന്നുള്ളൊരു കൈതവാൽ
ഗീർവ്വാണരാജനെത്തന്നെയും നീ.
ബാധിക്ക മൂലമുള്ളാധികൾ തീക്കുവാൻ
മാധവനല്ലാതെ സാധിച്ചുവോ?

വൃക്ഷലതാപശു പക്ഷിനരാദിയിൽ
കാൽക്ഷണം ബാല്യം കരേറി വാഴും.
വല്ലാത്ത ചാപല്യമുള്ളോരബ്ബാല്യത്തെ
മല്ലനാം താരുണ്യം കീഴടക്കും.
തന്നത്താനേതുമറിയാത്തോരാക്കള്ള-
നന്യായമെന്തെല്ലാമാചരിക്കും!
ആരെയും കൂസുവാനില്ലെനിക്കെന്നൊരു
ഗൗരവഭാവം നടിച്ചു വാഴും.
ആ വിദ്വാൻ കാട്ടുന്ന ഗോഷ്ടികളോരോന്നു-
മാകില്ല ചൊല്ലുവാനാരെക്കൊണ്ടും.
ദർപ്പം മുഴുത്തവനിങ്ങനെ വാഴുമ്പോ-
ളല്പം പദം ഭവാനൊന്നു വെയ്ക്കും.
ഹന്ത ബലമവനൊട്ടും ഗ്രഹിക്കാത്തോ-
രന്തരം നോക്കിബ്ഭവാനും കേറും.
അങ്ങയുണ്ടാകും കുഴിയിൽ വീഴുമ്പോഴാ-
ച്ചങ്ങാതി കണ്ണു മിഴിച്ചു നോക്കും.
പിന്നെപ്ഫലമെന്തു? നാണിച്ചൊളിച്ചുട-
നന്യഗേഹം തേടി യാത്രയാകും.
പിന്നെയാപ്പത്തനമുള്ള കാലംവരെ-
യന്യന്നു സ്വാധീനമാകയില്ല.
ഇഷ്ടമനുസരിച്ചെന്തെങ്കിലുമതിൽ
കാട്ടാം; ഒരുത്തനും ചോദിക്കില്ല.

അന്തകദ്രുത്യനാണെന്നോരപവാദം
നിൻതലയ്ക്കേറവന്ന കഷ്ടം ചിലർ.
ചൊല്ലാമതിന്നുള്ള മൂലമജ്ഞാനമൊ-
ന്നല്ലാതെ മറെറാന്നുമല്ല നൂനം.
വല്ലാത്തൊരാമയം പെട്ടുപോയെന്നാകിൽ
ബാല്യത്തിലെത്രപേർ ചത്തിടുന്നു?
യൗവനം തള്ളിവരുന്ന കാലത്തില-
മവ്വണ്ണമല്ലയോ കണ്ടിടുന്നു?
മുക്തിവരുംവരെജ്ജന്തുക്കൾക്കൊക്കയും
മൃത്യുവും ജന്മവും വിട്ടുമാറാ.
അല്ലിനെ നിത്യം പകലും, പകലിനെ-
യല്ലും തുടരുമെന്നല്ലീ ന്യായം?
എന്തിനു പിന്നെബ്ഭവാനെപ്പഴിക്കുന്നു?
ചിന്തിക്കിലങ്ങെയ്ക്കു ദോഷമില്ല.
സജ്ജനമങ്ങയെക്കണ്ടാൽ വണങ്ങീടും
ദുർജ്ജനം പുച്ഛിക്കിലെന്തു ഛേതം?

മർത്ത്യന്റെ ദേഹത്തിൽ നന്നായിക്കണ്ടിടാ-
മത്രഭവാന്റെ മഹത്വമെല്ലാം.
ഒന്നല്ല കാണാം ഗുണങ്ങളനവധി
നന്നായ് വിചാരിച്ചു നോക്കീടുമ്പോൾ.
സൽഗതിഹേതുവാം ശാന്തി ദയതൊട്ടു
സൽഗുണങ്ങൾക്കൊരിരിപ്പിടം നീ.
സമ്പത്തു വന്നാലുമാപത്തു വന്നാലും
സംഭവിക്കില്ലതിക്ഷോഭമുള്ളിൽ.
എന്തു കാര്യത്തിലും, നന്നായ് ഗുണദോഷ-
ചിന്തതാനാദ്യമായങ്ങു ചെയ്വൂ.

സാവധാനം താൻ പ്രവൎത്തികളൊക്കെയു-
മാവലാതിക്കിടം വെക്കുകില്ല.
കുട്ടികളൊത്തു കളിക്കും; യുവാക്കന്മാ-
ൎക്കിഷ്ടോപദേശവുമങ്ങു ചെയ്യും;
തൎക്കമോ ശങ്കയോ മററുമുള്ളോൎക്കുണ്ടായാൽ
തീൎക്കുവാനും ഭവാൻതന്നെ വേണം.
കൗമാരതാരുണ്യ വേളകളിൽ മുൻപു
സാമാന്യം ക്ലേശിച്ചു സമ്പാദിച്ചു
വിദ്യയും ദ്രവ്യവുമെല്ലാം ഭവാൻതന്നെ
സദ്വിഷയങ്ങളിലാക്കീടുന്നു.
മുന്നം ഖ്ലൃക്കൾ മുനിവൃത്തിയാണ്ടതു
നിന്നോടു ചേൎന്നതിൽപ്പിന്നെയല്ലോ.
തന്നെഗ്രഹിപ്പിച്ചോരന്തകവൈരിയെ-
ത്തന്നെയും തൻകീഴിലാക്കി വാഴും
കാമദേവനും ഭവാനോടെതിൎക്കുവാൻ
സാമൎത്ഥ്യമില്ലെന്നു സുപ്രസിദ്ധം.
ദേഹാധിപത്യം ഭവാനേററാൽ പിന്നെയാ-
ദ്ദേഹിക്കു മോഹം കുറഞ്ഞുപോകും.
ഭാൎയ്യാദിഭാരമൊഴിഞ്ഞില്ലെന്നാലുമ-
ക്കാൎയ്യങ്ങൾ ചെയ്യില്ല മുന്നേപ്പോലെ.
സൽകൎമ്മം ചെയ്യുവാനുള്ളോരു കാംക്ഷയു-
മുൾക്കുരുന്നിങ്കലൊട്ടങ്കുരിക്കും.
ജോലിത്തിരക്കു കുറയുമ്പോളോൎത്തീടും
പീലിക്കോൽ മൗലിയിൽ ചാൎത്തുവോനെ.
താമരസാക്ഷന്റെ നാമകഥാദിയിൽ-
ത്താമസിയാതെ മനസ്സു ചെല്ലും.

ഈവണ്ണമൊട്ടനാറം പോകുമ്പോളുണ്ടാമ-
ക്കൈവല്യമൂത്തിയിൽ ചീത്ത ഭക്തി.
ഭക്തി ഭഗവാങ്കലുള്ള മനുജനു
മുക്തിവധൂടി കരസ്ഥയല്ലോ.

ഇത്രയും ശ്രേയസ്സൊരുവനു നല്കുന്നോ-
രത്രഭവാനാക്ക് വന്ദ്യനല്ല ?
ഉന്നിദ്രമോദേന വന്നിങ്ങിരുന്നാലു-
മൊന്നിച്ചുകൂടാം കുറച്ചുകാലം.
'പൂണ്ണചിദാനന്ദ ! കണ്ണവൈരിപ്രിയ !
പൂണ്ണത്രയീശ ! ജയിക്ക നിത്യം.
നാരായണ ! ഹരേ ! നാളീകലോചന !
നാരകനാശന ! നാഥ ! പാഹി !'
ഇത്യാദിയായുള്ള കീത്തനം പാടി ഞാൻ
നിത്യസുമാനന്ദമങ്ങേയ്ക്കേകാം.
സന്മതേ ! വാഴ്ക ! സാമോദം വന്നാലും
ചിന്മയസേവ ചെയ്തത്ര വാഴാം.

# 4. സൂക്തിമുക്താമണികൾ

(പാന)

അമ്പാടിതന്നിലംബുജനേത്രമാ-
രൻപൊടേ യാതൊരുത്തൻെറ നാമങ്ങൾ
ഗാനം ചെയ്യുന്ന കേട്ടു കേട്ടു പഠി-
ച്ചൂനം കൂടാതെ പാട്ടുകകാരണം
കേളിക്കായി വളൎത്ത ശുകങ്ങളും
കേളികേട്ട ശുകനു സമാനരായ്,
ദേവദേവനാകണ്ണൻ തിരുവടി
കേവലമെനിക്കാലംബനം പരം.

* * * *

(ഗാഥ)

ലോകത്തിലൊക്കയും തിങ്ങിയ കൂരിരു-
ളേകോദയത്താലിനൻകണക്കെ
നാരായണൻതൻെറ നാമമേതെങ്കിലു-
മാരാനൊരുത്തനിങ്ങായവണ്ണം
ഏകവാരമുരച്ചീടുകിലായതു
വൈകാതവൻപാപമൊക്കെ നീക്കി
സൎവ്വവിധങ്ങളാം നന്മകളും നല്കി
സൎവ്വോപരി വരീവൎത്തിക്കുന്നു.

* * * * *

മിന്നുന്ന മുത്തുകൾകൊണ്ടുള്ള ഹാരത്തി-
ന്നുന്നതഭംഗി കവർന്നിടുന്ന
നീലക്കാർവർണ്ണന്റെ പേരുകൾ ചേർത്തൊരു
മാലയണിഞ്ഞു നാം വാഴ്ക നിത്യം.

* * *

പൂതമനസ്സുകൾക്കാകർഷണം ഘോര-
പാതകക്കൂട്ടത്തിനുച്ചാടനം
മുക്തിയാമംഗനയ്ക്കൊന്നാംതരം വശ്യ-
മോർക്കിലീ ശ്രീരാമനാമമന്ത്രം.
മിണ്ടാവൂന്നാളുകൾക്കൊക്കെജ്ജപിച്ചീടാം
ചണ്ഡാലനുമിതിൽ ഭേദമില്ല.
വേണ്ടൊരു ദീക്ഷയും, ദക്ഷിണയും വേണ്ട,
വേണ്ടൊരു ലേശം പുരശ്ചര്യയും.
നാവിന്മേൽ വന്നാലിതപ്പോൾ ഫലിച്ചീടു-
മീവണ്ണം മാഹാത്മ്യമേതിനുള്ളു ?

(ഭഗവന്നാമകൗമുദി)

1. ധർമ്മംചെയ്തില്ല ലേശം, ധനനിചയവുമാ-
ർജ്ജിച്ചതി,ല്ലുത്തമസ്ത്രീ
നർമ്മാലാപാദികൊണ്ടുള്ളൊരു സുഖവുമറി-
ഞ്ഞില്ല, പാഴായി ജന്മം;
കർമ്മത്തിൻ വൈഭവത്താൽ ജനനമരണമെ-
ന്നുള്ളൊരിജ്ജന്തുധർമ്മം
ചെമ്മേയൊപ്പിച്ചുമാറുന്നതിനൊരവധിയു-
ണ്ടാക്കണേ ചക്രപാണേ !

2. അമ്മേ! നിൻമേനി കാണ്മാൻ കഴിവടിയനു വ-
ന്നീടുമോ, കാലകാലൻ
സമ്മോദത്താൽ തലോടും തിരുവടികളിൽ മൂ-
ർദ്ധാവു മുട്ടിയ്ക്കുവാനും.
‘ഉണ്ണീ! പേടിയ്ക്കവേണ്ട’ന്നമൃതുപൊഴിയുമാ-
വാക്കു കേട്ടാശ്വസിക്കാൻ
പുണ്യം കണ്ണത്തിനുണ്ടോ? ശരണമടിയനി-
ന്നോക്കിൽ മററാരുമുണ്ടോ?

3. അപരാധങ്ങൾ പലതു-
മറിഞ്ഞുമറിയാതെയും
അടിയൻ ചെയ്തുപോയെല്ലാ-
മവിടുന്നു പൊറുക്കണേ!

# 5. ഒരു വിമശനം

"ഉത്തരരാമചരിതത്തിലെ പ്രധാനരസം" എന്ന തലവാചകത്തിൽ "നവപുഷ്പമാല"യിൽ പണ്ഡിതവരനായ അനന്തനാരായണശാസ്ത്രികഠം എഴുതിയ ലേഖനം ഞാൻ സാമാന്യം മനസ്സിരുത്തി വായിച്ചുനോക്കി. അതിൽ നിബന്ധിച്ചിട്ടുള്ള യുക്തികളെപ്പററി ഒന്നു വിചിന്തനംചെയ്തു നോക്കുന്നതു് എനിയ്ക്കു രസകരമായിത്തോന്നി. ശാസ്ത്രികഠംതന്നെ എന്നെ അതിനു് പ്രോത്സാഹിപ്പിക്കുകയുംചെയ്തു. ആ വിചിന്തനം രസികജനങ്ങളുടെ പുരോഭാഗത്തിൽ ഇതാ അപ്പിക്കുന്നു.

ഇവിടെ വാദവിഷയം പ്രധാനരസം കരുണമോ കരുണവിപ്രലംഭം എന്നുപറയുന്ന ശൃംഗാരമോ എന്നാണു്. കരുണമാണു് എന്നു സ്ഥാപിക്കുവാൻ ഉദ്യമിക്കുന്ന ശാസ്ത്രികഠം, പ്രതിവാദികഠ അവഗണിച്ചതായി പറയുന്ന 'പ്രബലങ്ങളായ പ്രതികൂലയുക്തികളെ' വിവേചനം ചെയ്തുനോക്കിയാൽ അവയെ ഞെരുങ്ങിയാൽ മൂന്നെണ്ണമായി വേർതിരിക്കാം: (1) സമാഗമപ്രത്യാശ നായികാനായകന്മാരുടെ ഹൃദയത്തിൽ ലവലേശം ഇല്ല; പ്രത്യാശാശൂന്യമായ ശോകം രതിസമ്മിശ്രമാവാത്തതുകൊണ്ടു് വിപ്രലംഭസംജ്ഞാഹമാവില്ല. (2) താപസവത്സരാജാദികളിൽ കരുണമല്ലാതാക്കുവാൻ എടുത്തിട്ടുള്ള ഉപായമൊന്നും ഈ നാടകത്തിൽ അംഗീകരിച്ചിട്ടില്ല. (3) ശാകുന്തളത്തിലെ വിപ്രലംഭത്തിൽനിന്നു

വളരെ വ്യത്യസ്തനിലയിലാണ് ഉത്തരരാമചരിതത്തിലെ രസം സ്ഥിതിചെയ്യുന്നത്.

ഇതിൽ പ്രഥമയുക്തിയെ സ്ഥാപിക്കുവാനായി ശാസ്ത്രികൾ നാടകത്തിൽനിന്നുതന്നെ നായകവചനങ്ങൾ എടുത്തുദാഹരിച്ചിട്ടുണ്ട്. ഏതത്സമാനയോഗക്ഷേമങ്ങളായ വചനങ്ങൾ വേറെ പലതും ഉദാഹരിക്കുകയും ചെയ്യാം. എന്നാൽ ഇതെല്ലാം നായകൻ സ്വയം പ്രവർത്തിക്കുവാൻ ഭാവിക്കുന്ന കർമ്മത്തിൻെറ അതിനിന്ദ്യതയെ പ്രകാശിപ്പിക്കുകയും, 'ക്രവ്യാത്ഭിരംഗലതികാ നിയതം വിലുപ്താ' എന്നു വാസന്തിയോടു പറയുന്ന അവസരത്തിൽ തൻെറ പശ്ചാത്താപാധിക്യത്തെ സൂചിപ്പിക്കുകയുമാണ് ചെയ്യുന്നതു് എന്നു പറയുന്നതിന്നു് ഒരു വിരോധവും അനൌചിത്യവും ഇല്ല. ഈ വചനങ്ങളെല്ലാം സംഭാവനമാത്രമാണ്. പ്രത്യക്ഷാദിയായ പ്രമാണംകൊണ്ടും സീതാവിപത്തിയെ നായകന്നു് നിശ്ചയിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു് 'സ്നേഹഃ പാപശങ്കീ' എന്നുള്ള ന്യായത്തിൻെറ വിശിഷ്ടോദാഹരണങ്ങളിൽ ഒന്നായിട്ടേ ഇതെല്ലാം കണക്കാക്കുവാൻ തരമുള്ളു.

'വാല്മീകിയുടെ ആശ്രമപദത്തിൽ സീതയെ പരിത്യജിച്ചു പോരുവാനുള്ള നിയോഗമല്ല ഉത്തരരാമചരിതത്തിൽ കാണുന്നതു്' എന്നുകൂടി എഴുതി സീതാവിപത്തിയിൽ രാമന്നു് ദൃഢപ്രത്യയമുണ്ടെന്നു് സാധിക്കാൻ ശാസ്ത്രികൾ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ആറാമങ്കത്തിൽ 'തദേതൽ പ്രാചേതസാധ്യുഷിതമരണ്യം, യത്ര

കില ദേവീ പരിത്യക്താ' എന്നു് ശ്രീരാമൻതന്നെ പറഞ്ഞിട്ടുള്ളതു് ശാസ്ത്രികളുടെ കണ്ണിൽ പെട്ടില്ലായിരിക്കാം. ലക്ഷ്മണൻ വാല്മീക്യാശ്രമത്തിൽ ദേവിയെ ത്യജിച്ചതു് ശ്രീരാമനിയോഗം കൂടാതെയോ അതിന്നു് വിപരീതമായോ ആണെന്നു പറവാൻ ആക്കും ധാർഷ്ട്യമുണ്ടാവുമെന്നു തോന്നുന്നില്ല. ഈ രാമനിയോഗം തന്നെ 'പ്രസന്നഗംഭീരാസു വനരാജിഷു വിഹരിഷ്യേ' 'പവിത്രസൌമ്യശിശിരാവഗാഹാം ഭാഗീരഥീമവഗാഹിഷ്യേ' എന്ന ദൌഹൃദനിവേദനത്തിൻെറ എന്ന പോലെ ദേവിക്കു് ഒരു അപായവും വരാതിരിക്കണമെന്നുള്ള സ്വാഭിലാഷത്തിൻെറയും ഫലമാണെന്നു നമുക്കു നിശ്ചയിക്കാം. ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ സമാഗമപ്രത്യാശ രാമഹൃദയത്തിൽ ഉണ്ടാവാൻ വിരോധമില്ലെന്നു സ്പഷ്ടമാകുന്നു.

'നായകൻ അന്തൎന്നാടകദൎശനത്തിനു മനസ്സില്ലാമനസ്സോടെ രംഗത്തിൽ പ്രവേശിക്കുന്നതാ'യി ഏഴാമങ്കത്തിൽ വൎണ്ണിക്കപ്പെട്ടിട്ടുള്ളതു് 'ആ ക്ഷണത്തിൽപോലും സീതാസമാഗമത്തിൻെറ പ്രത്യാശ രാമഹൃദയത്തിൽ അങ്കുരിച്ചിട്ടില്ല' എന്നതിന്നു് സാധകമായി ശാസ്ത്രികൾ പറഞ്ഞിട്ടുണ്ടു്. അന്തൎന്നാടകത്തിലെ വിഷയം സീതാവൃത്താന്തമാണെന്നു നായകൻ അറിയാത്ത സ്ഥിതിക്കു് 'മനസ്സില്ലാമനസ്സോടെ' അല്ലാതെ രംഗസ്ഥിതി ഉണ്ടാകുമോ? പശ്ചാത്താപംകൊണ്ടു സൎവ്വതോ നിൎവ്വിണ്ണനായ ഒരാൾ നാടകദൎശനാദിവിനോദങ്ങളിൽ സമുത്സുകനാവുക എന്നതു സംഭാവ്യംതന്നെ അല്ല. അതുകൊണ്ടു്

'രാജ്യാശ്രമനിവാസോപി' ഇത്യാദി ലക്ഷ്മണവാക്യവും ഒരു വിധത്തിലും പ്രധാനരസം വിപ്രലംഭമാവുന്നതിന്നു വിരോധിയല്ല.

എന്നു മാത്രമല്ല, ദേവിയുടെ വിപത്തിയിൽ രാമന്ന് ആ ക്ഷണംവരെ ലേശം നിശ്ചയം ഉണ്ടായിരുന്നില്ല എന്നുള്ളതിന്ന് അന്തന്നാടകദൎശനാവസരത്തിലെ 'ഹാ പ്രിയേ ലോകാന്തരം ഗതാസി' എന്നുള്ള വചനം പരമസാക്ഷ്യം വഹിക്കുന്നുമുണ്ട്.

കാദംബരിയിലെ മഹാശ്വേതാവൃത്താന്തത്തിന്നും ഇതിന്നും തമ്മിൽ ഉള്ള വ്യത്യാസവും ഇപ്പോഠം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. പുണ്ഡരീകമരണം പ്രത്യക്ഷമായി കണ്ടനുഭവിച്ച മഹാശ്വേതയുടെ ശോകം കരുണമല്ലാതെ വരുവാൻ തരമില്ല. അശരീരിണി കേഠക്കുന്നതുവരെ സമാഗമാശയ്ക്ക് അവസരലേശവും ഇല്ല. അതുകൊണ്ട് ആ ദൃഷ്ടാന്തംപ്രമാണിച്ച് ഉത്തരരാമചരിതത്തിലും കരുണമാണ് പ്രധാനരസം എന്നു പറയുന്നതു കുറേ സാഹസമല്ലേ?

രണ്ടാമത്തെ യുക്തിയും ദുൎബ്ബലമായിത്തന്നെ തോന്നുന്നു. പ്രസ്താവനയിൽ വൎണ്ണയിഷ്യമാണകഥാംശസൂചനം മഹാകവികഠം അംഗീകരിച്ചിട്ടുള്ള രീതിയാണ്. 'യദിപുനരിയം കിംവദന്തീ മഹാരാജംപ്രതി സ്യന്ദേത, തതഃ കഷ്ടതരം സ്യാൽ,' 'സൎവ്വഥാ ഋഷയോ ദേവാശ്ച ശ്രേയോ വിധാസ്യന്തി' എന്നുള്ള ഉക്തിപ്രത്യുക്തികഠംകൊണ്ട് കവി നായികാനായകന്മാൎക്കുണ്ടാവാൻ പോകുന്ന ആപത്തിനേയും തൽപരിഹാരത്തേയും

സാമാജികന്മാരെ ഗ്രഹിപ്പിക്കുക കഴിഞ്ഞു. പ്രാൎത്ഥനാപ്രതിപാദകമായ ലിങ്ങാദിയെ പ്രയോഗിക്കാതെ ക്രിയാ നിഷ്പത്തിയിൽ അസംശയത്തെ 'വിധാസ്യന്തി' എന്ന ലൃട്ടുകൊണ്ടു് സ്പഷ്ടമാക്കീട്ടും ഉണ്ടു്.

അങ്കാരംഭത്തിലും 'പുത്രപൂൎണ്ണോത്സംഗാമായുഷ്മതീം ദ്രക്ഷ്യാമഃ' എന്ന ഋശ്യശൃംഗവചനത്തിലെ ആയുഷ്മതീശബ്ദവും കേവലം സമുദാചാരമാണെന്നു വിചാരിച്ചു തള്ളിക്കളയുക വയ്യ. 'ഋഷീണാം പുനരാദ്യാനാം വാചമൎത്ഥോനുവൎത്തതേ' എന്നു് അടുത്തുമുമ്പു പ്രകാശിപ്പിച്ച നായകാഭിപ്രായം ഇവിടേയും യോജിക്കുമെന്നോ യോജിപ്പിക്കണമെന്നോ സഹൃദയന്മാരോടു് പ്രത്യേകം പറയേണ്ട ആവശ്യമില്ല, നിശ്ചയം.

തൃതീയാങ്കത്തിലും 'അവനിരമരസിന്ധുഃ........ത്വയി വിതരതു ഭദ്രം ഭൂയസേ മംഗളായ' എന്നുള്ള തമസാവാസന്തിമാരുടെ മംഗളാശംസ 'സമാഗമത്തിന്റെ വിസ്പഷ്ടജ്ഞാപകമല്ല' എന്നു പറഞ്ഞിട്ടുള്ളതും ഗ്രാഹ്യമായിത്തോന്നുന്നില്ല. 'സമാഗമായ' എന്നുതന്നെ പറഞ്ഞാലേ മതിയാവുള്ളു എന്നായിരിക്കുമോ ലേഖകാഭിപ്രായം? നായികാനായകന്മാൎക്കു് പുനസ്സമാഗമമല്ലാതെ മറെറാരു ഐഹികവിഷയത്തിലും താൽപൎയ്യമില്ലെന്നു്—ചതുൎത്ഥ പുരുഷാൎത്ഥത്തിന്റെ പ്രസക്തിപോലും ഉണ്ടെന്നു തോന്നുന്നില്ല—മൂന്നാമങ്കംകൊണ്ടു് കവിചൂഡാമണി നല്ലവണ്ണം പ്രകാശിപ്പിച്ചിട്ടുണ്ടു്. ഈ സ്ഥിതിക്കു് അത്യന്തം ഇഷ്ടന്മാരായിട്ടുള്ളവർ മംഗളാശംസ ചെയ്യുമ്പോൾ ഒരുവിധത്തിലും അഭിലഷിത

മല്ലാത്തതിനെ ഉദ്ദേശിച്ചാണെന്ന് എങ്ങിനേപറയാം? മംഗളത്തിന് 'ഭൂയസേ' എന്നൊരു വിശേഷണം വെറുതെ ചേത്താവുമോ? നിശ്ചയമായിട്ടും അല്ല. ഭദ്രശബ്ദത്തിന് പുണ്യാപരപൎയ്യായമായ അനുഗ്രഹവും ഭൂയസ്സായ മംഗളമെന്നതിന് പരമാനന്ദവും എന്നാണ് അൎത്ഥം. സമാഗമമല്ലാതെ മറെറാന്നുകൊണ്ടും സീതാരാമന്മാക്ക് സുഖലേശത്തിനും അവകാശമില്ലെന്നിരിക്കെ, പരമാനന്ദം ഇന്നതെന്ന് പാമരന്മാക്കുകൂടി ദുർഗ്രഹമാണെന്നു തോന്നുന്നില്ല. ഇങ്ങിനെ കവിപ്രസ്താവനയിൽതന്നെ പുനസ്സമാഗമം സൂചിപ്പിച്ചിട്ട് മദ്ധ്യത്തിൽ ദേവതാവിശേഷങ്ങളുടെ അനുഗ്രഹവും ആശീസ്സുംകൊണ്ട് അതു് അവശ്യംഭാവിയാണെന്ന് സാമാജികന്മാരെ നല്ലവണ്ണം ഗ്രഹിപ്പിക്കുന്നുണ്ട്. യൌഗന്ധരായണാദികളുടെ ഉപായത്തിലേക്കാറം ദേവതാവാക്യത്തിൽ സാമാജികന്മാക്കു വിശ്വാസക്കുറവു വരുമോ?

ഇവിടെ ഒരു വിശേഷവുംകൂടി ഉണ്ട്. താപസവത്സരാജത്തിൽ സാമാജികന്മാക്കുള്ളപോലെ നായകന് വാസവദത്താപ്രത്യാപത്തിയിൽ ഒരു നിശ്ചയവുമില്ല. പ്രത്യുത, മരണനിശ്ചയം ഉണ്ടുതാനും. ഉത്തരരാമചരിതത്തിൽ 'അവനിഃ' ഇത്യാദ്യംശം നായകന്മാരോടു നേരിട്ടുള്ളതായതുകൊണ്ടു ദേവവചനങ്ങളിൽ പരമവിശ്വാസമുള്ള അവക്ക് സമാഗമത്തിൽ ആശപോലും ഉണ്ടാകാതിരിക്കുമോ?

ഇനി മൂന്നാമത്തെ യുക്തിയും ഒന്നു പരീക്ഷിച്ചു നോക്കാം. ശകുന്തളയെ മേനകയാണ് കൊണ്ടുപോയ

തെന്ന് സാധാരണന്മാക്കും അറിയാമെന്നുള്ളതു് വാസ്തവംതന്നെ. പക്ഷേ നായകന്റെ മനോഭാവം ഏതു നിലയിൽ ഇരിക്കുന്നു എന്നാണ് നമുക്ക് പ്രധാനമായി നോക്കേണ്ടതു്. 'അനുശയദുഃഖായേദം ഹതഹൃദയം സമ്പ്രതി വിബുദ്ധം' എന്നും 'അസന്നിവൃത്ത്യൈ തദതീതം' 'ഏതേ മനോരഥാനാമതടപ്രപാതാഃ' എന്നും മററുമുള്ള ദുഷ്ഷന്തവാക്യങ്ങൾക്കും 'ദുഃഖസംവേദനായൈവ രാമേ ചൈതന്യമാഹിതം', 'നിരവധിരയന്തു പ്രവിലയഃ' എന്നുതുടങ്ങിയ രാമവാക്യങ്ങൾക്കും തമ്മിൽ ഒരു ഭേദവും ഇല്ല. നേരെമറിച്ച്, ശകുന്തളയുടെ ലോകാന്തരപ്രാപ്തി ദുഷ്ഷന്തൻ ആപ്തവാക്കുകൊണ്ടു് അറിഞ്ഞു. പുനല്ലാഭവിഷയത്തിൽ ആശയ്ക്കുള്ള നിമിത്തമൊന്നും ഉത്തരരാമചരിതത്തിലേക്കാൾ അധികം നിബന്ധിച്ചിട്ടും ഇല്ല. 'അമ്മ മകളുടെ വ്യസനം കണ്ടുകൊണ്ടു് വളരെക്കാലം ഇരിക്കില്ല. സമാഗമം സാധിപ്പിക്കും' എന്നുള്ള വിദൂഷകവചനം സമാശ്വാസനംമാത്രമായിട്ടേ നായകനും സാമാജികന്മാരും ഗ്രഹിക്കുന്നുള്ളു. കേവലം അവിതക്കിതമായവിധത്തിലാണ് മഹാകവി നായകന്മാരെ പുനസ്സംഘടിപ്പിക്കുന്നതും. ഈ നിലയിലായാലും ദുഷ്ഷന്തന്റെ ശോകം വിപ്രലംഭപോഷകം മാത്രമാണെങ്കിൽ ശ്രീരാമന്റെ ശോകത്തിന് ഇതിലധികം പ്രാധാന്യം കല്പിക്കേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നില്ല. സാഹിത്യദപ്പണത്തിൽനിന്ന് ശാസ്ത്രികൾ ഉദാഹരിച്ച വിപ്രലംഭലക്ഷണം ഉത്തരരാമചരിതത്തിലാണ് അധികം യോജിക്കുക എന്നുകൂടി തോന്നിപ്പോകുന്നു.

ഈവിധം നിഷ്കൎഷിച്ചു നോക്കുമ്പോൾ പ്രതികൂല യുക്തികൾക്കു ശാസ്ത്രീകൾ കല്പിച്ച പ്രാബല്യമില്ല എന്നു തെളിയുന്നു. അത്രമാത്രമല്ല, നായികാലംബനമായ നായകന്റെ രതിക്കു വിച്ഛേദം വന്നിട്ടില്ലെന്നു സ്പഷ്ട മാകുന്ന നായകവചനങ്ങളും ചിലതിവിടെ ഉദ്ധരി ക്കാം. പ്രഥമാങ്കത്തിൽ സീതാപരിത്യാഗത്തെ നിശ്ച യിച്ചതിന്റെ ശേഷം 'ദേവി അപശ്ചിമസ്തേ രാമശിര സാ പാദപങ്കജസ്പൎശഃ' എന്ന പ്രാൎത്ഥന പുനസ്സമാഗ മാശയെ എത്ര സ്പഷ്ടമാക്കിയിട്ടുണ്ടു്? 'പശ്ചിമഃ' എന്ന പാഠം അംഗീകരിച്ചവരോടു് ഈ യുക്തി പറയുവാൻ വയ്യല്ലോ എന്നാണെങ്കിൽ, അതു പോട്ടെ. പ്രഥമാങ്ക ത്തിൽതന്നെ 'ഭഗവതി വസുന്ധരേ ശ്ലാഘ്യാം ദുഹിതര മവേക്ഷസ്വ ജാനകീം' എന്ന രാമന്റെ ഭൂമിദേവിയോ ടുള്ള വാക്കിൽ സീതയ്ക്കു് സംഭവിക്കാവുന്ന ശരീരബാ ധാനിവൃത്തിയെ മാത്രമല്ല, സമാഗമസമ്പാദനദ്വാരാ ദുഃഖനിവൃത്തികൂടി പ്രാൎത്ഥിച്ചിട്ടുണ്ടു് എന്നു് ഏഴാമങ്ക ത്തിൽ സീതാപ്രത്യൎപ്പണാനന്തരമുള്ള 'തദധുനാ കൃതവ ചനാസ്മി' എന്ന വസുന്ധരാവാക്യത്തിൽ നിന്നു തെ ളിയുന്നില്ലേ?

മൂന്നാമങ്കത്തിലും സീതാപാണിസ്പൎശമനുഭവിച്ച തിന്റെ ശേഷം 'ന ഖലു വത്സലയാ ദേവ്യാ അഭ്യുപപ ന്നോസ്മി' എന്നുള്ള രാമവാക്യവും സമാഗമാശ നായ കഹൃദയത്തിൽ സൎവ്വദാ ഉണ്ടായിരുന്നു എന്നുള്ളതിന്റെ പരമസാധകമല്ലേ? 'നനു പ്രിയേ ജാനകി' എന്നുള്ള അനുനയനവാക്യവും കരുണത്തേക്കാൾ വിപ്രലംഭത്തേ

യല്ലേ ധ്വനിപ്പിക്കുന്നതു് ? 'ആൎയ്യപുത്ര ! അസദൃശം ഖ ലേചതൽ അസ്യ വൃത്താന്തസ്യ' എന്ന ദേവിയുടെ മുള്ള വാക്കും ഈ ആശയത്തെത്തന്നെയാണ് പ്രബലപ്പെട്ടുത്തുന്നതു്. 'പ്രസാദ ഇവ മൂൎത്തസ്തേ സ്പൎശഃ സ്നേഹാൎദ്രശീതളഃ, അദ്യാപ്യാനന്ദയതി മാം ത്വം പുനഃ ക്വാസി നന്ദിനി' എന്നുള്ള രാമവാക്യത്തേ കേട്ടിട്ടു് 'അഗാധപ്രദൎശിതസ്നേഹസഹായാ ആനന്ദനിഷ്യന്ദിനഃ സീതാമയാ ആൎയ്യപുത്രസ്യോല്ലാപാഃ' എന്നാണു് ദേവി പറയുന്നതു്. നിരാശാസഹായമായ ശോകം മാത്രമേ രാമവചനങ്ങളിൽ വ്യഞ്ജിക്കുന്നുള്ളു എങ്കിൽ അവ ദേവിക്കു് ഒരിക്കലും ആനന്ദനിഷ്യന്ദികളാവുകയില്ല, നിശ്ചയം. അനുരാഗാവസ്ഥാവിശേഷത്തെ പ്രതിപാദിക്കുന്ന 'സ്നേഹ' ശബ്ദംതന്നെ പ്രയോഗിച്ചു് സ്നേഹത്തിനു് പ്രാധാന്യവും പ്രകാശിപ്പിച്ചിട്ടുണ്ടു്.

ആറാമങ്കത്തിലും കുശലവന്മാരെ സീതാപുത്രന്മാരെന്നു് ഊഹിച്ചിട്ടു സീതാവൃത്താന്തപരിജ്ഞാനത്തിൽ അത്യന്താഗ്രഹത്തോടുകൂടി 'തൽ കിമേതൌ പൃച്ഛാമി കേനചിദുപായേന' എന്ന നായകവചനവും സീതാവിഷയകരതിയെ വ്യഞ്ജിപ്പിക്കുന്നു. 'ദഗ്ദ്ധഹൃദയകോയമാകസ്മികസ്തേ പാരിപ്ലവവികാരഃ' എന്നുള്ളതുകൊണ്ടും മനോരഥലാഭപൎയ്യുത്സുകത പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ടു്. ഈ പൎയ്യുത്സുകത സീതാവിഷയകരതിമൂലമല്ലെന്നു് ഒരു സഹൃദയനും വാദിക്കുമെന്നു തോന്നുന്നില്ല.

ഇതിനൊക്കെയും പുറമേ, അശ്വമേധസഹധൎമ്മചാരിണി സീതാപ്രതികൃതിയാണെന്നു് വാസന്തിയെ

ധരിപ്പിച്ചതിൻെറശേഷം യാത്രപറയുമ്പോഠ 'ത്രാപി താവൽ ബാഷ്പദിഗ്ദ്ധം ചക്ഷുർവ്വിനോദയാമി' എന്ന വി നോദനോപായകഥനം ഒന്നുതന്നെ പോരേ, സീതാവി ഷയകരതി— വിപ്രലംഭസ്ഥായിഭാവം — നായകഹൃദ യത്തിൽ അനവരതം സ്ഫുരിക്കുന്നുണ്ടെന്നുള്ളതിന്? 'ത്വാമാലിഖ്യ പ്രണയകുപിതാം....' ഇത്യാദി മഹാകവി വർണ്ണനകളിലെല്ലാം രാഗികളായ വിരഹികളാണ് ഈ വിധത്തിൽ വിനോദിച്ചുകാണുന്നതു്. ആലംബനനാശം നിമിത്തം സമാഗമാശ തീരെ നശിച്ചാൽ ഇപ്രകാരമു ള്ള വിനോദങ്ങഠ നായികാനായകന്മാക്ക് വർണ്ണിച്ചു ക ണ്ടതായി തോന്നുന്നില്ല.

മൂന്നാമങ്കത്തിൽ ദേവീവചനങ്ങഠ പരിഭാവനം ചെയ്താൽ ഏതൊരുമാർഗ്ഗത്തിലാണ് സമാഗമം മേലാൽ സംഭവിക്കുക എന്നു ദേവിക്കു നിശ്ചയമോ ഊഹമോ ഇ ല്ലെങ്കിലും അതിൽ അത്യന്താഗ്രഹം ഉണ്ടെന്ന് സഹൃദയ ന്മാക്ക് സുസംവേദ്യമാണെന്ന് കരുതി ആ അംശം വിസ്ത രിക്കാൻ പുറപ്പെട്ടുന്നില്ല. പരിത്യാഗശോകംകൊണ്ടു പ രവശയായ സീത അമ്മയോടു് സദ്യോലയത്തെ പ്രാർത്ഥി ച്ചപ്പോഠ 'കുട്ടികളുടെ മുലകുടി മാറിയതിൻെറ ശേഷം ഇഷ്ടംപോലെ ചെയ്തോളു' എന്നാണ് മറുപടി കിട്ടിയ തെങ്കിലും, കുട്ടികളെ വാല്മീകിമഹർഷിയെ ഏല്പിച്ചതി ൻെറശേഷവും സജീവയായി ദിനമാസവർഷങ്ങളെ കഴി ച്ചുകൂട്ടിയതു്, 'ഏതി ജീവന്തമാനന്ദോ നരം വർഷശതാ ദപി' എന്നുള്ള ഏകാദിശ്വാസം കൊണ്ടല്ലാതെ മറ്റെ ന്തുകൊണ്ടാണ്? 'ആശാബന്ധഃ കുസുമസദൃശപ്രാണമ

പ്യംഗനാനാം സദ്യഃപാതപ്രണയി ഹൃദയം വിപ്രയോഗേ രുണദ്ധി' എന്ന മഹാകവിവചനവും സ്മത്തവ്യമാണു്.

സീതാദേവിയെ കണ്ട സമയത്തിൽ തമസ 'അഥവാ ശരീരിണീ വിരഹവ്യഥേവ' എന്ന ഉൽപ്രേക്ഷാന്തരത്തെ അവലംബിച്ചു സീതാദേവിക്കുള്ള രാമവിഷയകരതിയേയാണ് ധ്വനിപ്പിക്കുന്നതെന്നു സമ്മതിക്കാതെ തരമുണ്ടോ ?

കരുണമാണ് പ്രധാനരസമെന്നു സമത്ഥിക്കാൻ സമുത്സുകനായ ശാസ്ത്രികഠം പുനസ്സമാഗമവണ്ണനം സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതായിരുന്നു. ഉത്തരരാമായണത്തിൽ ആദികവിയാകട്ടെ, പുനദ്ദശനംമാത്രം ലഭിച്ചതിൻെറശേഷം സീതാദേവിയുടെ ആത്യന്തികമായ തിരോഭാവത്തെ വണ്ണിച്ചു് കരുണരസത്തിന്നു് അസാമാന്യമായ പുഷ്ടി വരുത്തിയിട്ടുണ്ടു്. ഈ മാഗ്ഗത്തെ ഭവഭൂതി അനുസരിക്കാതെ സമാഗമം വണ്ണിക്കാൻ പുറപ്പെട്ടതിൻെറ ആശയം ശാസ്ത്രികഠം സ്പഷ്ടമാക്കേണ്ടതായിരുന്നു. ലക്ഷണകാരന്മാരെ സന്തോഷിപ്പിക്കാൻ മാത്രമായി മഹാകവി ഇങ്ങിനെ ചെയ്തതായിരിക്കും എന്നു വാദിക്കാൻ, ഈ ഉപന്യാസത്തിലെ അവസാനവാക്യം എഴുതിയ ശാസ്ത്രികഠം ഉദ്യമിക്കയില്ലെന്നു തീച്ചതന്നെ. കരുണവിപ്രലംഭമാണ് പ്രധാനരസം എന്നു പറയുന്നവക്കു് ഈ സമാഗമവണ്ണനം അത്യന്താനുകൂലമാകയാൽ യഥാകഥഞ്ചിൽ ഉപപാദിച്ചു് തള്ളിക്കളയേണ്ട ക്ലേശം ഇല്ലതന്നെ.

ഉത്തരരാമചരിതം അവധാനത്തോടുകൂടി നോക്കുന്നതായാൽ പ്രധാനരസം വിപ്രലംഭമാണെന്നു് നിശ്ചയിക്കുവാൻ യുക്ത്യന്തരങ്ങളും കിട്ടിയേക്കാം. ആ ഭാരം സഹൃദയശിരോമണികളിൽ സമർപ്പിച്ചു് ഈ ലേഖനം അവസാനിപ്പിക്കുന്നു. *

## 6. ഒരു മണ്ഡനം

ഈ കഴിഞ്ഞ വൃശ്ചികത്തിലെ (1114) 'രാജർഷി' കിട്ടിയപ്പോൾ പതിവുപോലെ വിഷയവിവരം വായിച്ചു സമയം "സാഹിത്യത്തിലെ ആശയസാമ്യവും ഔചിത്യവും" എന്ന ലേഖനം നോക്കി മനസ്സിലാക്കുവാനാണു് എനിക്കു് ആദ്യമായി കൌതുകം തോന്നിയതു്. എന്നാൽ വായിച്ചു കഴിഞ്ഞപ്പോൾ കുറെ ബുദ്ധിക്ഷയത്തിന്നാണു് ഇടവന്നതു്. കാളിദാസന്റേയും ശ്രീഹർഷന്റേയും പദ്യങ്ങൾ താരതമ്യപ്പെടുത്തി ഗുണദോഷവിചിന്തനം ചെയ്യുകയും അതിൽ ശ്രീഹർഷപദ്യങ്ങൾക്കു് നികർഷം കല്പിക്കുകയും ചെയ്യുക എന്നതു്,

* 1938 സെപ്റ്റമ്പറിലെ 'മഹാരാജാസ് കോളേജ് മാസിക'യിൽ പ്രസിദ്ധീകരിച്ചതാണു് ഈ ലേഖനം. ഇതിനു വിഷയമായ ശാസ്ത്രീകളുടെ നിരൂപണം ഒടുവിൽ അനുബന്ധമായി ചേർക്കുന്നുണ്ടു്.

പണ്ഡിതന്മാരുടെ വിനോദങ്ങളിൽപ്പെട്ടതായി ഇതിന്നു മുമ്പും എനിക്ക് അനുഭവമുണ്ട്. ആ മാമൂലനുസരിച്ചു ഈ ലേഖകനും — സാഹിത്യശിരോമണി പെരുമാങ്ങോട്ട് — പ്രവൎത്തിച്ചു എന്നുമാത്രം പറഞ്ഞാൽ പോര, കയ്യൊന്നു കടത്തിവെച്ചു എന്നു തന്നെ പറയണം. ഇദ്ദേഹം ആ രണ്ടു മഹാകവികളുടെ ഈ രണ്ടു ശ്ലോകങ്ങളും ഉദ്ധരിച്ചു വിവേചനംചെയ്തു് ശ്രീഹൎഷശ്ലോകങ്ങൾക്ക് അനൌചിത്യം എന്ന മഹാദോഷം സ്ഥാപിച്ച് കൃതാൎത്ഥനായപോലെ തോന്നും. അതിനെപ്പററി മററ സഹൃദയന്മാർ എന്തു പറയുന്നു എന്നറിവാനായി പിന്നത്തെ "രാജൎഷി"ലക്കങ്ങൾ കുറെ ആൎത്തിയോടെ പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ഇതുവരെ ആരും ഒന്നും എഴുതി കണ്ടിട്ടുമില്ല. ഈ രണ്ടു ശ്ലോകങ്ങളുടേയും ആശയം ഞാൻ ഗ്രഹിച്ചിട്ടുള്ള വിധം സ്പഷ്ടീകരിക്കുന്നതിന്നു മുമ്പായി പെരുമാങ്ങോട്ട് കല്പിച്ച ധ്വനിയുടെ സാധുതയെ ഒന്നു പരീക്ഷിക്കട്ടെ.

ലതാബലാലാസ്യകലാഗുരുസ്തരു-
പ്രസൂനഗന്ധോൽകരപശ്യതോഹരഃ
അസേവതാമും മധുഗന്ധവാരിണി
പ്രണീതലീലാപ്ലവനോ വനാനിലഃ

എന്ന ശ്ലോകത്തിൽ സ്ത്രീകളുടെ സ്വത്തു മുഴുവൻ അപഹരിച്ച് മദ്യപാനം ചെയ്തുനടക്കുന്ന ഒരു വിടനാണ് വനാനിലൻ എന്ന് വിശേഷണങ്ങളെക്കൊണ്ടു് കിട്ടുന്നു എന്നും ആ വിധത്തിലുള്ള ഒരു തെമ്മാടിച്ചെക്കൻ രാജാവിനെ സേവിച്ചു എന്നുപറയുന്നതു് അത്യന്തം

അനുചിതമാകുന്നു എന്നുമാണ് ലേഖകൻ പ്രതിപാദിച്ചിട്ടുള്ളതു്. "തരുപ്രസൂനഗന്ധേ"ത്യാദി വിശേഷണത്തിലെ തരുശബ്ദം പുല്ലിംഗമായതുകൊണ്ടും പ്രസൂനശബ്ദം നപുംസകമായതുകൊണ്ടും സ്ത്രീകളുടെ സ്വത്തു് അപഹരിച്ചു എന്നു കിട്ടുന്നതു് എങ്ങിനെയാണെന്നു ഒട്ടുംതന്നെ മനസ്സിലാകുന്നില്ല. "മധുഗന്ധവാരിണി" എന്ന സ്ഥലത്തും മധു(തേൻ)വിനെ ഗന്ധവാരിയായി രൂപണം ചെയ്തിട്ടുള്ളതുകൊണ്ടു് കള്ളുകുടിയൻ എന്ന അർത്ഥം തോന്നുവാനും തരമില്ല. ആദ്യത്തെ വിശേഷണത്തിൽ "ഗുരു" എന്നു പ്രയോഗിച്ചിട്ടുള്ളതിനാൽ വിടൻ എന്നോ തെമ്മാടിച്ചെക്കൻ എന്നോ ഒരിക്കലും ധ്വനിക്കുന്നതുമല്ല. അതിനാൽ ശ്രീഹർഷപദ്യത്തിന് അനൌചിത്യദോഷം കല്പിക്കുവാനുള്ള അത്യാഗ്രഹമായിരിക്കുമോ ഈ ധ്വനികല്പനത്തിനും മൂലമെന്നു സംശയം തോന്നുന്നു.

എന്നാൽ, വായുവിന്റെ ശൈത്യാദിഗുണങ്ങളെ പ്രദർശിപ്പിക്കുക മാത്രമാണോ കവി ഈ ശ്ലോകംകൊണ്ടു് ചെയ്യുന്നതു് എന്നാണെങ്കിൽ അതൊട്ടല്ലതാനും. അതു പോര, കലാവിദ്യാവൈദഗ്ദ്ധ്യാദി ഗുണവിശിഷ്ടനായിരിക്കുന്ന ഒരു രാജസേവകന്റെ സമാധിയാണ് ഈ പദ്യത്തിലുള്ളതു്. വിനോദത്തെ ആഗ്രഹിച്ചു് ഉപവനത്തിലേക്കു് ചെന്നിരിക്കുന്ന നളമഹാരാജാവിനെ അതിചതുരനായ ഒരു സേവകൻ എപ്രകാരം സേവിക്കുമോ, ആ പ്രകാരത്തേയാണ് വിശേഷണങ്ങളെക്കൊണ്ടു് സൂചിപ്പിച്ചിട്ടുള്ളതു്. 'ലാസ്യകലാഗുരു'വായ

വനാനിലൻ ആദ്യമായി സുന്ദരിമാരെക്കൊണ്ടു് ഭംഗിയായി നൃത്തം ചെയ്യിച്ചു് രാജാവിനെ രസിപ്പിക്കുന്നു. നോക്കിക്കൊണ്ടിരിക്കുമ്പോൾതന്നേ വലുതായ ഒരു സാധനത്തെ മറയ്ക്കുക എന്ന ഇന്ദ്രജാലവിദ്യ കാണിച്ചു് പിന്നെ വിസ്മയിപ്പിക്കുന്നു. അതേസമയത്തുതന്നെ സുഗന്ധജലംനിറഞ്ഞ തടാകത്തിൽ, അഥവാ പുഷ്പതടാകത്തിൽ നിറഞ്ഞുകിടക്കുന്ന മധുഗന്ധവാരിയിൽ പലവിധമായ കളികൾ പ്രയോഗിച്ചു് രാജാവിന്നു് കൌതുകം വൎദ്ധിപ്പിക്കുന്നു. ഇങ്ങിനെ മൂന്നു വിധത്തിലുള്ള സേവാസമ്പ്രദായത്തേയാണു് മൂന്നു വിശേഷണങ്ങളെക്കൊണ്ടു് ക്രമേണ കവിശിഖാമണി ധ്വനിപ്പിക്കുന്നതു്. ഈ ആശയകല്പനം അസംബന്ധമാണെന്നു തോന്നാത്തപക്ഷം, വനാനിലൻെറ സേവാസമ്പ്രദായം അതിരമണീയമാണെന്നും, വനാനിലനും നളമഹാരാജാവിനും ഉള്ള സേവ്യസേവകഭാവം ഒട്ടും അനുചിതമല്ലെന്നും, സഹൃദയന്മാർ സമ്മതിക്കാതിരിക്കുമോ? വാസ്തവത്തിൽ ശ്രീഹൎഷൻെറ ഈ പദ്യം ഉരച്ചുനോക്കുമ്പോൾ 'പത്തരമാററു' തന്നേ കാണുന്നുണ്ടെന്നാണു് എൻെറ വിനീതമായ അഭിപ്രായം.

ഇനി രണ്ടാമതുദ്ധരിച്ച ശ്ലോകത്തിലേയ്ക്കും സഹൃദയന്മാരുടെ നിരീക്ഷണത്തെ ക്ഷണിയ്ക്കുന്നു.

സസംഭ്രമോൽപാതിപതൽകുലാകുലം
സരഃ പ്രപദ്യോൽകതയാനുകമ്പിതാം
തമൂൎമ്മിലോലൈഃ പതഗഗ്രഹാന്നൃപം
ന്യവാരയദ്വാരിരുഹൈഃ കരൈരിവ

എന്ന ശ്ലോകത്തിൽ "വിശേഷണംകൊണ്ടു് ബന്ധുക്കളെയെല്ലാം വെടിഞ്ഞുപോയ ഒരു നിസ്സാരനാണ് സരസ്സിന്നു കിട്ടുന്നു" എന്നും "ഒരു കാര്യത്തിന്നുവേണ്ടി മററാരാളുടെ പ്രേരണനിമിത്തം ഒരു നിസ്സാരൻ പുറപ്പെടുന്നതിൽ എന്താണ് ഔചിത്യമുള്ളതു്" എന്നും ലേഖകൻ എഴുതിയിരിക്കുന്നു. രാജാവു് ഹംസത്തെ പിടിക്കുന്നതു കണ്ടു പരിഭ്രമിച്ചു് മേല്പോട്ടു് പറന്ന പക്ഷികളെക്കൊണ്ടു് ആകുലമായ സരസ്സ് എന്നേ കവി പറഞ്ഞിട്ടുള്ളു. പക്ഷികൾ തീരെ ആ സരസ്സു വിട്ടുപോയി എന്നു പറഞ്ഞിട്ടില്ല. ആ സ്ഥിതിക്കു് ബന്ധുക്കളെല്ലാം വെടിഞ്ഞു എന്നു ധ്വനിക്കാൻ പ്രയാസമാണ്. ബന്ധുക്കൾ തീരെ പരിത്യജിച്ചു എന്നു വന്നാലും, അതുകൊണ്ടുമാത്രം ഒരാൾ നിസ്സാരനാണെന്നു വരുന്നതാണോ? അച്ഛനുംകൂടി ഉപേക്ഷിക്കയാൽ ധ്രുവൻ നാടുതന്നെ വിട്ടുപോയി എങ്കിലും ആ ധീരകുമാരൻ നിസ്സാരനെന്നു് ആരെങ്കിലും വിചാരിക്കുമോ? രാവണാദിപരിത്യക്തനായ വിഭീഷണനേയും വാല്മീക്യാദികൾ നിസ്സാരനായിട്ടു ഗണിച്ചിട്ടുണ്ടോ? ഇല്ലെന്നുള്ളതു് നിശ്ചയംതന്നെ. പ്രകൃതത്തിലാണെങ്കിൽ, സരസ്സിന്നു നിസ്സാരതയെ കവി ഒരംശംകൊണ്ടും സൂചിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല, 'പ്രപദ്യോൽകതയാനുകമ്പിതാം' എന്ന ഭാഗംകൊണ്ടു് മഹാജനങ്ങളിൽ മാത്രം കാണുന്ന ഗുണങ്ങളെയാണ് പ്രദർശിപ്പിച്ചിട്ടുള്ളതും. പരവ്യസനത്തിൽ താനും ദുഃഖിയ്ക്കുകയും ആ വ്യസനത്തിൽനിന്നു പരനെ രക്ഷിക്കുവാൻ ആഗ്രഹിയ്ക്കുകയും ചെയ്യുന്നതു് നിസ്സാരന്മാൎക്കുണ്ടാവുന്ന അവസ്ഥയല്ലല്ലോ.

മറെറാരാളുടെ പ്രേരണ നിമിത്തമാണ് സരസ്സിൻെറ പ്രവൃത്തി എന്ന്, "ഊൎമ്മിലോലൈഃ" എന്ന വിശേഷണംകൊണ്ടു ലഭിക്കുന്നു എന്നുപറഞ്ഞിട്ടുള്ളതും ലേശംപോലും സമഞ്ജസമായി തോന്നുന്നില്ല. ഊൎമ്മികാം സരസ്സിൽനിന്ന് അത്യന്തം ഭിന്നങ്ങളായ വസ്തുക്കളല്ല. അതിന് അനുഭവംതന്നെ പ്രമാണം. പോരെങ്കിൽ 'ആവൎത്തബുദ്ബുദതരംഗമയാൻ വികാരാനംഭോ യഥാ സലിലമേവ തു തൽ സമസ്തം' എന്നു ഭവഭൂതി പറയുന്നതു നോക്കുക. സരസ്സിൻെറ ഒരു വികാരം, അവസ്ഥാഭേദം, മാത്രമാണ് ഊൎമ്മി. 'ലജ്ജാനമ്രമുഖീ,' 'വിസ്മയോൽഫുല്ലനയനഃ,' 'ഭക്ത്യാ പ്രണേമുശ്ചരണൌ മുരാരേഃ' ഇത്യാദി സ്ഥലങ്ങളിൽ മുഖനമനാദിചേഷ്ടകളുടെ നിമിത്തകാരണങ്ങാം ലജ്ജാദിഭാവവിശേഷങ്ങളാണെന്നല്ലാതെ അന്യപ്രേരണകൊണ്ടാണ് മുഖനമനാദികാം എന്ന് കല്പിച്ചുപോയാൽ സ്വാരസ്യത്തിൻെറ കഥ എന്താണ്? പ്രകൃതത്തിൽ സരസ്സിന് ഊൎമ്മി എന്ന വികാരം ഉണ്ടായപ്പോാം വാരിരുഹകരങ്ങാംക്ക് ചലനം ഉണ്ടായി എന്നുമാത്രമേ വരുന്നുള്ളു. അതിനാൽ ഈ പദ്യത്തിലും ലേഖകകല്പിതമായ അനൌചിത്യത്തിന് അവകാശം ലേശംപോലും ഉണ്ടെന്നു തോന്നുന്നില്ല.

മഹാസമ്പന്നനായ ഒരാളെ പലരും ചെന്ന് ആശ്രയിച്ച് സുഖിച്ചിരുന്നു. ആ സമയം അന്യന്മാരെക്കൂടി സദാചാരത്തിൽ പ്രവൎത്തിപ്പിക്കേണ്ടവനായ മറെറാരാം ആ ആശ്രിതന്മാരിൽ ഒരാംക്ക് പെട്ടെന്ന് ഒര

പകാരം ചെയ്യുന്നു. മററുള്ളവർ സംഭ്രമിച്ച് പിടഞ്ഞ് എഴുനേൽക്കുന്നു. അതെല്ലാം കണ്ടു ദുഃഖിച്ച് ദയതോന്നി അകൃത്യോദ്യുക്തനായ ആ മാന്യനെ 'അരുത്, അരുത്' എന്നു് കയ്യിളക്കി ആ മഹാൻ തടയുന്നു. ഇങ്ങനെയുള്ള ഒരു സുജനശിഖാമണിയുടെ വൃത്തമാണ് ഇതിൽ സ്മരിക്കുന്നത്. അതിനാൽ ഏകദേശവർത്തിരൂപകന്യായേന സുജനതാരോപമാണ് ഇവിടെ. അതിനെ അവലംബിച്ചാണ് ഉൽപ്രേക്ഷിച്ചിരിക്കുന്നത്. അതിനാൽ ഈ പദ്യത്തിലും അനൌചിത്യഗന്ധമില്ലെന്നല്ലാ, ഔചിത്യം കളിയാടുന്നുണ്ടെന്നുതന്നെ വേണം പറയാൻ.

പെരുമാങ്ങോട്ടുദ്ധരിച്ച 'ഗുരോസ്സിയോഗാൽ' എന്ന കാളിദാസശ്ലോകത്തിൽ 'സുമിത്രാതനയ' പദംകൊണ്ടു് ഒരു പെണ്ണിന്റെ മകനാണ് ലക്ഷ്മണൻ എന്നു കാണിച്ചിട്ടുണ്ടു് എന്നു് അദ്ദേഹം എഴുതിയതും ഭംഗിയായി എന്നു എനിക്കു തോന്നിയില്ല. അത്രമാത്രമാണ് മഹാകവിക്കു് വിവക്ഷിതമെങ്കിൽ ആ സ്ഥാനത്ത് 'സയോഷാതനയഃ' എന്നോ മറേറാ എഴുതിയാലും മതിയായേനേ. അതിനാൽ ശ്രീമദ്രാമായണത്തിൽ 'രാമം ദശരഥം വിദ്ധി മാം വിദ്ധി ജനകാത്മജാം' എന്നു തുടങ്ങിയ ഉപദേശങ്ങളെക്കൊണ്ടു് വേണ്ടതു പറഞ്ഞുകൊടുക്കുവാൻ ഇത്ര അറിവുണ്ടായിട്ട് ആരും ഇല്ല എന്നുതുടങ്ങിയ അത്ഥാന്തരങ്ങളേയാണ് 'സുമിത്രാ' പദം സൂചിപ്പിക്കുന്നതെന്നും അങ്ങനെയുള്ള സുമിത്രയുടെ പുത്രൻ എന്നു പറഞ്ഞതുകൊണ്ടു് കൃത്യാകൃത്യവിവേകാദികളായ ഗുണ

ങ്ങളും ഉള്ളവനും സീതാദേവിയിൽ മാതൃനിർവ്വിശേഷമായ ഭക്തിബഹുമാനയുക്തനും ആണ് ലക്ഷ്മണൻ എന്നാണ് വ്യഞ്ജിപ്പിക്കുന്നത് എന്നും പറയുന്നതാണ് അധികചമൽകാരാവഹം എന്നു തോന്നുന്നു. അറിവുള്ളവർ അകൃത്യങ്ങൾ പ്രവർത്തിക്കുവാനുത്സാഹിക്കുന്നത് വിവേകികൾക്ക് അധികം ദുസ്സഹമായി തോന്നാതിരിക്കുകയില്ല. അവർ കഴിയുംവിധം തടുക്കുവാനും ശ്രമിക്കും. അതാണിവിടെ മഹാകവി പ്രദർശിപ്പിച്ചിട്ടുള്ളത്. ശ്രീഹർഷനും 'നൃപം' എന്ന പദംകൊണ്ട് ഈവിധമുള്ള അർത്ഥത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത്.

'ഗുരോന്നിയോഗാൽ' എന്ന ശ്ലോകത്തിൽ 'വനിതാം' എന്ന സ്ഥാനത്ത് 'അപി താം' എന്നാണ് പ്രാചീനഗ്രന്ഥപാഠം കാണുന്നത് എന്നുകൂടി അറിയിക്കുന്നു. ഏതുപാഠമാണ് അധികം നല്ലത് എന്ന് സഹൃദയന്മാർ തീർച്ചയാക്കിക്കൊള്ളട്ടെ.

ഇത്രയും എഴുതിയത് പെരുമാങ്ങോടിനെപ്പോലെയുള്ള സഹൃദയന്മാരുടെ തൂലികകളിൽനിന്ന് ഒഴുകുന്ന ലേഖനാമൃതത്തെ കുറേക്കൂടി ആസ്വദിക്കാനുള്ള മോഹം ഒന്നുകൊണ്ടു മാത്രമാണെന്നുകൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു.*

---

* 'രാജർഷി' മാസിക, 1115 ചിങ്ങം, കന്നി ലക്കം. സാഹിത്യശിരോമണി പെരുമാങ്ങോടിന്റെ ലേഖനം ഇതിൽ രണ്ടാം അനുബന്ധമായി ചേർക്കുന്നുണ്ട്.

# 7. സ്വാഗതപ്രസംഗം

മാന്യമഹതീമഹാന്മാരേ,

സമസ്തകേരളസാഹിത്യപരിഷത്തിൻെറ ഈ സമ്മേളനം ആരംഭിക്കുന്ന ശുഭമുഹൂർത്തത്തിൽ പങ്കുകൊള്ളുവാൻ കേരളത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും, പലതരത്തിലുള്ള ക്ലേശങ്ങൾ സഹിച്ച് ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങൾക്കേവക്കും സ്വാഗതസംഘത്തിൻെറ നാമത്തിലും, എൻെറ സ്വന്തം നിലയിലും, സ്വാഗതം ശംസിക്കുവാൻ എനിക്കതിയായ സന്തോഷമുണ്ട്.

പരിഷത്തിൻെറ പതിനാറാമത്തെ സമ്മേളനമാണിത്. ഇതിനുമുമ്പുനടന്ന സമ്മേളനങ്ങളെക്കാൾ ഇതിനുള്ള പ്രത്യേകത, ഈ സമ്മേളനം പരിഷന്നിർവ്വാഹകസമിതിയുടെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ നടത്തപ്പെടുന്നുവെന്നുള്ളതാണ്. കൗമാരസഹജമായ പ്രസരിപ്പോടുകൂടി ഓടിച്ചാടി നടന്ന പരിഷൽകുമാരി, യൗവനത്തിലേയ്ക്കു പ്രവേശിച്ചതോടുകൂടി ഒരു കുലവനിതയെപ്പോലെ തറവാട്ടിൽത്തന്നെ അടങ്ങിയൊതുങ്ങി നിലകൊള്ളുന്നു എന്നു മാത്രമേ അതിനർത്ഥമുള്ളു.

യശശ്ശരീരനായ എടപ്പള്ളി കൃഷ്ണരാജാ അവർകളുടെ ഭാഷാഭിമാനത്തിൻേറയും, സാഹിത്യസേവനൗത്സു

കൃത്തിൻേറയും പ്രത്യക്ഷലക്ഷ്യമായി 1102-ൽ എടപ്പള്ളിയിൽവെച്ചു രംഗപ്രവേശം ചെയ്തതാണ് ഇന്നത്തെ സമസ്തകേരളസാഹിത്യപരിഷത്ത്. അതിനെത്തുടൎന്നു തൃശ്ശൂർ, തിരുവനന്തപുരം, തലശ്ശേരി മുതലായ പല സ്ഥലങ്ങളിലായി പരിഷത്തിൻെറ 15 സാംവത്സരികസമ്മേളനങ്ങൾ നടന്നിട്ടുണ്ട്. ഈ ഓരോ സ്ഥലത്തും അതാതു പ്രദേശങ്ങളിലെ സാഹിത്യപ്രണയികളുടെ ശ്രമഫലമായി സമ്മേളനങ്ങൾ നടന്നുപോന്നുവെന്നല്ലാതെ ആ സമ്മേളനങ്ങളെ പരസ്പരം ഘടിപ്പിക്കുന്ന യാതൊരു ബന്ധവുമില്ലാതെയാണിരുന്നിട്ടുള്ളത്.

മലയാളഭാഷയുടെ സമുൽകൎഷത്തെ മുൻനിൎത്തി ഇതിനു മുൻപും സമസ്തകേരളീയങ്ങളായ സാഹിത്യസംഘടനകൾ രൂപവൽകൃതങ്ങളായിട്ടുണ്ട്. സാക്ഷാൽ കേരളകാളിദാസനായ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയും, അദ്ദേഹത്തിൻെറ വലംകൈ ആയിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിള അവൎകളുടേയും പ്രയത്നഫലമായി 1067—ൽ സമാരബ്ധമായ ഭാഷാപോഷിണിസഭ, യശശ്ശരീരനായ മാളിയമ്മാവു മാത്തു ലോന അവൎകളുടെ ഉത്സാഹത്താൽ 1080-ൽ ആരംഭിച്ച ഭാരതവിലാസസഭ, കൈരളീപ്രണയിപ്രധാനനായ അപ്പൻതമ്പുരാൻ തിരുമനസ്സിലെ ഉത്സാഹത്താൽ 1088-ൽ തുടങ്ങിയ കൊച്ചിസാഹിത്യസമാജം, വൈക്കം സന്മാൎഗ്ഗപോഷിണിസഭയുടെ നേതൃത്വത്തിൽ 1097-ൽ ആരംഭിച്ച സമസ്തകേരളസാഹിത്യ

സമാജം, എന്നിവ ഏതാദൃശങ്ങളായ ചില സംഘടന കളത്രെ. എന്നാൽ ആരംഭകന്മാൎക്കുണ്ടായിരുന്നത്ര ഉത്സാഹം അനന്തരകാലികൾക്ക് ഇല്ലാതിരുന്നതിനാലോ എന്തോ അവയെല്ലാം അല്പായുസ്സുകളായിത്തീരുകയാണ് ചെയ്തതു്.

പൂൎവ്വജന്മാരുടെ ഈ അനുഭവം പരിഷത്തിനും ഉണ്ടാകരുതെന്നു കരുതിയാണ്, 1107-ൽ, ഇവിടെ വച്ചു പരിഷത്തിൻെറ 6-ാമതു സമ്മേളനം നടത്തിയപ്പോൾ അതിനെ രജിസ്റ്റർചെയ്തതു്. അതോടുകൂടി പരിഷത്ത് ഒരു സ്ഥിരം സംഘടനയായിത്തീൎന്നു. യശശ്ശരീരനായ മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു അതിൻെറ പ്രഥമാദ്ധ്യക്ഷൻ. അവിടത്തെ ഉത്സാഹത്താൽതന്നെ, ഇന്നു ഭാഷാസാഹിത്യമാസികകളിൽ സൎവ്വപ്രകാരേണയും മുന്നണിയിൽ നില്ക്കുന്ന ത്രൈമാസികം ആരംഭിക്കപ്പെട്ടു. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷസ്ഥാനത്തുനിന്നു വിരമിച്ചതിനു ശേഷം, ഇക്കഴിഞ്ഞ പത്തിൽപരം കൊല്ലങ്ങളായി, നമ്മുടെയെല്ലാം അകൈതവമായ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനായ മഹാകവി ഉള്ളൂർ അവർകൾ പരിഷത്തിൻെറ അദ്ധ്യക്ഷനായിരിക്കുന്നു. പരിഷത്തു പൂൎവ്വജൎക്കു നേരിട്ട ദുരദൃഷ്ടത്തിനു വിധേയമാകാതെ ഓജസ്സോടുകൂടി വളൎന്നുവരുന്നതിനുള്ള കാരണം, മഹാനുഭാവനായ അദ്ദേഹത്തിൻെറ അതിരററ ഭാഷാസ്നേഹം മാത്രമാണെന്ന് അതിശയോക്തിലേശം കൂടാതെ പറയാവുന്നതാണ്.

പരിഷത്തു രജിസ്റ്റർചെയ്തിട്ടുള്ള ഒരു സംഘടനയാണെങ്കിലും, ഇതേവരെ നടന്നുവന്നിട്ടുള്ള സാംവത്സരിക സമ്മേളനങ്ങളെല്ലാം, സ്ഥിരം പരിഷത്തിനോടു ബന്ധമില്ലാതെ അതാതു പ്രദേശങ്ങളിലെ ഭാഷാപ്രണയികളുടെ ഉത്സാഹത്താൽ നടക്കുകയായിരുന്നുവെന്നു പറഞ്ഞുവല്ലൊ. വാർഷികസമ്മേളനങ്ങൾ ഇങ്ങനെ നടന്നുപോന്നതുകൊണ്ട് ആ വക സമ്മേളനങ്ങൾക്കും സ്ഥിരംപരിഷത്തിനും തമ്മിൽ ബന്ധമില്ലാതെ വന്നു. ഓരോ സമ്മേളനവും കഴിയുമ്പോഴേയ്ക്കും അതിൽ നിഷ്ണാതരായിരുന്നവരുടെ തീക്ഷ്ണത മന്ദീഭവിക്കുകയും, അവർ സജ്ജമാക്കിയ പരിപാടികൾതന്നെ വിസ്മരിക്കപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളതു്. ചില സാംവത്സരികസമ്മേളനങ്ങളിൽ പാസ്സാക്കപ്പെട്ടിട്ടുള്ള പ്രമേയങ്ങൾതന്നെ ഇന്നേവരെ സ്ഥിരംപരിഷത്തിനു ലഭിച്ചിട്ടില്ലാ എന്നു പറഞ്ഞാൽ ഇക്കാര്യത്തിൽ ഉള്ള അമാന്തം എത്രയെന്നു സ്പഷ്ടമാണല്ലൊ.

പ്രായോഗികതയെപ്പററിയുള്ള ചിന്തകൂടാതെ പല സാംവത്സരിക സമ്മേളനങ്ങളിലും പല പ്രമേയങ്ങളും പാസ്സാക്കപ്പെട്ടിട്ടുണ്ട്. ആ പ്രമേയങ്ങൾ നടപ്പിൽ വരുത്താൻ ചുമതലപ്പെട്ടവരെന്നു സാമാന്യജനങ്ങൾ ധരിച്ചുവെച്ചിട്ടുള്ള പരിഷൽ പ്രവൎത്തകന്മാക്ക് ആ വക പ്രമേയങ്ങൾ നാളിതുവരെ കിട്ടിയിട്ടുപോലുമില്ല. പരിഷത്ത് എന്തു പ്രവൎത്തിച്ചു എന്നുള്ള ചോദ്യംമാത്രം അവശേഷിക്കുകയും ചെയ്യുന്നു. സാംവത്സരിക സമ്മേളനങ്ങൾ രജിസ്റ്റർചെയ്ത പരിഷത്തുതന്നെ നേരിട്ടു നട

ത്തുവാൻ തീരുമാനിച്ചിരിക്കകൊണ്ടു് മേലാൽ ഈ വൈഷമ്യം ഉണ്ടാകയില്ലെന്നു പ്രതീക്ഷിക്കാം.

പക്ഷേ, ഈ ഒരു പരിഷ്കാരംകൊണ്ടുമാത്രം പരിഷത്തോ മലയാളഭാഷയോ പുരോഗമിക്കുമെന്നു മോഹിക്കുന്നതിനു് അർത്ഥമില്ല. സാമാന്യജനങ്ങൾ കൂടുതൽ കൂടുതലായി പരിഷത്തിനോടു സഹകരിക്കേണ്ടിയിരിക്കുന്നു. സമുദായവും സാഹിത്യവും തമ്മിൽ അവിഭാജ്യമായ ബന്ധമാണുള്ളതു്. അവ രണ്ടും ഒരുമിച്ചേ പുരോഗമിക്കുകയുള്ളു. ഭൗതികസമ്പത്തുകൾ സമുദായത്തിന്റെ ശരീരമാണെങ്കിൽ, സാഹിത്യം അതിന്റെ ആത്മാവാണെന്നു പറയാം. ആത്മാവില്ലാത്ത ശരീരം നിരുപയോഗമാണെന്നു പ്രസിദ്ധമാണല്ലോ. സാഹിത്യത്തിൽ നിന്നകന്നുനില്ക്കുന്ന സമുദായം കേവലം ജഡമാണെങ്കിൽ അതിൽ അത്ഭുതപ്പെടുവാനില്ല. എന്തു നഷ്ടം സഹിച്ചും ജീവനെ നിലനിത്തുവാൻ വ്യഗ്രതകാണിക്കാറുണ്ടല്ലോ; അതുപോലെ സാഹിത്യത്തിന്റേയും സംസ്കാരത്തിന്റേയും പുരോഗതിക്കായി എന്തു ത്യാഗം ചെയ്യുന്നതിനും നാം സന്നദ്ധരായിരിക്കേണ്ടതാണു്.

രാഷ്ട്രസംബന്ധമായി മൂന്നായും, സാമുദായികവും മതപരവുമായി അനേകവിധമായും വിഭജിക്കപ്പെട്ടിരിക്കുന്ന ഈ ഭാഗ്യക്ഷേത്രത്തെ കൂട്ടിയിണക്കുന്ന സുവൎണ്ണശൃംഖലയത്രെ മലയാളസാഹിത്യം. ഭാരതത്തിലെ മററു നാട്ടുഭാഷകളിൽ പലതിനും ഇതുപോലെയുള്ള സംഘടനകളുണ്ടു്. വംഗസാഹിത്യപരിഷത്തു്, ഹിന്ദി

സാഹിത്യപരിഷത്ത്, കർണ്ണാടകസാഹിത്യപരിഷത്ത് മുതലായവ അത്തരത്തിൽപ്പെട്ടവയാകുന്നു. ആ സംഘടനകളുടെ സർവ്വതോമുഖമായ വികാസത്തേയും അവ മൂലം തത്തൽഭാഷകൾക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയേയും ആലോചിക്കുമ്പോൾ അവയെ നമ്മുടെ പരിഷത്തുമായി തുലനംചെയ്യുന്നതു നന്നായിരിക്കുമെന്ന് എനിക്കു തോന്നുന്നു. അങ്ങനെ ചെയ്താൽമാത്രമേ നമ്മുടെ ന്യൂനതകൾ നമുക്കറിയാറാവുകയുള്ളു. ആ സ്ഥാപനങ്ങളിൽ പലതിനും പ്രത്യേകം കേന്ദ്രാലയങ്ങളും ആപ്പീസ്സുകളും സ്ഥിരവേതനം പററുന്ന ശുശ്രൂഷകന്മാരുമുണ്ട്. ധനശക്തിയുടെ കുറവുനിമിത്തം നമുക്കിതേവരെ അതിനൊന്നിനും ഭാഗ്യമുണ്ടായിട്ടില്ല. നമ്മുടെ നാട്ടിൽ ഉദാരശീലന്മാരായ ധനവാന്മാരോ, പുരോഗമനേച്ഛുക്കളായ സാഹിത്യകാരന്മാരോ ഇല്ലാഞ്ഞിട്ടല്ല. അവരെ സമീപിക്കുന്നതിനോ, അവരുടെ ഭാഷാഭിമാനത്തെ സജീവമായി പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല എന്നുമാത്രമേയുള്ളു.

പരിഷത്തു സ്ഥിരമായ ഒരു സ്ഥാപനമായിത്തീരുകയും, അതു് അനപേക്ഷണീയമായ ഒരു സ്ഥാപനമാണെന്നു തെളിയുകയും ചെയ്യുന്നതുവരെ ധനവാന്മാരെ സമീപിക്കുന്നതിനും അവരിൽനിന്നു ധനസഹായം പ്രതീക്ഷിക്കുന്നതിനും പ്രായോഗികങ്ങളായ വൈഷമ്യങ്ങളുണ്ട് എന്നു സമ്മതിക്കാതെ തരമില്ല. ഒരു സ്ഥാപനം ഉറപ്പേറിയതാണെന്നു ബോദ്ധ്യംവരുന്നതുവരെ അതിലേയ്ക്കു മുക്തഹസ്തം സംഭാവനചെയ്യുവാൻ വൈമുഖ്യം

ഉണ്ടാവുക സ്വാഭാവികമാകുന്നു. മനുഷ്യരുടെ വികാരങ്ങളെ പ്രത്യേകം ഉത്തേജിപ്പിക്കുന്ന രാഷ്ട്ര സ്ഥാപനങ്ങളുടെ പോലും അനുഭവം ഇതാണെങ്കിൽ, വിചാരങ്ങളെ സ്പർശിക്കുന്ന പരിഷദാദിസംഘടനകളുടെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ഇങ്ങിനെയൊക്കെയാണെങ്കിലും കേവലം നിർജ്ജീവമോ പ്രയോജനശൂന്യമോ ആയ നിലയിലല്ലാ പരിഷത്ത് ഇതേവരെ കഴിഞ്ഞു പോന്നിട്ടുള്ളതെന്ന് അതിൻെറ ചരിത്രം തെളിയിക്കുന്നു. വിശ്രമാവസരങ്ങളുള്ള സമ്പന്നന്മാരുടേയോ, കൃത്യാന്തരപരതന്ത്രന്മാരല്ലാത്ത വിനോദരസികന്മാരുടെയോ വിഹാരരംഗമെന്ന നിലയിൽനിന്ന്, കേരളീയസംസ്കാരത്തിൻെറ പ്രകാശം പ്രസരിപ്പിക്കുന്ന മുഖ്യകേന്ദ്രമെന്ന നിലയിലേയ്ക്കു സാഹിത്യത്തെ കൊണ്ടുവരുന്നതിന് — കേരളീയ ജനസാമാന്യത്തിന് തങ്ങളുടെ സംസ്കാരത്തിലും നേട്ടങ്ങളിലും ഒരു അഭിമാനം ജനിപ്പിക്കുന്നതിന് — സാഹിത്യവിഷയകമായ പ്രബുദ്ധത ജനസാമാന്യത്തിനിടയിൽ ജനിപ്പിക്കുന്നതിന് — പരിഷത്തിനു സാധിച്ചിട്ടുണ്ട്. വിമർശം തൊഴിലാക്കിയിട്ടുള്ള അല്പം ചില ദോഷൈകദൃക്കുകൾ ചെയ്യാറുള്ളതുപോലെ, കേവലം ആടലും പാടലുമായിട്ടാണ് പരിഷത്ത് ഇതേവരെ കഴിഞ്ഞു പോന്നിട്ടുള്ളതെന്ന് ആവലാതിപ്പെടുന്നവരോട് "വന്നു കാണുക" എന്നുമാത്രമേ ഞങ്ങൾക്കു പറയുവാനുള്ളു.

മലയാളഭാഷതന്നെ ഉന്മൂലനം ചെയ്യപ്പെടേണ്ടതാണെന്നു പരസ്യമായി വാദിക്കുവാൻ മടിച്ചിട്ടില്ലാത്ത ചില കേരളീയർ മുൻകാലങ്ങളിലുണ്ടായിരുന്നു. ഭാഗ്യവശാൽ ഇന്നു് ആ നിലയ്ക്കു മാററം വരികയും, സ്വതന്ത്രകല്പനങ്ങൾക്കു പുറമേ വൈദേശികസാഹിത്യങ്ങളിലെ നല്ല നല്ല ഭാഗങ്ങൾ തർജ്ജമ ചെയ്തും നമ്മുടെ സാഹിത്യത്തെയും ഭാഷയേയും പുരോഗമിപ്പിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തിനു സാർവ്വത്രികമായ സുപ്രതിഷ്ഠ ലഭിക്കുകയും ചെയ്തിട്ടുണ്ടു്. പരിഷത്തു നിഷ്പ്രയോജനമായ ഒരു സ്ഥാപനമാണെന്നും, അതുകൊണ്ടു ഭാഷയ്ക്കു ദോഷമേ ഉണ്ടാവുകയുള്ളുവെന്നും വിശ്വസിക്കുന്ന അല്പം ചിലർ ഇനിയും ഉണ്ടായേക്കാം. ക്രമേണ അവരും പരമാർത്ഥം ധരിക്കുകയും, ത്രിവിധകരണങ്ങളെക്കൊണ്ടും പരിഷത്തിനെ പോഷിപ്പിക്കുകയും ചെയ്യുമെന്നു നമുക്കു പ്രതീക്ഷിക്കാം. പരിഷത്തു നിഷ്പ്രയോജനമാണെന്നു വാദിക്കാത്തവരോടു് എനിക്കൊന്നേ പറയുവാനുള്ളു. നിങ്ങൾ ദൂരെ മാറിനിൽക്കാതെ പരിഷത്തിൻെറ അംഗങ്ങളാവുക. പരിഷത്തു സ്വേച്ഛാപ്രഭുത്വപരമായ ഒരു സ്ഥാപനമല്ല. ഏവരേയും അതു സ്വാഗതം ചെയ്യുന്നു. ഭാഷയുടേയും സാഹിത്യത്തിൻെറയും ഉന്നതി എന്ന ലക്ഷ്യത്തിൽനിന്നു പിഴയ്ക്കാത്തിടത്തോളം ആരുടെ അഭിപ്രായത്തിനും അതിൽ സ്ഥാനമുണ്ടു്.

പരിഷത്തിനെ ഒരു ബഹുജനസംഘടനയാക്കി വികസിപ്പിക്കേണ്ട കാലമായിരിക്കുന്നുവെന്നും, ഇക്കൊല്ലം

തന്നെ കുറഞ്ഞതു് 100 ആയുഷ്കാലസാമാജികരേയും 1000 സാധാരണസാമാജികരേയും സമ്പാദിക്കണമെന്നമാണ് പരിഷൽപ്രവൎത്തകന്മാരുടെ ആഗ്രഹം. ഈയിടയിലത്തെ ശ്രമത്തിൻെറ ഫലമായി 35 ആയുഷ്കാലസാമാജികരേയും 150 സാധാരണസാമാജികരേയും പരിഷത്തിന്ന കൂടുതലായി ലഭിച്ചിട്ടുണ്ടു് എന്നുള്ള പ്രിയവാൎത്ത നിങ്ങളെ അറിയിക്കാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. എറണാകുളത്തും കൊച്ചിയിലും നിന്നുണ്ടായിരിക്കുന്ന അനുഭവത്തെ മുൻനിൎത്തി കേരളത്തിലെ ഇതരകേന്ദ്രങ്ങളെപ്പററി ചിന്തിക്കുമ്പോഠം ന്തറല്ല അതിൽ കൂടുതൽ ആയുഷ്കാലസാമാജികന്മാർ പരിഷത്തിന്നുണ്ടാകുക വിഷമമല്ലെന്നാണ് വിചാരിക്കേണ്ടതു്.

കഴിഞ്ഞ കൊല്ലാവസാനത്തിൽ പരിഷത്തു് അതിൻെറ പൂൎവ്വജന്മാരെ അനുഗമിക്കുമോ എന്നു ഭയപ്പെട്ടുകൊണ്ടിരുന്ന പരിഷൽപ്രവൎത്തകന്മാരിൽ ഇന്നു് ആശ്വാസത്തിൻേറയും പ്രതീക്ഷയുടേയും ഒരു പ്രകാശം കാണുന്നുണ്ടു്. പരിഷത്തിനോടു പൊതുവേ ദൃശ്യമായിരിക്കുന്ന ആദരവും, അതിൽ അംഗത്വം വരിക്കുന്നതിൽ സാമാന്യജനങ്ങഠം പ്രകടിപ്പിക്കുന്ന സന്മനസ്സുമാണ് അതിനുള്ള കാരണം. എന്നാൽ സുഖദുഃഖസമ്മിശ്രമായ ഈ ലോകത്തിൽ സന്തോഷംമാത്രം അനുഭവിക്കുക സാദ്ധ്യമല്ലല്ലൊ. മലയാളഭാഷയുടേയും സാഹിത്യത്തിൻേറയും, തദ്വാരാ പരിഷത്തിൻേറയും, ആശാകേന്ദ്രങ്ങളായിരുന്ന പല സാഹിത്യപ്രണയികളും ഈ കൊ

ല്പത്തിൽ നമ്മെ വിട്ടുപിരിഞ്ഞിട്ടുണ്ട്. പരിഷത്തിൻെറ രക്ഷാധികാരിയായിരുന്ന സർ കേരളവമ്മ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു്, ഉപാദ്ധ്യക്ഷയായിരുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി വലിയനെത്യാരമ്മ, മാവേലിക്കര ഉദയവമ്മതമ്പുരാൻ ബി. ഏ., നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള എം. ഏ., കുമ്മനം ഗോവിന്ദപ്പിള്ള, എം. ആർ. നായർ എം. ഏ. (സഞ്ജയൻ), കുട്ടമത്തു കുന്നിയൂരു കുഞ്ഞുകൃഷ്ണക്കുറുപ്പ്, തോട്ടം ശങ്കരൻ പോററി, കോങ്ങോട്ടു കൃഷ്ണൻനായർ, ടി. തോമസ്, മൂത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാട്, ഒ. എം. ചെറിയാൻ, കെ. വി. സൈമൺ, നടുവത്തു മഹൻ നമ്പൂതിരി മുതലായ സാഹിത്യോപാസകന്മാരുടെ ആത്മാവുകൾക്കു നമുക്കു നിത്യശാന്തിയെ പ്രാത്ഥിക്കുകയും അവരുടെ അനുഗ്രഹം നമ്മുടെ ശ്രമങ്ങൾക്കു സാഫല്യത്തെ നൽകുമാറാകട്ടെ എന്നു ആശംസിക്കുകയും ചെയ്യാം.

എൻെറ ഈ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുൻപായി പരിഷത്തു മേലിൽ എന്തുചെയ്യുവാൻ പോകുന്നു എന്നുള്ളതിനെപ്പററിയും ഒരുവാക്കു പറയേണ്ടിയിരിക്കുന്നു. പരിഷത്തു് അനാപേക്ഷണീയമായ ഒരു സ്ഥാപനമാണെന്നുള്ളതിനു മററു തെളിവുകൾ ഞാൻ ഹാജരാക്കേണ്ടതില്ല. ആ സ്ഥിതിക്കു് അതിനെ എല്ലാ വിധത്തിലും ഉറച്ച ഒരു സ്ഥാപനമാക്കിത്തീക്കേണ്ടതു് അത്യാവശ്യമാകുന്നു. ഭാഷയുടെ അഭിവൃദ്ധി പരിഷത്തിനെ ആശ്രയിച്ചിരിക്കുന്നതുപോലെതന്നെ, പരിഷ

ത്തിൻെറ പുരോഗതി ബഹുജനങ്ങളേയും ആശ്രയിച്ചിരിക്കുന്നു. അതിനാൽ തൻെറ മാതൃഭാഷയിൽ അഭിമാനമുള്ള ഓരോ മലയാളിയും പരിഷത്തിൽ അംഗമായിച്ചേരേണ്ടതാണ്; പരിഷത്തിലെ അംഗത്വം ഒരഭിമാനമായി പരിഗണിക്കേണ്ടതാണ്. വംഗദേശീയക്ക് അവരുടെ മാതൃഭാഷയോടുള്ളതുപോലെയുള്ള സ്നേഹം എന്തുകൊണ്ടു നമുക്കു നമ്മുടെ മാതൃഭാഷയോട് ഉണ്ടായിക്കൂടാ? 'പ്രവൎത്തകന്മാർ വന്നുയാചിക്കട്ടെ; അംഗമായി ചേൎന്നുകളയാം' എന്നുള്ള മനോഭാവം ഒരുത്തൎക്കും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ ഓരോ മലയാളിയും പരിഷത്തിൻെറ പ്രവൎത്തകനാകുന്നു.

ലക്ഷണയുക്തമായ ഒരു നിഘണ്ടു നിൎമ്മിക്കുക, സൎവ്വങ്കഷമായ ഒരു ഭാഷാചരിത്രമെഴുതുക എന്നിങ്ങനെ പല പ്രമേയങ്ങളും ഇതിനു മുൻപുള്ള സാംവത്സരികസമ്മേളനങ്ങളിൽ പാസ്സാക്കപ്പെട്ടിട്ടുണ്ട്. പരിഷത്തിൻെറ സ്ഥിരാദ്ധ്യക്ഷനും നമ്മുടെ ആരാധനാപാത്രവുമായ മഹാകവി ഉള്ളൂർ സമഗ്രമായ ഒരു ഭാഷാചരിത്രം എഴുതിത്തീരാറായിട്ടുണ്ട്. പരിമിതമായ മൂലധനത്തോടും കഴിവുകളോടുംകൂടിയ പരിഷത്തിനു നിഘണ്ടുനിൎമ്മാണംപോലെ ശ്രമസാദ്ധ്യവും വ്യയകരവുമായ ഒരു സംരംഭം ഇപ്പോൾ ഏറെറടുക്കുക സാദ്ധ്യമല്ലെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്നാൽ ആ ലക്ഷ്യത്തിലേക്കും ചെന്നു ചേരത്തക്ക പ്രാരംഭശ്രമങ്ങൾ ചെയ്യണമെന്നു പരിഷത് പ്രവൎത്തകൎക്ക് ആഗ്രഹമില്ലായ്കയുമില്ല.

ഇതിലേക്ക് ഒരഖിലകേരളഗ്രന്ഥശാല ഉടനെ സ്ഥാപിക്കണമെന്നാണ് പ്രവൎത്തകന്മാർ ആഗ്രഹിക്കുന്നതു്. കേരളീയർ എഴുതിയിട്ടുള്ളതും കേരളത്തെപ്പററി എഴുതിയിട്ടുള്ളതുമായ സകല ഗ്രന്ഥങ്ങളും — അച്ചടിച്ചവയും അച്ചടിക്കാത്തവയുമായ എല്ലാ ഗ്രന്ഥങ്ങളും — ഈ ഗ്രന്ഥശാലയിൽ ശേഖരിച്ചുവെക്കണമെന്നുള്ളതാണുദ്ദേശ്യം. 25 കൊല്ലത്തിനുമുൻപ് അച്ചടിച്ചിട്ടുള്ള ഗ്രന്ഥങ്ങൾപോലും ഇന്നു കിട്ടാതായിരിക്കുന്നു! ഒരു സാധാരണവായനശാല അല്ലാത്തതിനാൽ ഒന്നാംതരം ഗ്രന്ഥങ്ങളേ ശേഖരിക്കാവൂ എന്നു നിഷ്കൎഷയില്ല. ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള സകലഗ്രന്ഥങ്ങളുടേയും ഓരോ പ്രതിയെങ്കിലും ഈ ഗ്രന്ഥശാലയിലുണ്ടായിരിക്കണം. മലയാളത്തെപ്പററി ഗവേഷണം നടത്തുന്നവൎക്കും ഉപരിപഠനം ചെയ്യുന്നവൎക്കും ഈ ഗ്രന്ഥശാല അമൂല്യമായ ഒരനുഗ്രഹമായിരിക്കും. കേരളത്തിലെ സാഹിത്യകാരന്മാരും പ്രസാധകന്മാരും അവൎക്ക് ഉടമസ്ഥാവകാശമുള്ള ഗ്രന്ഥങ്ങളുടെ ഓരോ പ്രതി സംഭാവനചെയ്യുന്ന പക്ഷം, ഞങ്ങളുടെ ഈ ഉദ്ദേശം നിഷ്പ്രയാസം സാധിക്കുന്നതാണ്. ഈശ്വരാനുഗ്രഹത്താൽ ധാരാളം പണം കൈയിലുള്ള ഈ ഘട്ടത്തിൽ, നമ്മുടെ ധനവാന്മാർ ഉദാരമായവിധത്തിൽ സഹായിക്കുമെങ്കിൽ ഈ ഗ്രന്ഥങ്ങൾ ശേഖരിച്ചുവെക്കുന്നതിലേക്കു മനോഹരമായ ഒരു സൗധവും ഉണ്ടാവുന്നതാണ്. അതോടുകൂടി പരിഷത്തിനു സ്വന്തമായ ഒരു കേന്ദ്രാലയവും ഉണ്ടായിത്തീരും.

പരിഷത്തു് ഒരു രാജ്യത്തിൻെറയോ ഒരു ജനവിഭാഗത്തിൻെറയോ സ്വന്തം സമ്പത്തല്ല. അതിൻെറ അഭിവൃദ്ധി കേരളത്തിനൊട്ടാകെ അഭിമാനകരമാണു്. ഈ വസ്തുത നല്ലവണ്ണം മനസ്സിലാക്കി, ഞങ്ങളുടെ പരിശ്രമത്തിൽ ഹൃദയപൂൎവ്വം സഹകരിക്കുന്നതിനായി, ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന അദ്ധ്യക്ഷന്മാൎക്കും പ്രാസംഗികന്മാൎക്കും സാമാജികന്മാൎക്കും ഞാൻ ഒരിക്കൽക്കൂടി സ്വാഗതം ശംസിച്ചുകൊള്ളുന്നു. ലോകമഹായുദ്ധം നിമിത്തം പലവിധങ്ങളായ അസൗകൎയ്യങ്ങളും അനുഭവിച്ചുകൊണ്ടാണു് എല്ലാവരുടേയും ഇപ്പോഴത്തെ സ്ഥിതി. അതിനാൽ ഞങ്ങളുടെ സൽക്കാരത്തിൽ പല ന്യൂനതകളും ഉണ്ടാവാനിടയുണ്ടു്. അവയെ ഗണിക്കാതെ, സ്വഗൃഹങ്ങളിൽ എന്നപോലെ, ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു ഞങ്ങളുടെ ശ്രമത്തെ സഫലമാക്കുവാൻ അഭ്യൎത്ഥിച്ചുകൊള്ളുന്നു. *

---

* 1119-ൽ എറണാകുളത്തുവെച്ചു നടന്ന സാഹിത്യ പരിഷൽ സമ്മേളനത്തിൽ സ്വാഗതസംഘാദ്ധ്യക്ഷൻെറ നിലയിൽ ചെയ്തതാണു് ഈ പ്രസംഗം.

അനുബന്ധം 1

# ഉത്തരരാമചരിതത്തിലെ പ്രധാനരസം

ഭവഭൂതിയുടെ ഉത്തരരാമചരിതത്തിലെ പ്രധാന രസത്തെപ്പററി സഹൃദയന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങഠം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അതിനെസ്സംബന്ധിക്കുന്ന ഒരു വിചിന്തനം തത്വാവധാരണത്തിന് ഉപകരിക്കാതിരിക്കയില്ല.

'ഒന്നാമങ്കത്തിൻെറ ആരംഭത്തിൽതന്നെ ബന്ധുജനങ്ങളുടെ വേർപാടുകൊണ്ട് വൈമനസ്യമനുഭവിക്കുന്ന സീതയെ സമാശ്വസിപ്പിച്ചുകൊണ്ടാണ് ശ്രീരാമൻ പ്രവേശിക്കുന്നത്. പിന്നീട് ചിത്രദർശനാവസരത്തിലും സൂക്ഷ്മാണങ്ങളായ ശോകാനുഭവങ്ങഠം പരിത്യാഗത്തിൽനിന്നുണ്ടാവാൻ പോകുന്ന കരുണത്തിൻെറ വഴിതെളിയിക്കുകയാണ് ചെയ്യുന്നത്. പരിത്യാഗത്തിനുശേഷം ശംബൂകവധത്തിനായി ദണ്ഡകാരണ്യത്തിൽ പ്രവേശിക്കുന്ന രാമൻെറ ഹൃദയത്തിലങ്കുരിക്കുന്ന പൂർവ്വവൃത്താന്തസ്മരണകഠം കരുണത്തെ ഉദ്ദീപിപ്പിക്കുന്നു. സീതയുടെ വാത്സല്യഭാജനങ്ങളായ കരികളഭം, മയൂരം മുതലായവയുടെ പ്രസ്താവത്താൽ വീണ്ടും ഉത്തേജിതവും വാസന്തീസമാഗമത്തിൽ തീക്ഷ്ണതരമാക്കപ്പെട്ടതുമായ കരുണരസം മൂന്നാമങ്കത്തിൽ

പരമകാഷ്ഠയെ പ്രാപിക്കുന്നു. നാലാമങ്കത്തിലും പരിത്യാഗം നിമിത്തമുണ്ടായ ജനകാദിശോകമാണ് നിബന്ധിക്കപ്പെട്ടിട്ടുള്ളതു്. അഞ്ചാമങ്കത്തിലെ ലവചന്ദ്രകേതുസമരത്തിലും ആറാമങ്കത്തിന്റെ ആരംഭത്തിലും വീരരസമാണ് വ്യഞ്ജിക്കുന്നതു്. എന്നാൽ, ആറാമങ്കംതന്നെ അവസാനിക്കുന്നതു് ജനകൻ, പ്രിയമാതാക്കൾ, ഇവരുടെ ശോകാവസ്ഥ കണ്ടു് പാരവശ്യം പ്രാപിക്കുന്ന രാമന്റെ കരുണത്തിലാണ്. ഏഴാമങ്കത്തിലും അധികഭാഗം കരുണരസഭരിതമാണ്. ഇങ്ങനെ കരുണത്തിന്റെ പ്രാധാന്യം സർവ്വപ്രകാരേണ സ്പഷ്ടമായിരിക്കേ, ഈ വിഷയത്തിൽ എന്താണ് വിസംവാദത്തിനവകാശം?' ഇതാണ് ഒന്നാമതായി സ്മരിക്കുന്ന ചോദ്യം.

കരുണമാണ് ഈ നാടകത്തിലെ പ്രധാനരസം എന്നു പറയുന്നതായാൽ ലക്ഷണവിരോധം വന്നു ചേരുന്നു.

'ഏക ഏവ ഭവേദംഗീ
ശൃംഗാരോ വീര ഏവ വാ'

എന്നിങ്ങനെയുള്ള പ്രാമാണികവചനംകൊണ്ടു് നാടകത്തിൽ വീരമോ ശൃംഗാരമോ മാത്രമേ പ്രധാനപദവിയിൽ അനുവദിക്കപ്പെട്ടിട്ടുള്ളൂ. ഉത്തരരാമചരിതത്തിലാകട്ടേ, വീരം പ്രധാനമായി നിബന്ധിച്ചിട്ടുണ്ടെന്നു പറയാവുന്നതല്ല. ആ സ്ഥിതിക്കു് കരുണമാണെന്നു വിചാരിക്കപ്പെടുന്ന രസംതന്നെ ശൃംഗാരത്തിന്റെ അവാന്തരവിഭാഗമായ കരുണവിപ്രലംഭമാണെന്നു പറയുന്നതായാൽ ലക്ഷണഗ്രന്ഥവിരോധം പരിഹരിക്കാവു

221886
032:൧M7
H7;2



നത്തുമാണ്. കരുണവിപ്രലംഭം നിർവ്വചിച്ചിട്ടുള്ളതു താഴെ ചേക്കുന്നവിധത്തിലാണ്.

> "യൂനോരേകതരസ്മിൻ
> ഗതവതി ലോകാന്തരം പുനർല്ലഭ്യേ
> വിമനായതേ യദൈക-
> സ്തദാ ഭവേൽ കരുണവിപ്രലംഭാഖ്യഃ"
>
> (സാഹിത്യദർപ്പണം)

യുവതീയുവാക്കന്മാരിൽ ഒരാൾ ലോകാന്തരം പ്രാപിക്കയും പുനസ്സമാഗമം സംഭവിക്കയും ചെയ്യുന്ന സന്ദർഭങ്ങളിൽ സമാഗമത്തിനു മുമ്പായി വിരഹമനുഭവിക്കുന്ന ആളുടെ 'വൈമനസ്യം' കരുണവിപ്രലംഭമെന്നാണ് പറയേണ്ടതു്. കാദംബരിയിലെ മഹാശ്വേതാവൃത്താന്തത്തെ ഇതിനുദാഹരണമായി ആലങ്കാരികന്മാർ നിർദ്ദേശിച്ചിരിക്കുന്നു. പുണ്ഡരീകൻ ചന്ദ്രലോകത്തേക്കു നീതനായിരിക്കേ മഹാശ്വേതയുടെ വിരഹദുഃഖം വിപ്രലംഭശബ്ദവാച്യമായിത്തീന്നിരിക്കുന്നു. ഒടുവിൽ പുണ്ഡരീകൻെറ സമാഗമവും സംഭവിക്കുന്നുണ്ടു്. അതുപോലെ ഉത്തരരാമചരിതത്തിലും സപ്തമാങ്കത്തിലെ അന്തന്നാടകത്തിൽ വീണ്ടും സീതാസമാഗമം വണ്ണിച്ചിരിക്കകൊണ്ടു് ഈ നാടകത്തിലും സമാഗമത്തിനു മുമ്പുള്ള ശോകമെല്ലാം വിപ്രലംഭ[illegible]ക്കേണ്ടതാണെന്നുവരുന്നു. അതു[illegible]ലെ പ്രധാനരസം ശുദ്ധമായ കര[illegible]ിപ്രലംഭമെന്ന ശൃംഗാരമാണെ[illegible]പ്രായപ്പെടുന്നു.

MUL
221886
UNIVERSITY LIBRARY
26 NOV 1964

എന്നാൽ സന്നിഷ്ക്കൃഷ്ടമായി ആലോചിക്കുന്നതായാൽ ഈ അഭിപ്രായം ശരിയല്ലെന്നു തെളിയുന്നതാണ്. എന്തെന്നാൽ ഉത്തരരാമചരിതത്തിലും കാദംബരിയിലെന്നപോലെ പുനസ്സമാഗമം നിബന്ധിച്ചിട്ടുണ്ടെങ്കിലും ഈ സമാഗമങ്ങൾക്കുതമ്മിൽ ഗണ്യമായ ഒരു അവസ്ഥാഭേദമുണ്ടെന്നുള്ളതു് വിസ്മർത്തവ്യമല്ല. ഈ അവസ്ഥാഭേദം ദർപ്പണശ്ലോകത്തിന്റെ വിവരണത്തിൽനിന്നും വ്യക്തമാകുന്നുണ്ടു്.

"അത്രാകാശസരസ്വതീഭാഷണാനന്തരമേവ ശൃംഗാരഃ, സംഗമപ്രത്യാശയാ രതേരുത്ഭവാൽ" എന്ന ശ്ലോകാർത്ഥത്തെ വിവരിക്കുന്ന ഗ്രന്ഥകർത്താവു് സമാഗമം സംഭവിക്കുമെന്നു് ദിവ്യവാണിയുണ്ടാകയാൽ രതി ഉൽബുദ്ധമായതിനു ശേഷമുള്ള മനോഭാവമേ ശൃംഗാരസംജ്ഞമാകുന്നുള്ളുവെന്നു സ്പഷ്ടമാക്കിയിരിക്കുന്നു. ആകാശവാണിക്കുമുമ്പുള്ള സന്ദർഭത്തിൽ കരുണംതന്നെയാണെന്നു് ദശരൂപകത്തിൽ കണ്ഠതഃ പ്രതിപാദിക്കപ്പെട്ടിട്ടുമുണ്ടു്.

"കാദംബര്യ്യാം തു പ്രഥമം കരുണഃ, ആകാശസരസ്വതീവചനാദൂർദ്ധ്വം പ്രവാസശൃംഗാര ഇതി." ഈ വിവരണത്തിൽനിന്നു് വ്യക്തമാകുന്നതെന്തെന്നാൽ, ഭാവിയായ പുനസ്സമാഗമത്തെപ്പററി അറിവും ആശയും ഉണ്ടായിരുന്നാൽ മാത്രമേ പൂർവ്വകാലികശോകം വിപ്രലംഭമാകയുള്ളു എന്നാണു്. ഉത്തരരാമചരിതത്തിലാകട്ടെ, പുനസ്സമാഗമത്തെപ്പററി യാതൊരാശംസയും നായകന്നോ നായികയ്ക്കോ ഉള്ളതായി പ്രതിപാദിച്ചി

ട്ടില്ല. നേരേമറിച്ച്, അന്തൎന്നാടകം കാണ്മാൻ ചെല്ലുന്ന നായകൻതന്നെ,

"രാജ്യാശ്രമനിവാസോപി പ്രാപ്തകാഷ്ഠമുനിവ്രതഃ
വാല്മീകിഗൌരവാദാസ്യ ഇത ഏവാഭിവൎത്തതേ"

എന്നാണ് വൎണ്ണിക്കപ്പെട്ടിട്ടുള്ളതു്. വാല്മീകിമഹൎഷിയുടെ നേരെയുള്ള ഗൌരവംകൊണ്ടുമാത്രമാണ് നായകൻ നാടകദൎശനത്തിന് മനസ്സില്ലാമനസ്സോടെ രംഗത്തിൽ പ്രവേശിക്കുന്നതു്. ആ ക്ഷണത്തിൽപോലും സീതാസമാഗമത്തിൻെറ പ്രത്യാശ രാമഹൃദയത്തിൽ അങ്കുരിച്ചിട്ടില്ല. ഇങ്ങിനെയൊരു സമാഗമം സംഭവിക്കുമെന്ന് സീതാദേവിയും പ്രതീക്ഷിച്ചിട്ടില്ല. അതുകൊണ്ടു് അവരുടെ ഹൃദയത്തിൽ പ്രത്യാശയ്ക്കു തീരെ അവകാശമില്ലാത്തതുകൊണ്ടു് പൂൎവ്വകാലികമായ ശോകം മുഴുവനും രതിസമ്മിശ്രമല്ലെന്നും കരുണസംജ്ഞാൎഹമാണെന്നും സിദ്ധിക്കുന്നു.

മൂന്നാമങ്കത്തിൻെറ അവസാനത്തിൽ നിബന്ധിച്ചിട്ടുള്ള,

"അവനിരമരസിന്ധുഃ സാൎദ്ധമസ്മദ്വിധാഭിഃ
സ ച കുലപതിരാദ്യശ്ഛന്ദസാം യഃ പ്രണേതാ
സ ച മുനിരനുയാതാരുന്ധതീകോ വസിഷ്ഠ-
സ്തവ വിതരതു ഭദ്രം ഭൂയസേ മംഗളായ"

എന്നുള്ള മംഗളാശംസകൊണ്ടു് 'എങ്ങനേയെങ്കിലും നിങ്ങൾക്കു മംഗളം ഭവിക്കട്ടെ' എന്ന് തമസാവാസന്തിമാർ പറയുന്നുവെന്നല്ലാതെ, അതും

സമാഗമത്തിന്റെ വിസ്പഷ്ടജ്ഞാപകമല്ല. സാമാജികന്മാൎക്ക് സീതാരാമചന്ദ്രന്മാരുടെ ദിവ്യത്വാവബോധമുണ്ടെങ്കിലും നാടകത്തിൽനിന്നുണ്ടാകുന്ന രസനിഷ്പത്തിയെ നിയന്ത്രിക്കുന്നതു് വിഭാവാനുഭാവാദികളുടെ ഘടനമാകകൊണ്ടു് കരുണത്തിനല്ലാതെ മറെറാന്നിനും പ്രസക്തിയില്ല. താപസവത്സരാജാദിനാടകങ്ങളിലും, യൌഗന്ധരായണാദികളുടെ നീതികൌശലജ്ഞന്മാരായ സാമാജികന്മാൎക്ക് വാസവദത്താമരണബുദ്ധിതന്നെ സംഭവിക്കായ്കയാൽ കരുണമെങ്ങനെയുണ്ടാകുമെന്നു ചോദിക്കുന്ന ലോചനകാരൻ ഈ അൎത്ഥത്തെത്തന്നെയാണു് സ്ഥാപിക്കുന്നതും. അതുകൊണ്ടു് ഉത്തരരാമചരിതത്തിലെ പ്രധാനരസം ശുദ്ധകരുണംതന്നെയാണെന്നു സിദ്ധിക്കുന്നു.

എന്നാൽ 'ഏക ഏവ ഭവേദംഗീ ശൃംഗാരോ വീര ഏവ വാ' എന്നുള്ള ലക്ഷണവാക്യത്തിന്റെ ഉല്ലംഘനം വരുന്നില്ലേ എന്നു ചോദിക്കുന്നതായാൽ അതിനും സമാധാനമുണ്ടു്. ആ ലക്ഷണവാക്യം സൂചനപരമാണെന്നു പറയാതെ നിവൃത്തിയില്ല. പ്രാധാന്യംസിദ്ധിപ്പാൻ തക്ക യോഗ്യതയുള്ള രസങ്ങളുടെ ഉപലക്ഷകമായി അതിനെ വ്യാഖ്യാനിക്കാതിരുന്നാൽ 'പ്രബോധചന്ദ്രോദയം' മുതലായ ശാന്തരസപ്രധാനമായ നാടകങ്ങൾക്കും ഈ ദോഷം ബാധിച്ചേക്കും. അതുകൊണ്ടു് ലക്ഷണവചനം മാൎഗ്ഗോപദേശകമല്ലാതെ നിയാമകമാണെന്നു പറവാൻ പാടുള്ളതല്ല.

സൎവ്വഥാ വ്യവഹൎത്തവ്യം
കുതോ ഹ്യവചനീയതാ

എന്നു പ്രസ്താവനയിൽപറയുന്ന മഹാകവി ഇത്തരം ദോഷാരോപണങ്ങളെ ഗണിക്കുന്നില്ലെന്നു സൂചിപ്പിച്ചിട്ടുമുണ്ട്. സ്വാരസികമായ രസത്തെ ലക്ഷണാനുസരണത്തിനായി വ്യാഖ്യാനിച്ചു ക്ലേശിക്കുന്നതു് സഹൃദയാസരണിയല്ലതന്നെ.

എന്നുതന്നെയല്ല, കരുണരസപ്രധാനമായ രാമായണത്തെ ആശ്രയിച്ചു് നിർമ്മിച്ചിട്ടുള്ള ഈ നാടകവും രസാംശത്തിൽക്കൂടി അതിനെ അനുകരിക്കേണമെന്നു് കവി ഉദ്ദേശിച്ചിട്ടുണ്ടാവണം. പ്രബന്ധകടാക്ഷത്തോടുകൂടി തൃതീയാങ്കത്തിൽ നിബന്ധിച്ചിട്ടുള്ള,

'ഏകോ രസഃ കരുണ ഏവ നിമിത്തഭേദാൽ
ഭിന്നഃ പൃഥക് പൃഥഗിവ ശ്രയതേ വിവർത്താൻ'

എന്ന കവിവാക്യം ഈ അഭിപ്രായത്തേ അനുകൂലിക്കുന്നതുമാണ്.

ശാകുന്തളത്തിലെ വിപ്രലംഭത്തിൽനിന്നു് വളരെ വ്യത്യസ്തമായ നിലയിലാണു് ഉത്തരരാമചരിതത്തിലെ രസം സ്ഥിതിചെയ്യുന്നതു്. ശകുന്തളയുടെ പരിത്യാഗത്തിനുശേഷം,

സ്ത്രീസംസ്ഥാനം ചാപ്സരസ്തീർത്ഥമാരാ-
ദുൽക്ഷിപ്യൈനാം ജ്യോതിരേകം ജഗാമ

എന്നു പ്രത്യക്ഷമായി വർണ്ണിച്ചിട്ടുള്ളതുകൊണ്ടു് സാധാരണന്മാർക്കുപോലും ശകുന്തളയെ മേനകകൊണ്ടുപോയിട്ടുള്ളതായി ഗ്രഹിക്കാവുന്നതാണ്. അതുനിമിത്തം അവിടെ രതി അനുവർത്തിപ്പാൻ വിരോധമില്ല. ഈ നാടകത്തിലാകട്ടേ,

'ഛത്മനാ പരിദദാമി മൃത്യവേ'

'ക്രവ്യാത്ഭിരംഗലതികാ നിയതം വിലുപ്താ'

എന്നുതുടങ്ങിയുള്ള രാമവാക്യങ്ങൾ ആത്യന്തികമായ അഭിലാഷശൂന്യതയെയാണ് വെളിവാക്കുന്നതു്. രഘുവംശത്തിൽ പ്രസ്താവിക്കുന്നതുപോലെ, വാല്മീകിയുടെ ആശ്രമപദത്തിൽ സീതയെ പരിത്യജിച്ചു പോരുവാനുള്ള നിയോഗമല്ല ഉത്തരരാമചരിതത്തിൽ കാണുന്നതു്. ഈ മാതിരിസ്ഥിതികൾ ആലോചിക്കുമ്പോൾ കരുണംതന്നെയാണ് കവിതാത്പര്യ വിഷയമെന്നു വിശദമാകുന്നുണ്ടു്. ഇത്രയും പ്രബലങ്ങളായ പ്രതികൂലയുക്തികളെ അവഗണിച്ചു്, പ്രകൃതനാടകത്തിൽ പ്രധാനരസം കരുണവിപ്രലംഭമാണെന്നു വാദിക്കുന്നവരുടെ ലക്ഷണാനുസരണവ്യസനം രസികന്മാൎക്കു് സ്വീകാൎയ്യമാണെന്നു തോന്നുന്നില്ല.

പി. എസ്സ്. അനന്തനാരായണശാസ്ത്രി

(നവപുഷ്പമാല, പേജ് 66—73)

അനുബന്ധം II

# സാഹിത്യത്തിലെ ആശയസാമ്യവും ഔചിത്യവും

മനസ്സിനെ മതിമറപ്പിക്കുന്ന സാഹിത്യം, മനുഷ്യൻെറ ജീവിതമിത്രമാണു്. അതിൻെറ സ്വരൂപം എന്തുതന്നെയായാലും ശരി, ആസ്വാദ്യത അളവററതാണു്. സാഹിത്യലോകത്തിൽ സ്വൈരസഞ്ചാരം ചെയ്യുന്ന ഒരു വിചാരശീലനു് അവിടെ പല കാഴ്ചകളും കണ്ടാനന്ദിക്കാം. പരമകാരുണികനായ പരമേശ്വരൻെറ ഭക്തശിരോമണികളെ, സൌന്ദൎയ്യവതികളായ പതിവ്രതമാരെ, ഭീമപരാക്രമന്മാരായ പരാക്രമികളെ, ഒരേ സമയത്തു് കാണണമെങ്കിൽ നാം സാഹിത്യലോകത്തിലേക്കു കണ്ണോടിച്ചാൽ മതി. ഏതാദൃശമായ ഒരു ഭാഗ്യവിശേഷം സാഹിത്യതത്വാന്വേഷികൾക്കുണ്ടെന്ന സംഗതി വിസ്മരണീയമല്ല. ഒരു വസ്തുവിൻെറ വിഭിന്നസ്വരൂപം സൌന്ദൎയ്യബോധത്തോടുകൂടി വൎണ്ണിക്കുന്ന കവികളുടെ വൎണ്ണനാചാതുൎയ്യം തുലോം സ്തുത്യൎഹമാണു്. ഒരു കാവ്യത്തിൽ കാണുന്ന വസ്തു, മററൊരു കാവ്യത്തിൽ വിഭിന്നസ്ഥിതിയെ പ്രാപിക്കുന്നതും അസാധാരണമല്ല. ഒരു വസ്തുവിൻെറ ഭിന്നസ്വരൂപം ഒരു മഹാകവിയുടെ കാവ്യങ്ങളിൽത്തന്നെ നമുക്കു് കാണുവാൻ സാധിക്കും. എന്തിനധികം പറയുന്നു?

സംസ്കൃതസാഹിത്യത്തിൽ അനശ്വരയശസ്വിക ളായി ഇന്നും പുകഴ്ത്തപ്പെടുന്ന കാളിദാസൻേറയും ശ്രീ ഹഷൻേറയും ചില കവിതാശകലങ്ങളെ പരിശോധി ച്ചുനോക്കിയാൽ അതിലുള്ള ആശയസാമ്യം നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ അതിലേതെ ങ്കിലും ഒരാളുടെ കവിതയ്ക്കു മാത്രമാണ് ഔചിത്യമധി കം കാണുക. അവരുടെ ആശയസാമ്യമുള്ള പദ്യങ്ങ ളെടുത്ത് അതിലേതിലാണധികം ഔചിത്യമുള്ളതെ ന്ന് വിചിന്തനം ചെയ്യുകയാണ് ഈ ലേഖനത്തിൻെറ ഉദ്ദേശം. കവികളുടെ വണ്ണനാവിഷയങ്ങളിൽ വായുവി ന്നും ഒരു പ്രഥമസ്ഥാനം കാണുന്നുണ്ട്. വായുവിൻെറ ഗുണം, ശൈത്യം മാന്ദ്യം സൌരഭ്യം എന്നിതുകളാണ്. കവികളുടെ വായുവണ്ണനയിൽ ശൈത്യം, മാന്ദ്യം, സൌരഭ്യം, എന്നീഗുണങ്ങളാൽ പരിപൂണ്ണമായ ഒരു വാ യുവിനെയാണ് കാണുക. കാളിദാസൻെറ കാവ്യങ്ങളി ലും ശ്രീഹഷൻെറ കാവ്യങ്ങളിലും വായുവണ്ണനയുണ്ട്. അതിലുള്ള ഔചിത്യം നമുക്കൊന്നു വിമശിച്ചുനോ ക്കാം. കാളിദാസൻെറ കുമാരസംഭവത്തിൽ,

“ഭാഗീരഥീനിർഝരശീകരാണാം
വോഢാ മുഹുഃ കമ്പിതദേവദാരുഃ
യദ്വായുരന്വിഷ്ടമൃഗൈഃ കിരാതൈ-
രാസേവ്യതേ ഭിന്നശിഖണ്ഡിബർഹഃ”

ഇപ്രകാരം വായുവിനെ വണ്ണിക്കുന്നുണ്ട്. പ്രസ്തുതപദ്യ ത്തിൽ നാം കാണുന്നതു് കിരാതന്മാർ സമീപത്തുചെ ന്ന് സേവിക്കുന്ന വായുവിനെയാണല്ലോ. വായുവി

ൻെറ വിശേഷണപദങ്ങളെക്കൊണ്ടു് അതിന്നു് ശൈത്യം, മാന്ദ്യം, സൌരഭ്യം എന്നിതുകളുണ്ടെന്നുകിട്ടുന്നു. ഇത്രയും തോന്നിക്കഴിഞ്ഞതിന്നുശേഷം മറെറാരു ആശയവുംകൂടി തോന്നുന്നുണ്ടു്. സാധുക്കളും അസാധുക്കളുമായ മൃഗങ്ങളെ വേട്ടയാടുന്ന കിരാതന്മാരെ ഏതാണ്ടു് ദുർജ്ജനങ്ങളായിട്ടാണു് കരുതിവരുന്നതു്. വായുവിനെ പ്രത്യക്ഷദൈവമാക്കിക്കരുതുന്നതും അസാധാരണമല്ല. ദുർജ്ജനങ്ങളെ ഈശ്വരനങ്ങോട്ടുചെന്നു് സേവിക്കുന്നതിൽ തെല്ലുപോലും ഔചിത്യമില്ലെന്നു് നമുക്കറിയാമല്ലൊ. ആ ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടായിരിക്കും കിരാതന്മാർ വായുവിനെ സേവിക്കുന്നുവെന്നു് കാളിദാസൻ ഇത്തരത്തിൽ വർണ്ണിച്ചതു്. പരിപാകമില്ലാത്ത മൂഢന്മാർ ഈശ്വരസേവയിൽ ഏൎപ്പെടുമ്പോഠം അവൎക്കു് കുറേശ്ശയായി മാത്രമേ സേവിക്കുവാൻ സാധിക്കുകയുള്ളുവെന്ന സംഗതിയും, "ആസേവ്യതേ" എന്ന ക്രിയാപദത്തിലെ "ആങ്" കൊണ്ടു് വ്യക്തമാക്കീട്ടുണ്ടു്. ഇദ്ദേഹം രഘുവംശത്തിൽ,

"പൃക്തസ്തുഷാരൈർഗ്ഗിരിനിർഝരാണാ-
മനോകഹാകമ്പിതപുഷ്പഗന്ധീ
തമാതപക്ലാന്തമനാതപത്ര-
മാചാരപൂതം പവനഃ സിഷേവേ"

വായുവിനെ ഇപ്രകാരം വർണ്ണിക്കുന്നുണ്ടു്. ദിലീപമഹാരാജാവു് സന്തതിയില്ലാത്തതു നിമിത്തം വസിഷ്ഠമഹർഷിയുടെ ഉപദേശമനുസരിച്ചു് നന്ദിനിയെന്ന പശുവിനെ മേയ്ക്കുവാൻ വനത്തിലേയ്ക്കു് പോയി. വെയിൽ

നിമിത്തം ശ്രാന്തനായിത്തീൎന്ന രാജാവിനെ പവനൻ സേവിച്ചു. ഇവിടെയും പവനശബ്ദത്തിന്റെ വിശേഷണങ്ങളെക്കൊണ്ടു് വായുവിന്റെ ശൈത്യമാന്ദ്യസൌരഭ്യാദികൾ പ്രതീതിവിഷയമായിത്തീരുന്നുണ്ടു്. നാം പുരാണങ്ങളിൽ, ദേവന്മാർ രാജാക്കന്മാരെ സേവിക്കുന്നതായി വൎണ്ണിച്ചുകണ്ടിട്ടുണ്ടായിരിക്കുമല്ലൊ. ആചാരപൂതനായ ആ രാജാവിനെ പവനൻ ഇവിടെ വന്നു സേവിച്ചു. ഇതിലുള്ള കാളിദാസന്റെ ഔചിത്യബോധം സഹൃദയന്മാർ ആലോചിച്ചുനോക്കേണ്ടതാണു്. മഹാകവി ശാകുന്തളത്തിൽ,

"ശക്യമരവിന്ദസുരഭിഃ
കണവാഹീ മാലിനീതരംഗാണാം
അംഗൈരനംഗതപ്തൈ-
രവിരളമാലിംഗിതും പവനഃ"

ഇപ്രകാരം വായുവിനെ വൎണ്ണിക്കുന്നു. ആലിംഗനവിഷയത്തിൽ പവനൻ ശക്യമാണെന്നു് വിരഹിയായ ദുഷ്യന്തൻ പറയുന്നതാണീപദ്യം. ഇവിടെ മുൻപറഞ്ഞ വായുവിന്റെ ഗുണങ്ങൾ നിക്ഷിപ്തമായിട്ടുണ്ടു്. ഒരു വിരഹിയായ ദുഷ്യന്തനെക്കൊണ്ടു പറയിക്കുന്ന ഈ പദ്യത്തിലെ "ആലിംഗിതും" എന്ന പദപ്രയോഗത്തിന്റെ ആസ്വാദ്യത അതിരമണീയമായ ഒന്നാണെന്നു നിസ്സംശയം പറയാം. ഏതാദൃശങ്ങളായ വൎണ്ണനങ്ങൾ കാളിദാസന്റെ കവിതകളിൽ ധാരാളമായി കണ്ടുവരുന്നുണ്ടു്.

പണ്ഡിതാഗ്രേസരനായ ശ്രീഹർഷൻെറ നൈഷധമഹാകാവ്യത്തിലും വായുവിനെക്കുറിച്ച് വർണ്ണിക്കുന്നുണ്ട്. ദമയന്തീവിരഹം നിമിത്തം വിചാരമഗ്നനായിത്തീൎന്ന നളൻ രാജധാനിയിൽ വസിക്കുവാൻ അസമൎത്ഥനായിത്തീൎന്നതുകൊണ്ട് കാട്ടിലേക്ക് പോയി. രാജാവ് കാട്ടിൽ ചെന്നതിനുശേഷം വനാനിലൻ വന്നു സേവിച്ചു എന്നു കവി വർണ്ണിക്കുന്നതു നോക്കുക.

"ലതാബലാലാസ്യകലാഗുരുസ്തരു-
പ്രസൂനഗന്ധോൽകരപശ്യതോഹരഃ
അസേവതാമും മധുഗന്ധവാരിണി
പ്രണീതലീലാപ്ലവനോ വനാനിലഃ"

പ്രസ്തുത പദ്യത്തിൽ വനാനിലൻ നളനെ വന്നു സേവിച്ചുവെന്ന് വർണ്ണിക്കുകയാണ് മഹാകവി ചെയ്തിട്ടുള്ളതു്. ശൈത്യമാന്ദ്യസൌരഭ്യാദികൾ വായുവിനുണ്ടെന്നുള്ള സംഗതി അതിൻെറ വിശേഷണപദങ്ങളെക്കൊണ്ടു വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ പദ്യത്തിലെ വാച്യാൎത്ഥം തോന്നിയതിനുശേഷം തെമ്മാടിയായ ഒരുവൻ രാജാവിനെ സേവിച്ചുവെന്നു തോന്നുന്നുണ്ട്. "ലതാബലാ" മുതലായ വിശേഷണപദങ്ങളെക്കൊണ്ട് ഒരു വിടൻ സ്ത്രീകളുടെ അടുക്കൽ ചെന്ന് നൃത്തം പഠിപ്പിക്കുവാൻ തുടങ്ങുകയും, കുറച്ചു കഴിഞ്ഞതിനുശേഷം അവൻ സ്ത്രീകളുടെ സ്വത്തുമുഴുവനും അപഹരിച്ചുകൊണ്ടുപോകുകയും, പിന്നീട് അയാൾ മദ്യാലയത്തിൽച്ചെന്നു മദ്യപാനം ചെയ്തതായും തോന്നുന്നു. അതിനുശേഷം അവൻ രാജാവിനെച്ചെന്നു സേവിച്ചു.

ഒരു തെമ്മാടിച്ചെക്കൻ രാജാവിനെ സേവിച്ചുവെന്നു പറഞ്ഞാൽ അതിൽനിന്ന് എത്രത്തോളം രാജാവിന്ന് ഒരു ഉല്ക്കർഷമുണ്ടാകുന്നുവെന്നു വായനക്കാർ ആലോചിക്കുന്നതായിരിക്കും അധികം നല്ലതു്. — ഇത്രയും പറഞ്ഞതുകൊണ്ടു് വായുവർണ്ണനയിൽ ശ്രീഹർഷൻെറ തൂലികയ്ക്കു് സാമർത്ഥ്യമില്ലെന്നല്ല, പ്രസ്തുതവിഷയത്തിൽ കാളിദാസൻെറ തൂലികയ്ക്കു് അധികം ശക്തിയുണ്ടെന്നു മാത്രമേ വിചാരിക്കേണ്ടതായിട്ടുള്ളു.

വായുവർണ്ണനയിൽ മാത്രമല്ല, ഇവരുടെ ആശയത്തിന്നു സാമ്യം കാണുന്നതു്. പല സ്ഥലങ്ങളിലും സമാനങ്ങളായ ആശയങ്ങൾ കാണുന്നുണ്ടു്. രഘുവംശത്തിൽ ലക്ഷ്മണൻ സീതയെ ഉപേക്ഷിക്കുന്ന സമയത്തിൽ ഗംഗാനദി അദ്ദേഹത്തെ തടഞ്ഞതായി കാളിദാസൻ വർണ്ണിക്കുന്നു.

"ഗുരോർന്നിയോഗാച്ച നിതാം വനാന്തേ
സാദ്ധ്വീം സുമിത്രാതനയോ വിഹാസ്യൻ
അവാര്യ്യതേവോത്ഥിതവീചിഹസ്തൈ-
ർജ്ജഹ്നോർദ്ദുഹിത്രാ സ്ഥിതയാ പുരസ്താൽ."

ഈ ശ്ലോകത്തിലും ചില സ്വാരസ്യങ്ങളുണ്ടു്. ഗംഗാനദിക്കു ലക്ഷ്മണനെ തടയാനുള്ള യോഗ്യതയുണ്ടെന്നു് "ജഹ്നോഃ ദുഹിത്രാ" എന്നുള്ള പദത്തിൽനിന്നും വ്യഞ്ജിക്കുന്നുണ്ടു്. ഒരു വിശിഷ്ടതപസ്വിയുടെ പുത്രിയാണു് ജാഹ്നവി. ആ ജാഹ്നവിയാണു് ലക്ഷ്മണനെത്തടയുന്നതു്. ലക്ഷ്മണൻ ഒരു പെണ്ണിൻെറ

മകനാണെന്നതും സുമിത്രാതനയശബ്ദംകൊണ്ടു് വ്യക്തമാക്കിക്കഴിഞ്ഞു. "ലക്ഷ്മണാ! ജ്യേഷ്ഠൻെറ കല്പനയായാലും ശരി, ആ പതിവ്രതാരത്നത്തെ ഉപേക്ഷിക്കുവാൻ തുടങ്ങിയ നീ ഒരു പെണ്ണിൻെറ മകനാണ്" എന്ന സംഗതി വായിക്കുമ്പോഠംതന്നെ അനുവാചകഹൃദയത്തിൽ പതിയാതിരിക്കുകയില്ല. തടയുന്നതോ ഒരു പുരുഷപുത്രി! ഈദൃശമായ ഔചിത്യബോധം ഇതരസാഹിത്യകാരന്മാരുടെ സാഹിത്യഗ്രന്ഥങ്ങളിൽ ദുല്ലഭമായിട്ടേ കാണുന്നുള്ളു.

അരയന്നത്തെ പിടിക്കുവാനായി നളൻ മതിൎന്ന അവസരത്തിൽ ആ വനത്തിലുള്ള സരസ്സു രാജാവിനെ തടയുന്നതായി ശ്രീഹഷൻ വണ്ണിച്ചിട്ടുണ്ടു്.

"സസംഭ്രമോൽപാതിപതൽകുലാകുലം
സരഃ പ്രപദ്യോൽകതയാനുകമ്പിതാം
തമൂമ്മിലോലൈഃ പതഗഗ്രഹാന്നൃപം
ന്യവാരയദ്വാരിരുഹൈഃ കരൈരിവ."

ഇവിടെയും സരസ്സ് വാരിരുഹങ്ങളെക്കൊണ്ടു തടഞ്ഞുവെന്നാണ് ശ്രീഹഷൻെറ വണ്ണന. പ്രസ്തുത പദ്യത്തിൽ 'സസംഭ്രമോല്പാതിപതൽകുലാകുല'മെന്ന വിശേഷണംകൊണ്ടു് ബന്ധുക്കളെല്ലാം വെടിഞ്ഞുപോയ ഒരു നിസ്സാരനാണ് സരസ്സെന്നു കിട്ടുന്നു. അത്രയുമല്ല ആ നിസ്സാരനായ സരസ്സിൻെറ കരങ്ങളെ തടയുന്നതിനുവേണ്ടി ചില ഊമ്മികളെ കല്പിക്കേണ്ടതായി വന്നു. ഒരു കാര്യത്തിനുവേണ്ടി—ദുസ്സാദ്ധ്യമായ കാര്യത്തിനു

വേണ്ടി — മറെറാരാളുടെ പ്രേരണനിമിത്തം ഒരു നിസ്സാരൻ പുറപ്പെടുന്നതിൽ എന്താണു് ഔചിത്യമുള്ളതു്? നിസ്സാരനായ ഒരുവൻ അത്തരത്തിലുള്ള കാൎയ്യങ്ങളിൽ പുറപ്പെടാറുണ്ടെങ്കിലും കവി അങ്ങിനെതന്നെ കാവ്യത്തിൽ പകൎത്തുന്നതു് ആസ്വാദ്യമായിത്തോന്നുന്നില്ല. കാളിദാസൻെറ ശ്ലോകത്തിലെ ആ ആശയത്തിനു് ഇതിനേക്കാൾ രാമണീയകത്വമുണ്ടെന്ന സംഗതിമാത്രമേ ഇവിടെ വ്യക്തമാക്കേണ്ടതായിട്ടുള്ളു.

ശ്രീഹൎഷൻെറ കാവ്യങ്ങളിൽ ആസ്വാദ്യതയില്ലെന്നു് ഇത്രയും പറഞ്ഞതുകൊണ്ടു് നിങ്ങളാരും തെററിദ്ധരിക്കരുതു്. ആശയത്തിലുള്ള ഔചിത്യം കാളിദാസകവിതകൾക്കധികമുണ്ടെങ്കിലും നിസൎഗ്ഗസുന്ദരങ്ങളായ ശബ്ദാലങ്കാരങ്ങൾ ശ്രീഹൎഷകവിതകളിലാണധികം കാണുന്നതു്. അതുകൊണ്ടു് ചില ഗുണങ്ങൾ ചില കാവ്യങ്ങളിലും മററു ചില ഗുണങ്ങൾ മററു കാവ്യങ്ങളിലും കാണുന്നുണ്ടെന്നും ഔചിത്യബോധം കാളിദാസനാണധികമെന്നും പ്രസ്താവിച്ചുകൊണ്ടു് തല്ക്കാലം അവസാനിപ്പിക്കാം.

സാഃ ശിരോമണി എൻ. എൻ. പെരുമാങ്ങോട്ടു്.

(രാജൎഷി, 1114 വൃശ്ചികം)

221886
032:xM7
H7;2
MUL
221886
UNIVERSITY LIBRARY
26 NOV 1964

13 MAY 1885